www.malankaralibrary.com

ജി. ചേടിയത്ത്

# മാർ മാറുധായുടെ കാനോനാകൾ

കോട്ടയം
1989

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ മാറൂഥായുടെ കാനോനാകൾ

**OIRSI - 128**

കോട്ടയം

1989

www.malankaralibrary.com

# ആമുഖം

ഈ കഴിഞ്ഞ വർഷങ്ങളിലായി പല സിനഡുകളുടെയും നടപടികളും കാനോനാകളും നാം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിഖ്യായിൽവച്ച് 325_ൽ ആരിയനിസത്തിനെതിരെ കൂടിയ 318 പിതാക്കന്മാരുടെ സിനഡിന്റെ വിശ്വാസപ്രമാണവും കാനോനാകളും 1980_ൽ പ്രസിദ്ധീകരിച്ചു.[1] 1987_ൽ അതു വീണ്ടും അച്ചടിച്ചു.[2] കോൺസ്റ്റാൻറിനോപ്പിളിൽ വച്ച് 381_ൽ നടന്ന സാർവത്രിക സൂനഹദോസിന്റെ നടപടികളും ഡിക്രികളും പങ്കെടുത്ത 150 പിതാക്കന്മാരുടെ പേരുകളും അതോടൊപ്പം പ്രസിദ്ധീകരിച്ചു.[3] അൻസീറാ (314), നെയോ ചെസാറിയാ (315), ഗാംഗ്രാ (325/331) എന്നിവിടങ്ങളിൽ വച്ചുനടന്ന പ്രാദേശിക സിനഡുകളുടെ കാനോനാകളും പ്രസിദ്ധീകൃതമായിട്ടുണ്ട്.[4] അന്ത്യോക്യാനഗരത്തിൽ കോൺസ്റ്റൻടൈൻ ചക്രവർത്തി (+337) പണികഴിപ്പിച്ച ബ്രഹ്മാണ്ഡദേവാലയത്തിന്റെ കൂദാശയോടനുബന്ധിച്ച് അന്ത്യോക്യയിൽവച്ച് 341_ൽ നടന്ന 97 മെത്രാന്മാരുടെ സിനഡിന്റെ ഡിക്രികളും മലയാളത്തിലായിട്ടുണ്ട്.[5] സാർദിക്കാ (342/3) ലവദീഷ്യാ (343/381), എന്നീ സിനഡുകളുടെ ഡിക്രികൾ ഈയടുത്ത കാലത്തു് പ്രസിദ്ധീകൃതമായി.[6] അപ്പസ്തോലിക കാനോനാകൾ 85 എണ്ണവും അതേ ഗ്രന്ഥത്തിൽ തന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.[7] പ്രാചീന സന്യാസനിയമങ്ങൾ ഇതിനോടകം രണ്ടു പ്രാവശ്യം മലയാളത്തിൽ അച്ചടിച്ചിട്ടുണ്ട്.[8] പാശ്ചാത്യപൗരസ്ത്യ സുറിയാനി സഭകളിൽ നിലനിന്ന സന്യാസനിയമങ്ങളാണവ. അവ അക്കാലത്തെയും പില്ക്കാലത്തെയും പല സന്യാസികളെയും സ്വാധീനിച്ചിട്ടുള്ളതാണ്. പേർഷ്യയിലെ പൗരസ്ത്യസുറിയാനി സഭയുടെ കാനോനികസമാഹാരം നമ്മുടെ നാട്ടിൽ വളരെ നേരത്തെ എത്തിയെങ്കിലും[9] ഈയടുത്ത കാലത്താണ് മലയാളത്തിൽ അതു് പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു്. ജർമ്മ

---

1. ജി. ചേടിയത്തു്, സഭാപിതാക്കൻമാർ, കോട്ടയം 1980, പേ. 198ff.
2. ജി. ചേടിയത്തു്, സഭാപിതാക്കൻമാർ-I, കോട്ടയം, 1987, പേ. 50ff.
3. *Ibid*. 106 ff.
4. ജി. ചേടിയത്തു്, ആദിമസഭാപിതാക്കൻമാർ, കോട്ടയം, 1983, പേ. 361 ff.
5. ജി. ചേടിയത്തു്, അന്ത്യോക്യൻ സഭ - ഉൽഭവവും വളർച്ചയും, കോട്ടയം, 1986, പേ. 238ff.
6. ജി. ചേടിയത്തു്, സഭാപിതാക്കൻമാർ - I, പേ. 86 ff.
7. *Ibid*. 178 ff.
8. *Ibid*. 122 ff.; *OIRSI*-43.p. 233 ff.
9. J. P. M. Van der Ploeg, *The Syriac Manuscripts of St. Thomas Christians*, Bangalore, 1983, p. 126-8; 139.

www.malankaralibrary.com



നിലും[10] ഫ്രഞ്ചിലും സുറിയാനിയിലും[11] മററും അതു പണ്ടേ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. മാർ ഇസഹാക്ക് (410), മാർ യാബാലാഹാ (420), മാർ ദാദീശോ (424) എന്നീ പൗരസ്ത്യസുറിയാനി സഭാധ്യക്ഷന്മാരുടെ നേതൃത്വത്തിലുള്ള സിനഡുകളുടെ ഡിക്രികൾ മാത്രമേ ഇതുവരെ മലയാളത്തിലായിട്ടുള്ളു.[12] കേരളത്തിലെ സീറോ_മലബാർ സഭ പുരാതനകാലം മുതൽ പൗരസ്ത്യസുറിയാനി സഭയുമായി ബന്ധം പുലർത്തിയിരുന്നെങ്കിലും അവരുടെ കാനോനിക സമാഹാരം ഒന്നും കാര്യമായി ഈ സഭയെ സ്വാധീനിച്ചിട്ടില്ല എന്നു തോന്നുന്നു. ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളുടെ സഭ ആർച്ചുഡീക്കൻെറ കീഴിൽ ഭാരതീയമായ രീതികൾ അനുവർത്തിച്ചു് മുന്നോട്ടുപോയി. പേർഷ്യൻ മെത്രാന്മാർ അവരുടെ കാനോനിക സമാഹാരങ്ങളിൽ ഭാരതത്തിലെ മാർതോമാ ക്രിസ്ത്യാനികളെപ്പററി പരാമർശിച്ചിട്ടുമില്ല. ലിററർജിക്കൽ ബന്ധമോ, ഹയരാർക്കിക്കൽ ബന്ധമോ ഒന്നും ഭാരതത്തിലെ ക്രൈസ്തവസഭയെ പേർഷ്യൻ സഭയുടെ ഭാഗമാക്കിയില്ല. എങ്കിലും മററു സഭകളുടേതെന്നപോലെ പേർഷ്യൻ സഭയുടെ കാനോനിക സമാഹാരവും പഠനവിഷയമാക്കുന്നതു് ചരിത്രവിദ്യാർത്ഥികളെ സംബന്ധിച്ചു് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ഇതിൻെറ തുടർച്ചയായിട്ടാണ് മാർ മാറൂഥായുടെ പേരിൽ അറിയപ്പെടുന്ന 73 കാനോനാകൾ പ്രസിദ്ധീകരിക്കുന്നതു്. പൗരസ്ത്യസുറിയാനിസഭയിൽ ഈ കാനോനിക സമാഹാരത്തിനു വളരെ പ്രാധാന്യം ഉണ്ടായിരുന്നു. അല്പസ്വല്പ വ്യത്യാസങ്ങളോടുകൂടെ എല്ലാ പൗരസ്ത്യസഭകളിലും ഈ കാനോനിക സമാഹാരം ഉപയോഗത്തിലുണ്ടു്. റോമാസാമ്രാജ്യത്തിലെ ആദ്യകാല സിനഡുകളൊക്കെ ഈ കാനോനാകളുടെ രൂപീകരണത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടു്. ആർതർ വൂബൂസ് തയാറാക്കിയ ഗ്രന്ഥത്തെ ആധാരമാക്കിയാണ് ഈ വിവർത്തനം തയാറാക്കിയിരിക്കുന്നതു്.[13] ഇതു് മലയാളത്തിൽ വിവർത്തനം ചെയ്യാൻ അനുവാദം തന്ന ലുവെയ്നിലെ പേറേഴ്സിനെ (Peeters) കൃതജ്ഞതാപൂർവ്വം ഓർക്കുന്നു. സഹൃദയ സമക്ഷം സന്തോഷപൂർവ്വം ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

പ്രൊഫ. ഡോ. ഗീവർഗീസ് ചേടിയത്തു്

കോട്ടയം, ജൂലൈ 16, 1989 — പൗരസ്ത്യവിദ്യാപീഠം

---

10. O. Braun, *Das Buch der Synhados Oder Synodicon Orientale*, Amsterdam, 1975 (Reprint).
11. J. B. Chabot, *Synodicon Orientale*, Paris, 1902.
12. ജി. ചേടിയത്തു്, സഭാപിതാക്കന്മാർ-2, കോട്ടയം, 1988, പേ.205ff.
13. Arthur Voobus (ed.& tr.), *The Canons Ascribed to Marutha of Maipherqat* and related Sources, Leuven, 1982, (*csco* 439/440: syr. 191/192), p. 56–115/51-95.

www.malankaralibrary.com

# മാർ മാറൂഥായുടെ കാനോനാകൾ

## ആമുഖം

പേർഷ്യയിലെ പൗരസ്ത്യ സുറിയാനി സഭയിൽ 410-ൽ മാർ ഇസഹാക്ക് കാതോലിക്കായുടെയും മാർ മാറൂഥായുടെയും നേതൃത്വത്തിൽ ഒരു സിനഡു കൂടി. മാർ മാറൂഥാ റോമൻ പ്രദേശത്തുള്ള മൈഫർക്കാട്ട് (മീഫർക്കീൻ) എന്ന രൂപതയുടെ അദ്ധ്യക്ഷനായിരുന്നു. ഈ സിനഡിൽവച്ച് പേർഷ്യൻ ക്രൈസ്തവർ നിഖ്യാവിശ്വാസപ്രമാണം (325) ഔദ്യോഗികമായി അംഗീകരിച്ചു. സഭാജീവിതത്തെ സ്പർശിക്കുന്ന 21 കാനോനാകളും അവർ പാസ്സാക്കി. ഈ സിനഡിൻെറ നടപടികളും കാനോനാകളും മുമ്പ് ഒരു ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് (ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ, വാല്യം 2*, കോട്ടയം, 1988, പേ. 205-226). അതുപോലെ മററു കാനോനാകളടങ്ങുന്ന ഒരു വാല്യത്തെപ്പററിയും ഈ സിനഡിൻെറ നടപടികൾ പരാമർശിക്കുന്നു (പേ. 210). പാശ്ചാത്യസഭ വിവിധ കാലഘട്ടങ്ങളിൽ വിവിധ സിനഡുകളിൽ പാസ്സാക്കിയ കാനോനാകളാണവ. മാർ മാറൂഥാ അവ വായിച്ചപ്പോൾ പേർഷ്യൻ പിതാക്കന്മാർ അവ അംഗീകരിച്ചു. ഈ നിയമസംഹിതയുടെ ഒരു കോപ്പി അവിടെവച്ച് പകർത്തിയെഴുതപ്പെടുകയും സിനഡിൻെറ അവസാനം മെത്രാന്മാരെല്ലാവരും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു. ഈ നിയമസംഹിതയാണ് ''മാർ മാറൂഥായുടെ കാനോനാകൾ'' എന്ന പേരിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. പാശ്ചാത്യസുറിയാനിസഭയുടെ കാനോനിക സമാഹാരത്തിൽ നിന്നെടുത്തിട്ടുള്ളതാകാം ഈ കാനോനാകൾ. അറബി, എത്യോപ്യൻ പതിപ്പുകളിലും ഈ കാനോനാകൾ കാണാം. അത്തരത്തിൽപെട്ടതാണ് ''നൈസീൻ - അറബിക് കാനോനാകൾ'' (Pseudo-Nicene Arabic Canons). ഈ സമാഹാരത്തിലെ കാനോനാകളെല്ലാം മാറൂഥാ കൊണ്ടുവന്ന വാല്യത്തിൽ ഉണ്ടായിരുന്നു എന്നു കരുതേണ്ടതില്ല. ചില കാനോനാകളെങ്കിലും പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാകാം. അതുപോലെ മാർ മാറൂഥാ തന്നെ എഴുതിയുണ്ടാക്കിയവയാണ് ഇവ എന്നു കരുതുന്നതും ശരിയായിരിക്കയില്ല. ഈ സമാഹാരത്തിൽ കാണുന്ന പല നിയമങ്ങളും മാർ അബ്ലീശോയുടെ നോമോകാനനിൽ കാണുന്നു. അതുകൊണ്ട് അടിക്കുറിപ്പുകളിൽ അവയും സൂചിപ്പിക്കുന്നു.

www.malankaralibrary.com

# മാർ മാറുഥായുടെ 73 കാനോനാകൾ

*1. പാഷണ്ഡതകളെപ്പററിയും പാഷണ്ഡരെ തിരികെ സ്വീകരിക്കുന്ന നടപടിക്രമത്തെപ്പററിയും :*

'അനുഗ്രഹത്തിൽ നിയമദാതാവും ഉൾപ്പെട്ടിരിക്കും'[1] എന്നും, 'പഠിപ്പിക്കയും പ്രവർത്തിക്കയും ചെയ്യുന്നവൻ സ്വർഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും'[2] എന്നും ദിവ്യഗ്രന്ഥങ്ങളിൽ നിന്നു ഞങ്ങൾ പഠിച്ചിരിക്കുന്നു. ഇപ്രകാരം ഏകയോഗമായി ഞങ്ങൾ ഒന്നിച്ചുകൂടിയിരിക്കുന്നതിനാൽ ഈ വിശുദ്ധ പൊതുസിനഡിന്റെ തീരുമാനം ഇപ്രകാരമാണ് : ഞങ്ങൾ ലോകത്തിനു നിയമദാതാക്കളല്ല; പിന്നെയോ, സമൂഹം മുഴുവന്റെയും പ്രബോധകരാണ്. സമൂഹം നിയമം അനുസരിക്കണം; ദിവ്യകല്പനകളിലും നിയമത്തിന്റെ ആചരണങ്ങളിലും അയഞ്ഞ മനസ്ഥിതി കാട്ടാൻ പാടില്ല. ആയതിനാൽ നിയമം അനുസരിക്കപ്പെടുന്നതിനും സ്ഥാപിക്കപ്പെടുന്നതിനും ഇന്നുവരെ സഭയിൽ ഉണ്ടായിട്ടുള്ള കലഹങ്ങളും ക്രമക്കേടുകളും ദൈവകൃപയാൽ പരിഹൃദമാകുന്നതിനുമായി ഞങ്ങൾ കുറേ കാനോനാകൾ നിശ്ചയിക്കുന്നു. പിടലികടുത്തവരും നമ്മുടെ ജനത്തിന്റെ മുൻസൂചനയുമായ യഹൂദജനതയ്ക്കു് നിരവധി നിയമങ്ങളും കല്പനകളും പ്രബോധനങ്ങളും ഉണ്ടായിരുന്നെങ്കിൽ, അലങ്കരിക്കപ്പെട്ട വധുവായ ജാതികളുടെ സഭയും ദൈവകല്പനകളുടെ സൗന്ദര്യത്തിലും മാററമില്ലാത്ത നിയമങ്ങളുടെ ശക്തിയിലും പ്രകാശിക്കുകയും പ്രകാശിപ്പിക്കപ്പെടുകയും ചെയ്യുക എത്രയോ ശരിയായിട്ടുള്ളതാണ്.

പുറജാതികളുടെ നാമങ്ങളോടുകൂടെ ക്രിസ്തീയനാമങ്ങൾ കൂട്ടിക്കലർത്താൻ പാടില്ല എന്നതു് എല്ലാററിനും മുൻപേ പൊതുസിനഡിന്റെ തീരുമാനമാണ്. പുറജാതികളും ക്രൈസ്തവരും തമ്മിൽ,

1. സങ്കീ. 84:6. (പ്ശീത്താ അനുസരിച്ച്).

2. മത്താ 5:19.

www.malankaralibrary.com



ഭവനാംഗങ്ങളും പുറത്തുള്ളവരും തമ്മിൽ, ഉള്ള വ്യത്യാസം നിലനിത്തുന്നതു് നമുക്ക യുക്തമാണ്. നാമങ്ങരം കൂട്ടിക്കഴയ്ക്കാൻ പാടില്ല. തരംതിരിവുകൂടാത്ത ചച്ചയോ, നിർവചനത്തിലെ കൂട്ടിക്കഴയ്ക്കലോ പാടില്ല. കാരണം നമ്മുടെ ഇടയിൽനിന്നു പുറപ്പെട്ടുപോയ ക്രിസ്തീയപാഷണ്ഡതകളും തെററിൻെറ ശുഷ്കമതങ്ങളും ഒന്നിച്ച് ഒരുപോലെ പരിഗണിക്കാൻ പാടില്ല. അതായതു്, പാഷണ്ഡതകരം പാഷണ്ഡതകളായും അക്രൈസ്തവമതങ്ങരം അക്രൈസ്തവമതങ്ങളായും പരിഗണിക്കപ്പെടണം. പുറജാതികളെ പുറജാതികരം എന്നു തന്നെ വിളിക്കണം.

മാമ്മോദീസാ, ആരാധന, ത്രിത്വപ്രഖ്യാപനം എന്നിവയുള്ളവരും നമ്മെപ്പോലെ പെരുന്നാളുകരം ആഘോഷിക്കുന്നവരും, എന്നാൽ ചില കാര്യങ്ങളിൽ മാത്രം നാമുമായി തർക്കം ഉള്ളവരും ഇപ്പോഴും ക്രിസ്ത്യാനികളാണ്. തർക്കങ്ങരം നിമിത്തമുള്ള പിളർപ്പുമൂലം അവരെ ''ഹെരെസിയോട്ടെസ്'' എന്നു് വിളിക്കാം.[3]

എന്നാൽ തിരുലിഖിതങ്ങരം മാററി മറിക്കുകയും തിരുനാളുകരം നീക്കുകയും, വിശ്വാസപ്രഖ്യാപനത്തിൽ മായം കലത്തുകയും ആരാധന ഉപേക്ഷിക്കുകയും സഭാനടപടിക്രമം മുഴുവൻ മാററിക്കുറിക്കുകയും മററുള്ളവരെ തങ്ങളുടെ ഹിതാനുസരണം വഴിതെററിക്കയും ചെയ്യുവരെ പാഷണ്ഡികരം എന്നോ 'ഹെരെസിയോട്ടെസ്' എന്നോ വിളിക്കാൻ പാടില്ല. തെററിൻെറ ശുഷ്കമതം എന്നേ വിളിക്കാവൂ; പുറജാതിക്കാരേപ്പോലെ പരിപൂർണമായി അവരെ പരിഗണിക്കയും വേണം.

ഇപ്പോഴോ കുറേക്കഴിഞ്ഞോ അവരിലാരെങ്കിലും നമ്മുടെ പക്കലേക്ക തിരിച്ചുവന്നാൽ – ചിലപ്പോരം ചിലർ മെത്രാന്മാർ എന്നുപോലും വിളിക്കപ്പെട്ടേക്കാം. ഒരു യൂദനെയോ ഒരു പുറജാതിക്കാരനെയോ സ്വീകരിക്കുന്നതുപോലെ അവരെ സ്വീകരിക്കണം. അവർക്കു സ്നാനവും സ്നാനമുദ്രയും നൽകണം.

സബാതിയർ, ശിമോന്യർ മാർസ്യനീത്തർ, മാനിക്കെയർ, പോരം സാമസോത്താ, ബർദയ്സാൻ, എന്നിവരുടെ അനുയായികരം, കൂക്കായേ, ബോർബോറിയന്മാർ ആദിയായവർക്കു് ഒരുതരം സ്നാനമുണ്ടെങ്കിലും, ശുഷ്കനാമത്തിലത്രേ അവർ മാമ്മോദീസാ മുക്കുന്നതു്.[4] അവർ നമ്മിലേക്കു തിരിച്ചുവരുമ്പോരം, ശുഷ്കമത

3. Heresiotes

4. വിവിധതരം അബദ്ധപ്രബോധകർ.

www.malankaralibrary.com



ങ്ങളപേക്ഷിച്ച് താഴെ നാം നൽകുന്ന കാനോനാകളനുസരിച്ച് വിശുദ്ധ കത്തോലിക്കാസഭയുടെ വിശ്വാസം പ്രഖ്യാപിച്ചാൽ മാത്രമേ അവർക്ക് യഥാർത്ഥമായ സ്ഥാനം നൽകാവൂ. തിരികെ വരുന്നത് ആരിയൻ_ എവുണോമിയൻ വിഭാഗങ്ങളിൽപെട്ടയാളാണെങ്കിൽ,[5] പ്രെസ്ബിററോ, മെത്രാനോ അയാളെ പള്ളിയിൽ നിർത്തണം; എന്നിട്ട്, വിശുദ്ധ സഭയ്ക്കെതിരെ പോരാടുന്ന ഈ പാഷണ്ഡതകളെയും, ആരിയൂസിനെയും എവുണോമിയസിനെയും ശപിക്കാൻ ആവശ്യപ്പെടണം. അതിനുശേഷം സാർവ്വത്രിക സിനഡ് മൊത്തത്തിൽ രൂപീകരിച്ച വിശ്വാസപ്രമാണം ഉച്ചത്തിൽ പ്രഖ്യാപിക്കണം.[6] അത് സന്തോഷപൂർവ്വം സ്വീകരിക്കുന്നെന്നും അതു സ്വീകരിക്കാത്തവരെയെല്ലാം ശപിക്കുന്നുവെന്നും അയാൾ പ്രഖ്യാപിക്കണം.

അപ്പോൾ വൈദികനോ മെത്രാനോ അഭിഷേകക്കൂദാശയുടെ തൈലം എടുത്ത് മൂന്നു പ്രാവശ്യം റൂശ്മ ചെയ്കയും പ്രാർത്ഥന ചൊല്ലുകയും വേണം. എന്നിട്ടേ അയാൾക്ക വിശുദ്ധരഹസ്യങ്ങളിൽ ഭാഗഭാഗിത്വം അനുവദിക്കാവൂ. അയാൾ നേരത്തെ ഒരു മെത്രാനായിരുന്നെങ്കിൽ, ഒരു പ്രെസ്ബിററായി അയാളെ സ്വീകരിക്കണം; ഒരു പ്രെസ്ബിററായിരുന്നെങ്കിൽ, ഡീക്കനായിട്ടും, ഡീക്കനായിരുന്നെങ്കിൽ സബ്ഡീക്കനായിട്ടും അയാളെ സ്വീകരിക്കണം. ചുരുക്കത്തിൽ, വൈദിക ഗണത്തിൽ പെട്ടവരെയെല്ലാം ഒരുപടി താഴെയായി സ്വീകരിക്കണം.

എന്നാൽ ''ഔദിയർ''[7], ''കത്തറി''[8], തിമോത്തിയർ''[9] എന്നിവർക്ക് സ്ഥാനമോ തൈലംകൊണ്ടുള്ള മുദ്രയോ നല്കേണ്ട. അവരുടെ

---

5. പുത്രന്റെ ദൈവത്വം നിഷേധിച്ചവർ.
6. നിഖ്യാവിശ്വാസപ്രമാണം.
7. ഔദിയൂസ് എന്ന അൽമായൻ നാലാം നൂററാണ്ടിൽ സ്ഥാപിച്ച സമൂഹം. വൈദികർ വളരെയധികം ലൗകായതികരായി എന്നു പറഞ്ഞുകൊണ്ട് കഠിനതാപസ്സുകർമ്മങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ക്രൈസ്തവ ജീവിതത്തിന് അവർ എല്ലാവരെയും നിർബന്ധിച്ചു. ദൈവത്വത്തെപ്പററി അവർ വികലവീക്ഷണങ്ങൾ വച്ചുപുലർത്തി എന്നു പറയപ്പെടുന്നു. കോൺസ്റ്റൻടൈൻ ചക്രവർത്തി (+337) അവരെ ഷീത്തിയായിലേക്കു നാടുകടത്തി. അവർ അവിടെ ഗോത്തിക്കുകാരുടെ ഇടയിൽ മിഷൻ പ്രവർത്തനം നടത്തി.
8. കത്തറോയ് - (The pure ones): നൊവേഷ്യന്റെ പിൻഗാമികൾ ഈ പേരിനാൽ അറിയപ്പെട്ടിരുന്നു. റോമിലെ എതിർ പാപ്പായായിരുന്നു നൊവേഷ്യൻ.
9. ഒരുവിഭാഗം ഏകസ്വഭാവവാദികൾ.

www.malankaralibrary.com



വൈദിക സ്ഥാനത്തിൻെറ പടി കുറയ്ക്കുകയും വേണ്ട. ഒരു പ്രാർത്ഥനയും പാപമോചനവുംവഴി അവരുടെ ക്രമത്തിൽതന്നെ അവരെ സ്വീകരിക്കാവുന്നതാണ്. അവർക്ക് നേരത്തെ ഉണ്ടായിരുന്ന ചിന്തകളിൽനിന്ന് അവർ വിട്ടുമാറണമെന്ന് അവരോട് ആവശ്യപ്പെടുകയും ഭീതി കൂടാതെ അവരെ സ്വീകരിക്കുകയും ചെയ്യാം.

ഇപ്രകാരം, ത്രിത്വത്തിലുള്ള വിശ്വാസപ്രഖ്യാപനത്തിൽ മാററം വരുത്താത്തവരും സ്നാനം നൽകുന്ന പതിവു തുടരുന്നവരും പൗരോഹിത്യക്രമം തുടരുന്നവരും വിശുദ്ധ ഗ്രന്ഥങ്ങൾ കോട്ടിമാട്ടാത്തവരും തിരുനാളുകളുടെ ക്രമങ്ങൾ മാററാത്തവരും, നമ്മെപ്പോലെ ആരാധനയും ഉപവാസവും നടത്തുകയും ചെയ്യുന്നവരുമായ പാഷണ്ഡികളിലാരെയും, നമ്മിലേക്കു വരുമ്പോൾ അയാളുടെ ക്രമത്തിൽ നിന്നു തരംതാഴ്ത്തേണ്ടതില്ല; അയാൾ തൻെറ മുൻകാല അഭിപ്രായങ്ങൾ ഉപേക്ഷിച്ചാൽ മാത്രം മതി. തെററുകൾ ചെയ്ത ഒരു കുററക്കാരനെപ്പോലെ പ്രാർത്ഥനയും പാപമോചനവുംവഴി അവനെ സ്വീകരിക്കാം. അവനെ ഒരു യൂദനെപ്പോലെയോ പുറജാതിക്കാരനെപ്പോലെയോ പരിഗണിക്കാൻ പാടില്ല; വിശ്വാസധ്വംസനം എന്ന അവസ്ഥയിലല്ല അവൻ. പിന്നെയോ, തർക്കിക്കാൻ ഒരുമ്പെട്ടു എന്ന തെറേറ അവനുള്ളു. ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതു സിനഡ് ശപിക്കുന്നു.

*2. പാത്രിയർക്കീസുമാരെപ്പററിയും മെത്രാപ്പോലീത്താമാരെപ്പററിയും കൈവയ്പിനെപ്പററിയും:*

താഴ്ന്ന പടിയിലുള്ളയാൾ മുകളിലത്തെയാളിനു കൈവയ്പു നൽകാൻ പാടില്ല. ഈ ലോകം നാലു് മൂലപദാർത്ഥങ്ങളിൽ നിന്നുണ്ടായിരിക്കുന്നു എന്ന് ജ്ഞാനികൾ പറയുന്നതുപോലെയും, ലോകത്തിനു നാലു ഭാഗങ്ങൾ ഉള്ളതുപോലെയും, പറുദീസയിലെ നാലു് നദികൾ പോലെയും നാലു സുവിശേഷകർ ഉള്ളതുപോലെയും നാലു പാത്രിയർക്കീസുമാർ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളു എന്ന് ഈ വലിയ സിനഡ് തീരുമാനിക്കുന്നു[10].

ശ്ലീഹന്മാർ അവരുടെ കാനോനാകളിൽ തീരുമാനിച്ചിരിക്കുന്നതിനാൽ ശ്ലൈഹിക കല്പനാനുസൃതം റോമായിലുള്ളയാൾ പ്രധാനിയായിരിക്കും. അദ്ദേഹത്തിനുശേഷം അലക്സാന്ത്രിയായിലെയും, അതിനുശേഷം എഫേസോസിലേയും അതിനുശേഷം അന്ത്യോക്യയിലെയും

10. അബ്ലീശോയുടെ നോമോകാനനിൽ അല്പസ്വല്പ വ്യത്യാസത്തോടെ ഈ കാനനം ഉൾപ്പെടുത്തിയിട്ടുണ്ട് (9.1).

www.malankaralibrary.com



ആളായിരിക്കും. ഈ നാലുപേരുടെ കീഴിലായിരിക്കും എല്ലാ എപ്പിസ്കോപ്പാമാരും വരുന്നത്. മെത്രോപ്പൊളീസ് എന്നു വിളിക്കപ്പെടുന്ന വലിയ നഗരങ്ങളിലെ എപ്പിസ്കോപ്പാമാർ, മെത്രാപ്പോലീത്താമാർ ആയിരിക്കും; അവർ വസിക്കുന്ന മെത്രോപ്പോലീസിലെ മെത്രാപ്പോലീത്താ ആയി അവർ അറിയപ്പെടും. തങ്ങളുടെ കീഴിലുള്ള ചെറിയ പട്ടണങ്ങളിലെ എപ്പിസ്കോപ്പാമാരുടെമേൽ അവർക്ക് അധികാരമുണ്ടായിരിക്കും. മെത്രാപ്പോലീത്തായുടെ കൈവയ്പുവഴിയാണ് എപ്പിസ്കോപ്പാമാർ വാഴിക്കപ്പെടുന്നത്.

മെത്രാപ്പോലീത്താമാരെ വാഴിക്കാൻ എപ്പിസ്കോപ്പാമാർക്ക് അധികാരമില്ല; കാരണം, അവർ മെത്രാപ്പോലീത്താമാരെക്കാൾ താഴ്ന്ന പടിയിലാണ്; മെത്രാപ്പോലീത്താമാരുടെ അധികാരത്തിനു കീഴിലാണ് എപ്പിസ്കോപ്പാമാർ; അവർക്കു കീഴ്പ്പെട്ടും വിധേയരായും എപ്പിസ്കോപ്പാമാർ വ്യാപരിക്കുന്നു. തങ്ങളെക്കാൾ കൂടിയ ആൾക്കു പട്ടം നൽകാൻ താഴ്ന്ന പടിയിലുള്ളയാളിനും, ഒററപ്പട്ടം മാത്രമുള്ളവനും സാധാരണ പട്ടം ഉള്ളവനും സാധിക്കുകയില്ല. തങ്ങൾക്കില്ലാത്ത അനുവാദം മററുള്ളവർക്കു നല്കാൻ അവർക്ക് എപ്രകാരമാണു സാധിക്കുന്നത്?

മെത്രാപ്പോലീത്താമാരെ വാഴിക്കേണ്ടതു പാത്രിയർക്കീസും, എപ്പിസ്കോപ്പാമാരെ വാഴിക്കേണ്ടതു് മെത്രാപ്പോലീത്തായുമാണ്. ഓരോരുത്തരും തൻെറ ക്രമം അനുസരിച്ചു ശുശ്രൂഷ ചെയ്യണം; തൻേറതല്ലാത്ത ക്രമത്തിൽ കടക്കാൻ ആരും തുനിയരുത്.

ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*3. കോൺസ്ററാൻറിനോപ്പിളിലേക്കു മാററപ്പെട്ട എഫേസൂസ് സിംഹാസനത്തെപ്പററിയും ഏഴാമത്തെ സിംഹാസനമായി നിശ്ചയിക്കപ്പെട്ട സെലൂഷ്യൻ സിംഹാസനത്തെപ്പററിയും:*

എഫേസൂസ് പാത്രിയാർക്കൽ സിംഹാസനം രാജ്യത്തിൻെറ തലസ്ഥാനത്തേക്കു മാററപ്പെടണം എന്നതാണ് പൊതുസിനഡിൻെറ തീരുമാനം[11]. ലൗകികതലത്തിലും ആത്മീയതലത്തിലും അതിനു ബഹുമാനം ഉണ്ടാകുന്നതിനുവേണ്ടിയാണിത്. എഫേസോസിലെ

11. അബ്ദീശോ, നോമോകാനൻ, 9.1.

www.malankaralibrary.com



മെത്രാന്നം അർഹമായ ബഹുമാനം നല്ലണം; മററൊരു സിംഹാസനം ഇതിനുപരിയായി സ്ഥാപിക്കപ്പെട്ടന്നെങ്കിലും ഇതു നിന്ദിക്കപ്പെടാൻ പാടില്ല.

വീണ്ടും, ജറുസലേമിലെ മെത്രാന്നം കൈസറിയായ്ക്കു കീഴ്പ്പെട്ടിരിക്കേണ്ടതില്ല. പിന്നെയോ, വിശുദ്ധ സ്ഥലം നിമിത്തം അതിനർഹമായ ബഹുമാനം നൽകണം.

അതുപോലെ തെസലോനിക്കാ സിംഹാസനവും – കാനോനാകളിൽ താഴെ ഞങ്ങൾ തീരുമാനിച്ചതുപോലെ അതിനും അർഹമായ ബഹുമാനം നൽകണം.

കൂടാതെ, പൗരസ്ത്യദേശത്തുള്ള സെലൂഷ്യാ സിംഹാസനത്തിന് ഇപ്പോൾ മുതൽ എന്നേക്കും പാത്രിയർക്കീസിനെപ്പോലെ മെത്രാപ്പോലീത്താമാരെ വാഴിക്കാൻ അനുവാദം ഉണ്ടായിരിക്കും. പൗരസ്ത്യ പാത്രിയക്കീസിന്റെ പക്കലേക്കുള്ള – അതായത്, റോമൻ പ്രദേശത്തിലെ സിറിയായുടെ അന്ത്യോക്യയിലേക്കുള്ള – പോക്കുവരവുകൾ പരിഗണിച്ചാണിത്. അവിടെയുള്ള ക്രിസ്തീയ സഹോദരന്മാർക്കെതിരായി പുറജാതികൾ കരമുയർത്താനുള്ള കാരണം ഇല്ലാതാകുവാനും അവർക്കെതിരെ ഒരു മതപീഡനം ആരംഭിക്കാതിരിക്കാനുമാണിത്.

പൗരസ്ത്യം മുഴുവൻ തന്നിൽനിന്ന് എടുക്കപ്പെട്ടതിൽ വിഷമിക്കാൻ ഒന്നുമില്ലെന്ന് മെത്രാന്മാരുടെ സമൂഹം അന്ത്യോക്യാ പാത്രിയർക്കീസിനെ ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹവും അതിനു സമ്മതം നൽകി. പേർഷ്യാ രാജ്യത്തുള്ള നമ്മുടെ ക്രിസ്തീയസഹോദരന്മാരെപ്രതിയാണ് ഞങ്ങളിതു ചെയ്തത്. പുറജാതികളുടെ കൈകളാൽ അവർ വെറുതെ കൊല്ലപ്പെടുവാൻ ഇടയാകാതിരിക്കട്ടെ.

റോമൻ പ്രദേശത്ത് ഏതെങ്കിലും കാര്യത്തിന് ഒരു സിനഡുകൂടുമ്പോൾ, അവിടെ സെലൂഷ്യാമെത്രാൻ സന്നിഹിതനായിരുന്നാൽ, ഇരിക്കുന്നക്രമത്തിൽ, റോമൻ സാമ്രാജ്യത്തിലെ മററു മെത്രാപ്പോലീത്താമാരെക്കാൾ, അദ്ദേഹത്തിനു പ്രത്യേക ബഹുമാനം ഉണ്ടായിരിക്കണം. പൗരസ്ത്യദേശത്ത് പാത്രിയക്കീസിന്റെ സ്ഥാനം അദ്ദേഹത്തിനു നല്കപ്പെട്ടിരിക്കുന്നതിനാലാണിത്. അദ്ദേഹം ഏഴാം സ്ഥാനത്തിരിക്കണം; ജറുസലേം മെത്രാനുശേഷമായിരിക്കും അദ്ദേഹത്തിന്റെ ഇരിപ്പിടം.

ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

www.malankaralibrary.com



*4. പൗരസ്ത്യദേശത്ത് ഒരു പൊതു സിനഡു വിളിച്ചു കൂട്ടുവാൻ പാടില്ല എന്നതിനെക്കുറിച്ച്:*

പൗരസ്ത്യദേശത്തു് അതായതു്, പേർഷ്യാക്കാരുടെ നാട്ടിൽ, ഒരു പൊതുസിനഡ് വിളിച്ചുകൂട്ടാൻ അനുവാദം നൽകാൻ പാടില്ല എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം. പാത്രിയർക്കീസിൻെറ അനുവാദം കൂടാതെ, കാനോനാകം നിർമ്മിക്കാൻ അവക്ക് അവകാശമില്ല; പിന്നെയോ തലവന്മാരുടെ പാരമ്പര്യങ്ങൾക്ക് അവർ വിധേയരായിരിക്കണം. അവരുടെ സുസ്ഥിതിക്കുവേണ്ടി അനുവാദം നൽകപ്പെട്ടിരിക്കുന്നെങ്കിലും, സഭാകാര്യങ്ങളിൽ തങ്ങളുടെ സ്വന്ത അധികാരത്തിൽ കെട്ടുവാനും അഴിക്കാനും, കൂട്ടിച്ചേർക്കാനും നീക്കിക്കളയാനും അവക്ക് അതുവഴി അനുവാദമില്ല. എല്ലാ കാര്യങ്ങളിലും അവർ മെത്രാന്മാരുടെ സമൂഹത്തിനും കത്തോലിക്കാസഭയ്ക്കും കീഴ്പ്പെട്ടിരിക്കണം.

ഈ കാനോനാകം ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*5. കൂശായേയിലെയും[12] സെലൂഷ്യായിലെയും[13] മെത്രാൻമാരെക്കുറിച്ച്: തങ്ങളുടെ മുകളിൽ ഉള്ള ആളിൽനിന്ന് അവർ കൈവയ്പു സ്വീകരിക്കണം എന്നതിനെക്കുറിച്ച്:*

തങ്ങളുടെ ഇടയിൽ നിന്നുള്ളവനും തങ്ങൾ പരിശീലിപ്പിച്ചവനുമായ വ്യക്തിക്ക് മെത്രാൻപട്ടം നൽകാൻ കൂശായേക്കാക്ക് അനുവാദമില്ല എന്ന് ഈ പൊതു സിനഡ് തീരുമാനിക്കുന്നു. പിന്നെയോ അലക്സാണ്ഡ്രിയാ പാത്രിയർക്കീസിൻെറ കീഴിലുള്ളവനും അവരുടെ കീഴിൽ പരിശീലനം സിദ്ധിച്ചവനുമായ വ്യക്തിയായിരിക്കണം അവരുടെ അധ്യക്ഷൻ.

അദ്ദേഹം സഭാധ്യക്ഷനായി കഴിയുമ്പോൾ, പാത്രിയർക്കീസുമാർക്കുള്ളതുപോലെ മെത്രാപ്പോലീത്താമാരെ വാഴിക്കാൻ അവകാശമില്ല. വ്യക്തിപരമായ നിലയിലും ബഹുമാനസൂചകമായും അദ്ദേഹത്തിന് അനുവാദം നൽകാം. വാസ്തവത്തിൽ അദ്ദേഹം പാത്രിയർക്കീസല്ല.

---

12. എത്യോപ്യ: ഈയടുത്തകാലംവരെ എത്യോപ്യൻ മെത്രാന്മാർ ഈജിപ്തിൽനിന്നുള്ളവരായിരുന്നു.

13. പേർഷ്യൻ സാമ്രാജ്യത്തിൽ: അവരെപ്പററി കാനനിൽ വിശദമായി പറയുന്നില്ല.

www.malankaralibrary.com



റോമൻ സാമ്രാജ്യത്തിലെ മെത്രാന്മാരുടെ സിനഡിൽ അദ്ദേഹം സംബന്ധിക്കുമ്പോൾ അദ്ദേഹത്തിൻേറതു് സെലൂഷ്യായ്ക്കുശേഷം എട്ടാം ഇരിപ്പിടം ആയിരിക്കും.

തൻെറ കീഴിലുള്ള മെത്രാന്മാരിൽനിന്നു് അദ്ദേഹം കൈവയ്പു സ്വീകരിക്കാൻ പാടില്ല എന്നും സിനഡ് തീരുമാനിക്കുന്നു. അദ്ദേഹത്തിനു മെത്രാന്മാരെ വാഴിക്കാം; എന്നാൽ അവർ വഴി അദ്ദേഹത്തിനു നേതൃസ്ഥാനത്തെത്താൻ സാധ്യമല്ല. ഈ കാനൻെറ ആരംഭത്തിൽ ഞങ്ങൾ തീരുമാനിച്ചതുപോലെ, അലക്സാന്ത്രിയാ മെത്രാൻ വഴി അദ്ദേഹം അപ്രകാരം ആയിത്തീരട്ടെ. ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*6. അത്യാവശ്യം പരിഗണിച്ച് സൈപ്രസിലെ മെത്രാപ്പോലീത്തായെ അദ്ദേഹത്തിൻെറ കീഴിലുള്ളവർക്കു വാഴിക്കാം എന്നതു സംബന്ധിച്ച്:*

സൈപ്രസ് ദ്വീപിലെ മെത്രാപ്പോലീത്താ വർഷകാലത്തു മരിച്ചാൽ, അന്ത്യോക്യയിലേയ്ക്കു പോയി പട്ടം വാങ്ങാൻ അത്ഥിക്കു സാധിക്കാതെ വന്നാൽ, പാത്രിയർക്കീസിനു സമാധാനക്കത്തുകളയച്ചു് അനുവാദം വാങ്ങിയാൽ മതി എന്നതാണ് പൊതുസിനഡിൻെറ ഹിതം. പാത്രിയർക്കീസ് അനുവാദം നൽകുവാൻ മടി കാണിക്കയുമരുതെന്നു് സിനഡ് തീരുമാനിക്കുന്നു.

പാത്രിയർക്കീസിൻെറ അനുവാദത്തോടും അധികാരത്തോടും കൂടെ, സൈപ്രസിലെ പതിമൂന്നു് മെത്രാന്മാർ ഒന്നിച്ചുകൂടി തങ്ങൾക്കായി ഒരു മെത്രാപ്പോലീത്തായെ വാഴിക്കണം. തലസ്ഥാനനഗരിയിലെ മെത്രാൻ വർഷകാലത്തിൻെറ ആരംഭത്തിൽ മരിക്കയും പ്രധാന പട്ടണത്തിൽ അധ്യക്ഷനില്ലാതിരിക്കയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്താണ് ഈ കാനോനാകൾ പാസ്സാക്കിയിട്ടുള്ളതു്. മറെറാരു മെത്രാൻകൂടി മരിക്കയും, മെത്രാപ്പോലീത്താ ഇല്ലാത്തതിനാൽ അവിടെയും പിൻഗാമിയെ വാഴിക്കാൻ സാധിക്കാതെ വരികയും ചെയ്യാതിരിക്കാനാണിതു്. മത്സരത്തിനുള്ള വാതിൽ തുറന്നുതരികയല്ല. പിന്നെയോ, എല്ലാം ക്രമമായി നടക്കുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇപ്രകാരം ചെയ്യുന്നതു്. ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

www.malankaralibrary.com



*7. ആണ്ടിലൊരിക്കൽ മെത്രാപ്പോലീത്താമാർ പാത്രിയർക്കീസിന്റെ പക്കൽ ഒന്നിച്ചുകൂടുന്നതിനെയും പാത്രിയർക്കീസിന് അവർ നൽകേണ്ട 'വാലീതാ'യെയും കുറിച്ച്:*[14]

വർഷത്തിലൊരിക്കൽ[15] മെത്രാപ്പോലീത്താമാർ പാത്രിയർക്കീസിന്റെ പക്കൽ ഒന്നിച്ചുകൂടണം എന്നതാണ് സിനഡിന്റെ ഹിതം[16]. പട്ടണങ്ങളിലെയും ഗ്രാമങ്ങളിലെയും എല്ലാ പ്രശ്നങ്ങളും സംഗതികളും സിനഡിന്റെ ചർച്ചയ്ക്കു വിധേയമാക്കി വസ്തുനിഷ്ഠമായ തീരുമാനമെടുക്കാൻ ഇതു സഹായിക്കും. ഇസ്രായേലിലെ എഴുപതു ന്യായാധിപന്മാർക്ക് പരിഹരിക്കപ്പെടാൻ വയ്യാത്ത പ്രശ്നങ്ങൾ മോശ കൈകാര്യം ചെയ്തതുപോലെ മെത്രാന്മാരും പ്രവർത്തിക്കണം.[17]

പാത്രിയർക്കീസിന്റെ അധികാരത്തിൻ കീഴിലുള്ള ചെറുതും വലുതുമായ പട്ടണങ്ങൾക്കെല്ലാം ഓരോന്നിന്റെയും കഴിവനുസരിച്ചുള്ള തുക[18] നിശ്ചയിക്കണം. അതു് പാത്രിയർക്കീസിനു് കൊടുക്കുകയും വേണം. ശാപം കൂടാതെയാണ് ഈ കാനൻ പാസാക്കിയിട്ടുള്ളതു്.

*8. എപ്പിസ്കോപ്പാമാർക്കും മെത്രാപ്പോലീത്താമാർക്കും മറ്റുള്ളവരുടെ രൂപതകളിൽ അധികാരമില്ല എന്നതിനെക്കുറിച്ച്:*

തങ്ങളുടെ സഹപ്രവർത്തകരുടെ രൂപതകളിൽ പൗരോഹിത്യത്തിനുള്ള കൈവയ്പ്പ നടത്താൻ മെത്രാന്മാർക്കനുവാദമില്ല എന്നതാണ് സിനഡിന്റെ ഹിതം.[19]

---

14. വാലീതാ = offerings; gifts. പാത്രിയർക്കീസിനു കൊടുക്കേണ്ട റീശീസാ; അദ്ദേഹത്തിനു് അർഹമായ വിഹിതം. പാത്രിയർക്കീസിന്റെ ചെലവിനുവേണ്ട പണം രൂപതകൾ കൊടുത്തിരുന്നു. അതേപ്പററിയാണ് ചർച്ച.

15. ഇസഹാക്കിന്റെ സിനഡ് (കാനൻ 6) (410) രണ്ടുവർഷത്തിലൊരിക്കൽ എന്നു നിശ്ചയിച്ചു: ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, II, പേ. 214.

16. അബ്ദീശോ, നോമോകാനൻ, 8.19.

17. പുറ. 18:21ff.

18. ബൂർക്സാ = a gift; a present; a blessing.

19. അബ്ദീശോ, നോമോകാനൻ, 8:17.

www.malankaralibrary.com



സ്ഥലത്തെ മെത്രാനെ കൂടാതെ സഭാസംബന്ധമായ സംഗതികളൊന്നും ആരും ക്രമീകരിച്ചുകൂടാ. ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*9. പാത്രിയർക്കീസിന് എല്ലാ സംഗതികളുടെ മേലും അധികാരം ഉണ്ട് എന്നതിനെക്കുറിച്ച്:*

മെത്രാപ്പോലീത്തായുടെയോ എപ്പിസ്കോപ്പായുടെയോ അധീനതയിലുള്ള ഏതെങ്കിലും കാര്യം ശരിയായി നടക്കാത്തപ്പോൾ അധികാരപൂർവം അതിലിടപെട്ട് സംഗതികൾ ക്രമീകരിക്കാൻ പാത്രിയർക്കീസിനു് അധികാരമുണ്ടെന്നു് ഈ പൊതുസിനഡ് തീർപ്പു കല്പിക്കുന്നു.[20] കാരണം, മെത്രാൻ സമൂഹത്തിൻെറ പിതാവാണു പാത്രിയർക്കീസ്; മെത്രാന്മാരെല്ലാം അദ്ദേഹത്തിൻെറ മക്കളാണ്. സഹോദരന്മാരുടെയിടയിൽ സംഗതികൾ ക്രമീകരിക്കുന്ന മൂത്ത സഹോദരൻെറ സ്ഥാനമാണ് മെത്രാപ്പോലീത്തായ്ക്കുള്ളതു്; എന്നാൽ തൻെറ മക്കളുടെ മേൽ അധികാരമുള്ള പിതാവിൻെറ സ്ഥാനമാണ് പാത്രിയർക്കീസിനുള്ളതു്.

തൻെറ അധികാരത്തിൻ കീഴുള്ള പ്രോവിൻസുകളിലെ എല്ലാ കാര്യങ്ങളും തൻെറ ഇഷ്ടാനുസരണം ശരിയായി ക്രമീകരിക്കുക പാത്രിയർക്കീസിനു നിയമാനുസൃതമായിരിക്കുന്നതുപോലെയാണ് പാത്രിയർക്കീസുമാരുടെ മേൽ റോമിലെ ആളിൻെറ അധികാരം. കാരണം, ഭാഗ്യവാനായ പത്രോസ് സംഘം മുഴുവൻെറയും മീതെ ആയിരിക്കുന്നതുപോലെ റോമിലുള്ളയാൾ സഭ മുഴുവനിലും പത്രോസിൻെറ സ്ഥാനം വഹിക്കുന്നു.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*10. വർഷത്തിൽ രണ്ടുപ്രാവശ്യം എപ്പിസ്കോപ്പാമാർ മെത്രാപ്പോലീത്തായുടെ പക്കൽ ഒന്നിച്ചു കൂടണം എന്നതിനെക്കുറിച്ച്:*

പെറിയ പട്ടണങ്ങളിലെ എപ്പിസ്കോപ്പാമാർ തങ്ങളുടെ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ ആണ്ടിൽ രണ്ടുപ്രാവശ്യം ഒന്നിച്ചുകൂടണം എന്നതാണ് സിനഡിൻെറ ഇംഗിതം.[21]

---

20. *Ibid.* 9.5.

21. മാർ ഇസഹാക്കിൻെറ സിനഡ്, കാനൻ, 6: മുകളിൽ നമ്പർ 16 കാണുക.

www.malankaralibrary.com



അപ്പോശം മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ എപ്പിസ്കോപ്പാമാരോടുകൂടി ഒരു സിനഡു കൂടണം.

എല്ലാ സംഗതികളും പരിശോധനാവിധേയമാക്കണം; എല്ലാററിനെപ്പററിയും അവിടെ വച്ചു ശരിയായി തീർപ്പു കല്പിക്കണം. നമ്മുടെ പൗരോഹിത്യശുശ്രൂഷയിൽ നമുക്ക് ആത്മവിശ്വാസം ഉണ്ടാകുന്നതിനും നിത്യസംഗതികളുടെമേൽ നശ്വരമായവ കളങ്കം ചാർത്താതിരിക്കാനുമാണിത്.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*11. ക്ഷണിച്ചിട്ടുവരാത്തവരെ സ്ഥാനഭ്രഷ്ടരാക്കുന്നതിനെപ്പററി:*

ആരോപണവിധേയരായ വൈദിക സ്ഥാനികൾക്ക് സിനഡിന്റെ മുൻപാകെ തങ്ങളുടെ നിലപാടു വിശദീകരിക്കാൻ രണ്ട് അവസരങ്ങശം നൽകപ്പെട്ടപ്പോശം രണ്ടു പ്രാവശ്യവും അതു നിഷേധിച്ച് വരാതിരുന്നാൽ അവരെ സമൂഹത്തിൽ നിന്നു പുറന്തള്ളണം. അവർ സമൂഹത്തെ അവഹേളിക്കുകയും അതിനെ ബഹുമാന്യമായി കരുതുകയും ചെയ്യാത്തതുകൊണ്ടാണിത്. വൈദികസ്ഥാനത്തു നിന്ന് അവരെ പുറന്തള്ളണം. ഇതാണ് പൊതുസിനഡിന്റെ തീരുമാനം.[22]

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*12. കുററക്കാരെ ശിക്ഷിക്കാൻ ആവശ്യപ്പെടാത്തവരെ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനാക്കുന്നത് ന്യായമാണ് എന്നത് സംബന്ധിച്ച്:*

മററു തെളിവൊന്നും ആവശ്യമില്ലാതെതന്നെ തെററ് സ്പഷ്ടമായിരിക്കെ, എന്തെങ്കിലും ഗൗരവമേറിയ കുററം ചെയ്ത എപ്പിസ്കോപ്പായോടോ പ്രെസ്ബിററോടോ മുഖസ്തുതികൊണ്ടോ കൈക്കൂലി കൊണ്ടോ സ്ഥാനമഹിമകൊണ്ടോ അവരുടെ മേലധികാരി ക്ഷമിക്കയും അവരെ വിധിച്ച് തെററിനു തക്ക ശിക്ഷ നൽകാതിരിക്കയും ചെയ്താൽ ഈ കാര്യം പാത്രിയർക്കീസ് അറിയുമ്പോശം, പൗരോഹിത്യത്തിൽ നിന്ന് ഇത്തരം അധികാരികളെ സ്ഥാനഭ്രഷ്ടരാക്കണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.[23]

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

---

22. അബ്ദീശോ, നോമോകാനൻ, 18.19.
23. *Ibid*. 8.20.

www.malankaralibrary.com



*13. പാത്രിയർക്കീസിനെ കൂടാതെ മെത്രാപ്പോലീത്തായോ എപ്പിസ്കോപ്പായോ തനിയെ ആരെയും സ്ഥാനഭ്രഷ്ടനാക്കരുത് എന്നതു സംബന്ധിച്ച്:*

തന്റെ അധികാര പരിധിയിലുള്ള ഏതെങ്കിലും എപ്പിസ്കോപ്പാ എന്തെങ്കിലും ഗൗരവമായ തെറ്റു ചെയ്താൽ മെത്രാപ്പോലീത്താ തന്റെ മററു മെത്രാന്മാരോടുകൂടി അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുന്നതു് നിയമാനുസൃതമല്ല എന്നു് പൊതുസിനഡു് തീരുമാനിക്കുന്നു.[24]

പാത്രിയർക്കീസിന്റെ ഒപ്പുകൂടാതെ മെത്രാനെ സ്ഥാനഭ്രഷ്ടനാക്കിയാൽ അതു് സ്വീകാര്യമല്ല. എന്നാൽ അയാളനുതപിച്ചാൽ പാത്രിയർക്കീസിന്റെ അനുവാദം കൂടാതെതന്നെ അയാളെ തിരികെയെടുക്കാം. ഇവ ലംഘിക്കുന്നവനെ പൊതുസിനഡു ശപിക്കുന്നു.

*14. മെത്രാപ്പോലീത്താമാർക്കു പാത്രിയർക്കീസിനെ മുടക്കാൻ അധികാരമില്ല എന്നതിനെക്കുറിച്ച്:*

തന്റെ സഹപ്രവർത്തകരായ മററു് പാത്രിയർക്കീസുമാരുടെ ഒപ്പുകൂടാതെ പാത്രിയർക്കീസിനെ മുടക്കാൻ അദ്ദേഹത്തിന്റെ കീഴിലുള്ള മെത്രാപ്പോലീത്താമാർക്കു് സിനഡ് അനുവാദം നൽകുന്നില്ല. അത്തരം അനുവാദം പാത്രിയർക്കീസുമാർക്കു മാത്രമാണുള്ളതു്.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*15. ആരെങ്കിലും ചെയ്ത ശാപം പാത്രിയർക്കീസ് നീക്കുന്നത് അനുവദനീയമല്ല എന്നതു സംബന്ധിച്ച്:*

ഏതെങ്കിലും പ്രെസ്ബിററരോ എപ്പിസ്കോപ്പായോ ചെയ്ത മുടക്കോ ബന്ധനമോ, ബന്ധിച്ച പ്രെസ്ബിററർ ജീവിച്ചിരിക്കെ സഹപ്രവർത്തകനായ മറെറാരു പ്രെസ്ബിററർ അഴിക്കുന്നതു് അനുവദനീയമല്ല എന്നതാണ് പൊതുസിനഡിന്റെ തീരുമാനം.

അതുപോലെ ബന്ധിച്ച എപ്പിസ്കോപ്പാ ജീവിച്ചിരിക്കെ അദ്ദേഹം ചെയ്ത ബന്ധനം അഴിക്കുന്നതു് സഹപ്രവർത്തകനായ മറെറാരു എപ്പിസ്ക്കോപ്പായ്ക്കു് അനുവദനീയമല്ല. അദ്ദേഹം മരിച്ചു കഴിഞ്ഞാൽ അനുവദനീയമാണ്.

24. *Ibid.* 8.22.

www.malankaralibrary.com



അതുപോലെതന്നെയാണ് മെത്രാപ്പോലീത്താസ്സും പാത്രിയർക്കീസിനും.

നിയമാനുസൃതം ബന്ധിച്ചയാരം ജീവിച്ചിരിക്കെ ഒരു പ്രെസ്ബിററിൻെറ ബന്ധനം അഴിക്കാൻ മററു് എപ്പിസ്ക്കോപ്പാമാക്കോ മെത്രാപ്പോലീത്താമാക്കോ അനുവാദമില്ല.

എന്നാൽ പാത്രിയർക്കീസിനു് നിയമാനുസൃതമാണ്. ഭവന നാഥനെന്നനിലയിൽ അദ്ദേഹത്തിനുമാത്രമേ സിനഡ് ഈ അനുവാദം നൽകിയിട്ടുള്ളു. ശാപം കൂടാതെയാണ് ഇവ നിശ്ചയിച്ചിട്ടുള്ളതു്.

*16. ശരിയായ രീതിയിൽ ഒരാൾ മെത്രാനാകുന്ന വിധത്തെപ്പററി:*

ഏതെങ്കിലും മെത്രാൻ ജീവിച്ചിരിക്കുമ്പോഠംതന്നെ മറെറാരാളെ തൻെറ പിൻഗാമിയായി വാഴിക്കാൻ അനുവാദമില്ല എന്നതാണ് പൊതുസിനഡിൻെറ താല്പര്യം[25].

ഞങ്ങളുടെ ഇടയിലെ നാട്ടുനടപ്പനുസരിച്ച് പ്രമാണികളിൽ നിന്നോ ധനവാന്മാരിൽനിന്നോ ഒരാളെ പട്ടണത്തിലെ പൗരന്മാർ മെത്രാനായി തിരഞ്ഞെടുക്കാനും പാടില്ല. എന്നാൽ ഒരു മെത്രാൻ മരിക്കുമ്പോഠം വൈദികരുടെയോ, സന്യാസികളുടെയോ, അൽമായരുടെയോ ഇടയിൽനിന്നു് പണ്ഡിതനും സൽസ്വഭാവിയും ആയ ഒരാളെ തിരഞ്ഞെടുത്തു് സ്ഥലത്തെ മെത്രാനാക്കണം. അയാഠം ആ സ്ഥലവാസിയല്ലെങ്കിലും തിരഞ്ഞെടുക്കപ്പെടണം; കാരണം, സഭയിൽ പരദേശികളില്ലല്ലോ! യോഗ്യനായ വ്യക്തിയാണെങ്കിൽ, ധനവാന്മാരേയും കാനൻ നിരസിക്കുന്നില്ല.

ഈ കാനോനാകഠം ശാപംകൂടാതെ ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

*17. പണം കൊടുത്തു വൈദികസ്ഥാനം കരസ്ഥമാക്കിയവരെ സ്ഥാനഭ്രഷ്ടരാക്കുന്നതു സംബന്ധിച്ച്:*

കൈക്കൂലി കൊടുത്തു് മെത്രാനോ, വൈദികനോ, ഡീക്കനോ ആകുന്നതു് അനുവദനീയമല്ല എന്നതാണ് പൊതുസിനഡിൻെറ നിശ്ചയം[26]. എന്നാൽ ഇപ്രകാരം ആരെങ്കിലും ചെയ്താൽ കൊടു

25. *Ibid.* 8.4.
26. *Ibid.* 8.6.

www.malankaralibrary.com



ത്തവനെയും വാങ്ങിയവനെയും വൈദികസ്ഥാനത്തു നിന്നു് നീക്കണം.

ഈ കാനൻ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*18. ഒരേ പട്ടണത്തിൽ രണ്ടു് എപ്പിസ്കോപ്പാമാരും ഒരേ ഗ്രാമത്തിൽ രണ്ടു് പ്രെസ്ബിററർമാരും ഉണ്ടായിരിക്കാൻ പാടില്ല എന്നതിനെ സംബന്ധിച്ച്:*

ഒരേ പട്ടണത്തിൽ രണ്ടു് എപ്പിസ്കോപ്പാമാരും ഒരേ ഗ്രാമത്തിൽ രണ്ടു് പ്രെസ്ബിററർമാരും ഉണ്ടായിരിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ നിശ്ചയം.

രണ്ടുപേർ ഉണ്ടായിരിക്കത്തക്കവിധം ഗ്രാമം വലുതാണെങ്കിൽ ആവശ്യമുള്ളത്ര ഡീക്കന്മാരെ നിയമിക്കണം. പ്രെസ്ബിററും മെത്രാനും മാത്രം ബലിപീഠത്തിലെ ശുശ്രൂഷ നിർവഹിക്കണം.

എന്നാൽ പട്ടണത്തിലെയോ ഗ്രാമത്തിലെയോ സഭയിൽ കലഹവും പിണക്കവും പിളർപ്പും ഉണ്ടായി മറെറാരു മെത്രാനെയോ മറെറാരു പ്രെസ്ബിററെറയോ വാഴിച്ചാൽ ഈ പ്രശ്നത്തെക്കുറിച്ച് സമൂഹം തീർപ്പു കല്പിക്കട്ടെ. സമൂഹത്തിനു് ആരോപണം ഒന്നുമില്ലെങ്കിൽ പിൻഗാമി തന്റെ സ്ഥാനത്തുനിന്നു് മദ്ബഹായിൽ ശുശ്രൂഷ ചെയ്യട്ടെ.

എന്നാൽ പിൻഗാമിയെ സംബന്ധിച്ച് എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ, അയാളെ നീക്കി, കലഹത്തിനതീതനായ ഒരാളെ അയാളുടെ സ്ഥാനത്തു നിയമിക്കണം; അയാൾ ശുശ്രൂഷ ചെയ്യട്ടെ. ചുരുക്കത്തിൽ, മറെറയാൾ – പ്രെസ്ബിററരോ, എപ്പിസ്കോപ്പായോ ആയിക്കൊള്ളട്ടെ – അയാളുടെ പെരുമാററം സംബന്ധിച്ച് നല്ല സാക്ഷ്യം ഉണ്ടെങ്കിലും, നിയമം ലംഘിച്ചതിനാൽ, പൗരോഹിത്യത്തിൽ ശുശ്രൂഷ ചെയ്യാൻ അയാൾക്കധികാരമില്ല. ലൗകികദൃഷ്ട്യാ നോക്കിയാലും, മറെറാരു ഭർത്താവുള്ള സ്ത്രീയെ നിയമാനുസൃതം തന്റെ ഭാര്യയാക്കാൻ ഒരു മനുഷ്യനും അനുവാദമില്ല. മരണം വഴിയോ, വിവാഹമോചനം വഴിയോ ഭർത്താവിൽനിന്നു് ആദ്യമേ സ്വാതന്ത്ര്യം പ്രാപിച്ചാലെ അവളെ സ്വീകരിക്കാൻ പാടുള്ളു. അപ്പോൾ അവളെ സ്വീകരിക്കുന്നവൻ കുററമററവനായിരിക്കും. സഭയിലും ഇതു നിയമാനുസൃതമാണ്.

മറെറാരാളുടെ സ്ഥാനത്തു കടന്നാക്രമണം നടത്തി അയാളുടെ ശുശ്രൂഷ കവർച്ച ചെയ്യാൻ മുതിരുന്നതു് നിയമാനുസൃതമല്ല.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

www.malankaralibrary.com



*19. അന്യായപലിശയും അമിതലാഭവും സംബന്ധിച്ച്:*

തങ്ങളുടെ പണം അന്യായപലിശയ്ക്കോ അമിതലാഭത്തിനോ, മററെന്തെങ്കിലും നേട്ടത്തിനോ നൽകാൻ വൈദികസ്ഥാനീയരായ ആർക്കും അനുവാദമില്ല.

അതുപോലെ അവർക്കു യഹൂദരുമായി കൂട്ടുകെട്ടോ സംസർഗ്ഗമോ പാടില്ല. ഭാഗ്യവാന്മാരായ ശ്ലീഹന്മാരിൽനിന്നു ഞങ്ങൾക്കു ലഭിച്ചിട്ടുള്ളതാണിത്.

ഇതും ഞങ്ങൾ ശരിയായി ക്രമീകരിച്ചിരിക്കുന്നു; ഇവ ലംഘിക്കുന്നവനെ ഞങ്ങൾ ശാപത്തിൽ ഉൾപ്പെടുത്തുന്നു.

*20. ക്രിസ്തീയ വനിതകളെ പുറജാതികൾക്കു ഭാര്യമാരായി നൽകാൻ പാടില്ല എന്നതു സംബന്ധിച്ച്:*

എല്ലാ ജനപദങ്ങളിൽനിന്നും സ്ത്രീകളെ ഭാര്യമാരായി സ്വീകരിക്കുന്നതു ക്രിസ്തീയ പുരുഷന്മാർക്ക് അനുവദനീയമാണ്. അവർ അവരെ സംരക്ഷിക്കണം; ക്രിസ്തീയപ്രബോധനം അവരെ പഠിപ്പിക്കണം. എന്നാൽ തങ്ങളുടെ സ്ത്രീകളെ, അതായത്, പെൺമക്കളെ, പുറജാതികൾക്കു ഭാര്യമാരായി നൽകുന്നത് അനുവദനീയമല്ല; കാരണം, അവർ അവരുടെ ബലഹീനതയാൽ, തങ്ങളുടെ ഭർത്താക്കന്മാരുടെ ചിന്താരീതി സ്വീകരിക്കാനിടയുണ്ട്; അങ്ങനെ ക്രിസ്തുമതത്തിൽനിന്നകന്നുപോകാനും പേഗനിസത്തിലേക്കും യഹൂദമതത്തിലേക്കും എത്തിച്ചേരാനും ഇടയുണ്ട്.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.[27]

*21. എപ്പിസ്കോപ്പാ, ആർച്ചുഡീക്കൻ, കോറെപ്പിസ്കോപ്പാ എന്നിവരെക്കുറിച്ച്:*

ക്രമങ്ങളും, പടികളും, നിരകളും ഉണ്ടായിരിക്കണം; തന്റെ സഹപ്രവർത്തകരുടെ അതിർത്തി ആരും കടക്കരുത് എന്നതാണ് പൊതുസിനഡിന്റെ ഹിതം. മെത്രാൻ ഇടയനെപ്പോലെ നേതൃത്വസ്ഥാനത്തു നില്ക്കണം; അദ്ദേഹത്തിനുശേഷം ശുശ്രൂഷ മുഴുവന്റേയും മേലും ആർച്ചുഡീക്കൻ; പിന്നീട് സഭകളുടെയും ആശ്രമങ്ങളുടേയും മേൽ കോറെപ്പിസ്കോപ്പാ.

27. *Ibid.* 2.14.

www.malankaralibrary.com



എല്ലാ സഭാക്രമങ്ങളും ആർച്ച്ഡീക്കന്റെ അധികാരത്തിനു വിധേയമായിരിക്കണം. ആരെങ്കിലും എന്തെങ്കിലും തെററിലുൾപ്പെട്ടാൽ, അല്ലെങ്കിൽ, സഹവൈദികസ്ഥാനികളുമായോ, അപരിചിതരുമായോ ആർക്കെങ്കിലും ഒരു വ്യവഹാരം ഉണ്ടെങ്കിൽ, സഭാശുശ്രൂഷകളുടെ മുഴുവൻ നേതൃത്വം നൽകുന്ന ആർച്ച്ഡീക്കനോടാലോചിക്കാതെ എപ്പിസ്കോപ്പായുടെ പക്കൽ ഇതേപ്പററി പരാതിപ്പെടുന്നതു നിയമാനുസൃതമല്ല. സഭാസംബന്ധമായവയെല്ലാം ആർച്ച്ഡീക്കൻവഴിയാണു നടത്തേണ്ടതു്. എതിർപ്പുകൾ ഒഴിവാക്കാനും, ബഹുമാന്യവ്യക്തികൾ നിന്ദിക്കപ്പെടാതിരിക്കാനും അവസാനം എപ്പിസ്കോപ്പാതന്നെയും അവമാനിക്കപ്പെടാതിരിക്കാനുമാണിതു്. അല്ലെങ്കിൽ പരസ്പരം ബഹുമാനം നഷ്ടപ്പെട്ടു് അറപ്പുകെട്ടു് എല്ലാവരും പാപം ചെയ്യാൻ ഇടയാകും.

ശാപം കൂടാതെയാണ് ഈ കാനോനാ പാസാക്കിയിരിക്കുന്നതു്.

*22. വൈദികസ്ഥാനികളുടെ വസ്ത്രം സംബന്ധിച്ച്:*

സഭാശുശ്രൂഷകൾ നിർവഹിക്കുമ്പോൾ വൈദികസ്ഥാനികൾക്കു് അയഞ്ഞ ഇടക്കെട്ടു് ഉണ്ടായിരിക്കണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം. കാരണം തങ്ങളുടെ കർത്താവായ മിശിഹായല്ലാതെ മററാർക്കും അവരുടെമേൽ അധികാരമില്ല; അവർ സ്വതന്ത്രരാണ്. സ്വതന്ത്രരുടെ സ്ഥാനവസ്ത്രമാണിതു്; ദാസന്മാർ, പണക്കാരാണെങ്കിൽപോലും, ഇതു ധരിക്കാൻ പാടില്ല. ഇതു വൈദികസ്ഥാനികളുടെ ബഹുമാനവസ്ത്രമായി പൊതുസിനഡ് കരുതുന്നു.

ദേവാലയശുശ്രൂഷാനന്തരം പുറത്തുപോകുമ്പോഴും ഇപ്രകാരം അയഞ്ഞ ഇടക്കെട്ടു കെട്ടി നടക്കാൻ അവർക്കവകാശമുണ്ടു്; അവരെ തടയാൻ ആർക്കും അധികാരമില്ല.

*23. വൈദികരുടെ എണ്ണം സംബന്ധിച്ച്:*

ശുശ്രൂഷകൾ വെട്ടിക്കുറയ്ക്കാതിരിക്കാനും സിംഹാസനം നിന്ദിക്കപ്പെടാതിരിക്കാനുമായി ആവശ്യമുള്ളത്ര വൈദികർ ഉണ്ടായിരിക്കണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.[28]

എന്നാൽ സഭയ്ക്കൊരു ഭാരമായി തീരത്തക്കവിധം വളരെയധികം പേർ ഉണ്ടായിരിക്കാനും പാടില്ല. വരുമാനം അനുസരിച്ച്

28. *Ibid.* 6.8.

www.malankaralibrary.com



ഓരോ സഭയിലും വൈദികരെ നിയമിക്കാൻ നേതൃസ്ഥാനത്തിരിക്കുന്നവർ ശ്രദ്ധിക്കണം. ശാപം കൂടാതെയാണ് ഈ കാനൻ അംഗീകരിച്ചിരിക്കുന്നത്.

*24. പള്ളിയിലെ മാനേജർമാരെപ്പററി:*[29]

മാനേജർമാരും പ്രൊക്കുറേററർമാരും ഉണ്ടായിരിക്കണം. ചിലർ വരവു ചിലവുകളിന്മേലും, ചിലർ എസ്റ്റേററുകളിന്മേലും മററു ചിലർ ശുശ്രൂഷയുടെ ഭണ്ഡാഗാരത്തിന്മേലും അധികാരമുള്ളവരായിരിക്കണം എന്നതാണ് പൊതുസിനഡിന്റെ താല്പര്യം.[30]

തങ്ങളെ ഏല്പിച്ചിരിക്കുന്ന എല്ലാ സംഗതികളിന്മേലും അവർ കരുതലുള്ളവരായിരിക്കണം. പുറത്തെ ഇരുട്ടിലേക്കു യജമാനൻ എറിഞ്ഞ ദുഷ്ടനും മടിയനുമായ ഭൃത്യനെപ്പോലെ[31] അവർ ആകാതിരിക്കാനാണിത്. ശാപം കൂടാതെയാണ് ഈ കാനൻ അംഗീകരിച്ചിരിക്കുന്നത്.

*25. കോറെപ്പിസ്കോപ്പായെക്കുറിച്ച്:*
*അയാൾ എപ്രകാരം വ്യാപരിക്കണം:*

സന്യാസികളുടെ ഇടയിൽനിന്നു സ്വഭാവവൈശിഷ്ട്യമുള്ളവനും പണ്ഡിതനും പെരുമാററത്തിൽ ഉന്നതനിലവാരം പുലർത്തുന്നവനുമായ ഒരാളെ മെത്രാൻ തെരഞ്ഞെടുക്കണം എന്നതാണ് പൊതുസിനഡിന്റെ താല്പര്യം.[32]

സഭ ഒന്നിച്ചുകൂടുമ്പോൾ അദ്ദേഹത്തെ അവിടേക്ക് ആനീതനാക്കി ഉച്ചസ്വരത്തിൽ ഒരു ഡീക്കൻ ഇപ്രകാരം വിളിച്ചു പറയണം: "ഈ പ്രദേശം മുഴുവനും വേണ്ടി കോറെപ്പിസ്കോപ്പാ ആകുവാൻ; ദൈവസ്നേഹിതനായ ഇന്നാരെ ഞങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നു." അങ്ങനെ, അയാൾ നിയമിതനായിരിക്കുന്നു എന്ന് എല്ലാവരും അറിയാൻ ഇടയാകട്ടെ.

ആ രൂപതയിലെ നിശ്ചിത പ്രദേശത്തുള്ള എല്ലാ പള്ളികളുടെയും ആശ്രമങ്ങളുടെയും പേരുവിവരം അദ്ദേഹത്തെ ഏല്പിക്കണം. അദ്ദേഹം പള്ളികളിൽനിന്നും ആശ്രമങ്ങളിൽനിന്നും സമർത്ഥരായ

29. റാബൈ ബയ്തേ.
30. *Ibid.* 6.9.
31. മത്താ. 25:30.
32. അബ്ബീശോ, നോമോകാനൻ, 6.7.

www.malankaralibrary.com



പുരുഷന്മാരെ തെരഞ്ഞെടുത്തു് പ്രദേശം മുഴുവൻ സന്ദർശകർ[33] ആയി നിയമിക്കണം. പള്ളികളുടെ സന്ദർശകക്കു് ആശ്രമങ്ങളുടെ മേൽ അധികാരം ഉണ്ടായിരിക്കയില്ല; ആശ്രമങ്ങളുടെ സന്ദർശകക്കു് പള്ളികളുടെമേലും അധികാരം ഉണ്ടായിരിക്കയില്ല. ഓരോരുത്തനും തന്റെ സ്ഥാനത്തും അധികാരപരിധിയിലും നിന്നുകൊണ്ടു് തന്റെ കടമ നിർവഹിക്കട്ടെ. ഈ മെത്രാൻ പള്ളികളിലും ആശ്രമങ്ങളിലും ചുററി സഞ്ചരിച്ചു് സന്ദർശിക്കട്ടെ. ധാരാളം വസ്തുവകകളുള്ള ആശ്രമങ്ങളും പള്ളികളും, പാവപ്പെട്ട ആശ്രമങ്ങളും പള്ളികളും ഉണ്ടെങ്കിൽ ഉള്ളവയിൽ നിന്നെടുത്തു് കുറവുള്ളവക്കു് അദ്ദേഹം നൽകണം.

വൈദികർ കുറവും എന്നാൽ ആവശ്യവുമായിരിക്കുന്ന ഇടവകകളുണ്ടെങ്കിൽ അദ്ദേഹം കൂടുതൽ പേരെ നിയമിക്കണം; ശ്രദ്ധിക്കപ്പെടാതെ, ഉപേക്ഷിക്കപ്പെട്ട മട്ടിൽ ഈ ഇടവകകറം കരുതപ്പെടാൻ അയാറം അനുവദിക്കരുതു്. വൈദികരെ തെരഞ്ഞെടുക്കാൻ പററിയ ഉടമ്പടിയുടെ പുത്രന്മാർ[34] ഗ്രാമത്തിലില്ലെങ്കിൽ തന്റെ കീഴിലുള്ള ആശ്രമങ്ങളിലെയോ പള്ളികളികളിലേയോ സഹോദരന്മാരിൽ നിന്നു് വൈദികരെ തെരഞ്ഞെടുത്തു് വാഴിക്കണം.

ആശ്രമങ്ങളും പള്ളികളും വൈദികരില്ലാതെ അനാഥമാകുവാൻ അവൻ അനുവദിക്കരുതു്. ബലിപീഠങ്ങളും വിശുദ്ധ പള്ളികളും നിന്ദിക്കപ്പെടാനും ശുശ്രൂഷകളില്ലാതിരിക്കാനും അനുവദിച്ചുകൂടാ. പ്രത്യേകിച്ചു്, ഇടയന്മാരില്ലാത്തതിനാൽ നാമമാത്ര ക്രിസ്ത്യാനികളായി, ജീവിതത്തിൽ അക്രൈസ്തവരെപ്പോലെ ജനം വ്യാപരിക്കാതിരിക്കാനാണിതു്.

കോറെപ്പിസ്കോപ്പാ എല്ലാ ഗ്രാമങ്ങളുടെയും കാര്യത്തിൽ ശ്രദ്ധാലുവായിരിക്കണം. അവയ്ക്കെല്ലാം ഒരു 'വാലീതാ'[35] നിശ്ചയിക്കണം. തന്റെ ചെലവിനുവേണ്ടി ഒരു നിശ്ചിതതുക എല്ലാ ഗ്രാമങ്ങളും നൽകേണ്ടതാണു്.

ശാപം കൂടാതെയാണു് ഈ കാനൻ നിശ്ചയിച്ചിട്ടുള്ളതു്.

*26. അതേപ്പററിത്തന്നെ:*

സന്ദർശനാത്ഥം കോറെപ്പിസ്കോപ്പാ ഗ്രാമങ്ങളിലൂടെ കടന്നുപോകുമ്പോറം ആശ്രമങ്ങളിലും പള്ളികളിലും സഹോദരന്മാരുടെയും

33. സൗറേ (Visitators, Periodeutes)
34. ബ്നൈ ക്യാമാ (Sons of the Covenant)
35. മുകളിൽ നമ്പർ 14 കാണുക.

www.malankaralibrary.com



സഹോദരിമാരുടെയും ആവശ്യമുണ്ടോ എന്നു തിരക്കണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.[36]

അദ്ദേഹം ഗ്രാമങ്ങളിലെ പ്രായമുള്ളവരെ വിളിച്ചുകൂട്ടി വിശുദ്ധ ഗ്രന്ഥം വായിക്കയും അവരെ പ്രബോധിപ്പിക്കുകയും വേണം. തങ്ങളുടെ മക്കളിൽ ചിലരെ വേർതിരിക്കാനായി അദ്ദേഹം അവരെ പ്രേരിപ്പിക്കണം. അദ്ദേഹം പ്രാർത്ഥന ചൊല്ലി അവരുടെ മേൽ കൈവച്ച് അവരെ അനുഗ്രഹിക്കണം. ഇങ്ങനെ അവർ ഉടമ്പടിയുടെ പുത്രന്മാരായിത്തീരട്ടെ.

അവരെ പഠിപ്പിച്ച് പള്ളികൾക്കും ആശ്രമങ്ങൾക്കുമായി നൽകണം; അവരെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അറിയിക്കണം. സഭാസംബന്ധമായ പ്രബോധനം അവരെ പഠിപ്പിക്കണം. അവർ അവകാശികളായിത്തീരും; പള്ളികളും ആശ്രമങ്ങളും സ്ഥാപിക്കയും ചെയ്യും. ശാപം കൂടാതെയാണ് ഈ കാനൻ രൂപീകരിച്ചിരിക്കുന്നത്.

*27. അതേപ്പററിത്തന്നെ:*

മെത്രാനോടുള്ള ബഹുമാനാർത്ഥം കോറെപ്പിസ്കോപ്പാ, ഗ്രാമങ്ങളിലെ ''ക്യാമാ സമൂഹത്തെ'' മുഴുവനെയും[37] ആണ്ടിൽ രണ്ടുവട്ടം ഒന്നിച്ചുകൂട്ടണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.[38] വർഷകാലാരംഭത്തിലും ഉയിർപ്പു തിരുനാളിനുശേഷവുമായിരിക്കണമത്. അവർ അദ്ദേഹത്തോടൊപ്പം വിശുദ്ധ രഹസ്യങ്ങളിൽ പങ്കെടുക്കുകയും അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ബൂർക്സാ[39] സ്വീകരിക്കയും വേണം.

സന്യാസികളാകട്ടെ വർഷത്തിലൊരിക്കൽ ഒന്നിച്ചുകൂടണം. അവരെ വിളിച്ചുകൂട്ടാൻ കോറെപ്പിസ്കോപ്പാ താല്പര്യപ്പെടുമ്പോളായിരിക്കണമത്.

എന്നാൽ അടുത്ത കാലത്ത് ആശ്രമാധ്യക്ഷന്മാരായവർ മെത്രാനെ ബഹുമാനിക്കാനായി, ആണ്ടിൽ മൂന്നു പ്രാവശ്യം വന്നുചേരണം: രണ്ടു പ്രാവശ്യം തനിച്ചും ഒരിക്കൽ സഹസന്യാസികളൊത്തും. മെത്രാനെയും ആർച്ചുഡീക്കനെയും പരിചയപ്പെടുന്നതിനും മററുമാണിത്.

ശാപം കൂടാതെയാണ് ഈ കാനൻ പാസാക്കിയിരിക്കുന്നത്.

---

36. അബ്ബീശോ, 6.7.
37. The Community of the Covenanters.
38. അബ്ബീശോ, 8.10.
39. മുകളിൽ നമ്പർ 18 കാണുക.

www.malankaralibrary.com



## 28. വൈദികാഭിഷേകം സംബന്ധിച്ച്:

ഓരോരുത്തരുടെയും സ്ഥാനക്രമം വ്യക്തമായിരിക്കണം; കത്തോലിക്കാ സഭയുടെ സ്തുത്യർഹമായ ക്രമം മാററിമറിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം. പള്ളികൾക്കോ ആശ്രമങ്ങൾക്കോവേണ്ടി വൈദികരെ വാഴിക്കുമ്പോൾ കോറെപ്പിസ്ക്കോപ്പാ സന്നിഹിതനാണെങ്കിൽ, അവരെ അദ്ദേഹം ഗ്രാമത്തിലെ ആർച്ചുഡീക്കന്റെ പക്കലെത്തിക്കുന്നു. അവരിരുവരുംകൂടി അർത്ഥികളെ പരിശോധിക്കുന്നു. വി. ഗ്രന്ഥം വായിക്കാൻ അവർക്കു് അറിയാമോ എന്നു് അവർ പരീക്ഷിക്കുന്നു. പൗരോഹിത്യസംബന്ധമായ കാനോനാകളെക്കുറിച്ചും അവരെ അവർ പ്രബോധിപ്പിക്കുന്നു.

വൈദികരാകാൻ യോഗ്യരെന്നു് അവർക്കു ബോധ്യമായവർക്കുവേണ്ടി അതിനുശേഷം അവർ പ്രാർത്ഥിക്കുന്നു. അർത്ഥികൾ വിശുദ്ധീകരണത്തിനും പാപമോചനത്തിനും അർഹരായിത്തീരാനാണ് ഇപ്രകാരം ചെയ്യുന്നതു്.

പിന്നീടു് കോറെപ്പിസ്ക്കോപ്പായും ആർച്ചുഡീക്കനുംകൂടി അവരെ എപ്പിസ്കോപ്പായുടെ പക്കലേക്കാനയിക്കുന്നു. അദ്ദേഹം പൗരോഹിത്യത്തിനായി അവരുടെ മേൽ കൈവയ്ക്കുന്നു.

അവർ വൈദികരായിത്തീർന്നശേഷം ആർച്ചുഡീക്കൻ അവരെ കോർഎപ്പിസ്ക്കോപ്പായെ ഏല്പിക്കുന്നു. മതിയാംവണ്ണം അദ്ദേഹം അവരെ പ്രബോധിപ്പിക്കാൻ വേണ്ടിയാണിതു്. പൗരോഹിത്യ സംബന്ധമായ കാനോനാകളെല്ലാം പഠിക്കുന്നതുവരെ പ്രാർത്ഥനകൊണ്ടുമാത്രം അവർ പൗരോഹിത്യ ശുശ്രൂഷ ചെയ്താൽ മതി; കാനോനാകൾ കോറെപ്പിസ്ക്കോപ്പായുടെ മുൻപാകെ ചൊല്ലികേൾപ്പിക്കണം. ഈ കാര്യത്തിൽ വലിയ മുൻകരുതൽ ഉണ്ടായിരിക്കണം.

കോറെപ്പിസ്കോപ്പായും 'സൗറായും' [40] അംഗീകരിക്കാതെ പൗരോഹിത്യ ശുശ്രൂഷ നടത്തുക ആർക്കും അനുവദനീയമല്ല.

എന്നാൽ കോറെപ്പിസ്കോപ്പാ ആർച്ചുഡീക്കന്റെ സമീപത്തില്ലെങ്കിൽ അർത്ഥികൾ കോറെപ്പിസ്കോപ്പായിൽനിന്നു് ഒരു ശുപാർശക്കത്തുകൊണ്ടുവരണം. ഒരു 'സൗറായെ' കൂടെ അയയ്ക്കണം. അയാൾ അവരെ ആർച്ചുഡീക്കന്റെ പക്കലെത്തിക്കണം. അപ്പോൾ കാനൻ അനുശാസിക്കുന്നതുപോലെ ആർച്ചുഡീക്കൻ എല്ലാ കാര്യങ്ങളും പൂർത്തീകരിക്കണം.

---

40. മുകളിൽ നമ്പർ 33 കാണുക.

www.malankaralibrary.com



ആർച്ചുഡീക്കൻ, ശുശ്രൂഷയുടെ തലവനാകയാൽ അദ്ദേഹത്തെ കൂടാതെ, കോറെപ്പിസ്കോപ്പായോ, എപ്പിസ്കോപ്പായോ ആരെയെങ്കിലും വൈദിക സ്ഥാനത്തേക്കുയർത്തുന്നത് അനുവദനീയമല്ല.

എന്നാൽ എപ്പിസ്കോപ്പാ രാജ്യത്തിനു പുറത്തുപോകുമ്പോൾ ആർച്ചുഡീക്കനെ കൂടാതെ തന്നെ പൗരോഹിത്യാർത്ഥികൾക്ക് പൗരോഹിത്യപട്ടം നൽകാൻ കോറെപ്പിസ്കോപ്പാക്ക് അനുവാദം ഉണ്ട്.

കോറെപ്പിസ്കോപ്പാ സ്ഥലത്തെ ശുശ്രൂഷയുടെ തലവനാകയാൽ അദ്ദേഹത്തെക്കൂടാതെ ആശ്രമങ്ങൾക്കോ പള്ളികൾക്കോ വേണ്ടി വൈദികരെ വാഴിക്കാൻ ആർക്കും – മെത്രാന്മാർക്കുപോലും– അധികാരമില്ല. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*29. കോറെപ്പിസ്കോപ്പായുടെയും ആർച്ചുഡീക്കന്റെയും ബഹുമാനത്തെപ്പററി:*

മെത്രാന്റെ ഇരുകരങ്ങളുമായ ആർച്ചുഡീക്കന്റെയും കോറെപ്പിസ്കോപ്പായുടെയും സാന്നിധ്യത്തിൽ മെത്രാനല്ലാതെ മററു വൈദികസ്ഥാനികളാരും അവരേക്കാൾ ഉയർന്ന ഇരിപ്പിടത്തിൽ ഇരിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.

മെത്രാൻ ഏതെങ്കിലും ശുശ്രൂഷ നടത്തുമ്പോഴും മറെറാരിടത്തു പോകുമ്പോഴും ആർച്ചുഡീക്കൻ അദ്ദേഹത്തിന്റെ വലത്തുവശത്തും കോറെപ്പിസ്കോപ്പാ ഇടത്തുവശത്തും മക്കളുടെ ഇടയിൽ പിതാവെന്നപോലെ എപ്പിസ്കോപ്പാ അവരുടെ നടുവിലും ആയിരിക്കണം.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*30. പാത്രിയർക്കീസിന്റെ നാമം അനുസ്മരിക്കപ്പെടണം എന്നതിനെക്കുറിച്ച്:*

ശുശ്രൂഷാവസരങ്ങളിലെല്ലാം എപ്പിസ്കോപ്പായുടെ നാമം അനുസ്മരിക്കപ്പെടണം എന്നതാണ് പൊതുസിനഡിന്റെ ഇംഗിതം.

എന്നാൽ ഞായറാഴ്ചയും പെരുന്നാളുകളിലും അംശ്ശോരയിലെ തന്റെ അറിയിപ്പിൽ പാത്രിയർക്കീസിനെയും മെത്രാപ്പോലീത്തായേയും ആർച്ചുഡീക്കനെയും കോറെപ്പിസ്കോപ്പായേയും കൂടി

www.malankaralibrary.com



അനുസ്മരിക്കണം. ഈ വിശുദ്ധ ദിവസങ്ങളിൽ ബലിപീഠത്തിൽ സഭയിലെ അധ്യക്ഷന്മാരെ അനുസ്മരിക്കുക ന്യായയുക്തമാണ്. കാരണം, അവർ വഴിയാണ് എല്ലാ സഭാകാര്യങ്ങളും പൂർണ്ണമാകുന്നതും പൂർത്തീകരിക്കപ്പെടുന്നതും. ഇവ ലംഘിക്കുന്നവനെ പൊതു സിനഡ് മുടക്കുന്നു.

*31. എപ്പിസ്കോപ്പായുടെ മരണത്തെപ്പററി:*

എപ്പിസ്കോപ്പാ മരിക്കുമ്പോൾ, മക്കൾ പിതാവിനോടെന്ന പോലെ, ആർച്ചുഡീക്കനും കോറെപ്പിസ്കോപ്പായും അദ്ദേഹത്തിൻെറ ശവപ്പെട്ടിയുടെ മുമ്പേ നടക്കണം.

അവരിലൊരാൾ മരിച്ചാൽ തൻെറ മക്കളെ അനുധാവനം ചെയ്യുന്ന പിതാവിനെ പോലെ എപ്പിസ്കോപ്പാ അയാളുടെ ശവപ്പെട്ടിയുടെ മുമ്പേ നടക്കണം. ഇവർ മൂവരിൽ ആരെങ്കിലും മരിച്ചാൽ തങ്ങളുടെ നാഥന്മാരും ആത്മീയ പിതാക്കന്മാരും എന്ന നിലയിൽ സമൂഹം മുഴുവൻ അവർക്കുവേണ്ടി പ്രത്യേകം ശുശ്രൂഷ നടത്തണം; സമൂഹം മുഴുവൻ അവക്കുവേണ്ടി ഒരനുസ്മരണ നടത്തണം; കാരണം, അവർ സമൂഹം മുഴുവനും വേണ്ടി അധ്വാനിച്ചവരാണ്.

അവരുടെ അധീനതയിലുള്ള എല്ലാ പള്ളികളെയും ആശ്രമങ്ങളെയും തങ്ങളുടെ നേതാക്കന്മാരുടെ മരണം അറിയിക്കണം. ഉചിതമായ അനുസ്മരണ അവക്കുവേണ്ടി സമൂഹം നടത്തണം. ശാപം കൂടാതെയാണ് ഈ കാനൻ നിശ്ചയിച്ചിരിക്കുന്നതു്.

*32. തങ്ങളുടെ ഭാര്യമാരെ ഉപേക്ഷിക്കുകയും എടുക്കുകയും ചെയ്യുന്നവരെക്കുറിച്ചും വിവാഹത്തെക്കുറിച്ചും:*

വ്യഭിചാരം നിമിത്തമല്ലാതെ തൻെറ ഭാര്യയെ ഉപേക്ഷിച്ച ശേഷമോ അല്ലാതെയോ മറെറാരുത്തിയെ സ്വീകരിക്കുന്ന പ്രെസ്ബിററെറയും ഡീക്കനേയും പൗരോഹിത്യത്തിൽനിന്നു് ഭ്രഷ്ടരാക്കണം.

ഒരു സഹോദരനോ ഒരൽമായനോ ആണ് ഇപ്രകാരം ചെയ്തതെങ്കിൽ വിശ്വാസികളുമായി സംസർഗം ചെയ്യുന്നതിൽനിന്നു് അവനെ മുടക്കണം.

എന്തെങ്കിലും മുടന്തൻ ന്യായം പറഞ്ഞു് തൻെറ ഭാര്യയെ ഉപേക്ഷിക്കാനായി വ്യഭിചാരമോ മറെറന്തെങ്കിലുമോ ആരോപിച്ചാൽ അതേപ്പററി കൃത്യമായി അന്വേഷിക്കണം.

www.malankaralibrary.com



അവൻ അടിസ്ഥാനരഹിതമായി അവളെപ്പററി ആരോപണം ഉന്നയിച്ചതിനാൽ അവൻ കൊലപാതകിയാണ്; പൗരോഹിത്യത്തിൽനിന്നു് അവനെ ഭ്രഷ്ടനാക്കണം. അവൻ ഒരു സഹോദരനോ അൽമായനോ ആണെങ്കിൽ സഹോദരന്മാരുമായി സംസർഗം ചെയ്യുന്നതിൽനിന്നു് അവനെ മുടക്കണം.

ദൂഷണംവഴി അവൻ അവളെ കൊന്നതിനാൽ അവൻെറകൂടെ തുടർന്നു പാർക്കാൻ അവരംക്കിഷ്ടമില്ലെങ്കിൽ ഉപേക്ഷണച്ചീട്ട് കൊടുത്തു് അവരംക്കു് അവനിൽനിന്നു് വേർപിരിയുകയും ഒരു വിശ്വാസിയെ വിവാഹം കഴിക്കയും ചെയ്യാം. സഭയിൽനിന്നു് അവളെ മുടക്കേണ്ട കാര്യമില്ല. എന്നാൽ അനുതാപത്തിലൂടെ തിരുത്തലിനു സമ്മതമാണെങ്കിൽ തെററിനു തക്ക പ്രായശ്ചിത്തം ചെയ്ത ശേഷം അവനോടു് ക്ഷമിക്കാം.

ഈ കാനോനാകരം ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*33. രണ്ടു ഭാര്യമാരെ സ്വീകരിക്കുന്നവരെപ്പററിയും പുറജാതികളുടെ ഭാര്യമാരായി തീരുന്നവരെപ്പററിയും:*

ഒരേ സമയം രണ്ടു ഭാര്യമാരെ സ്വീകരിക്കുന്നവരെ രണ്ടാം ഭാര്യയോടുകൂടി സമൂഹത്തിൽനിന്നു പുറന്തള്ളണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം.[41]

വിശ്വാസിനിയായ സ്ത്രീ ഒരവിശ്വാസിയുടെ ഭാര്യയായി തീർന്നാൽ അവളെ സമൂഹത്തിൽനിന്നു പുറന്തള്ളണം.

വിശ്വാസത്യാഗി തിരിച്ചുവരുന്നതുപോലെയേ അവരെ സ്വീകരിക്കാവൂ – വെറുതെ സ്വീകരിച്ചുകൂടാ.

അർഹമാംവിധം അവർ ചാക്ക ധരിക്കണം, ചാരം പൂശണം, ഉപവസിക്കണം, പരിഹാരകർമ്മങ്ങളനുഷ്ഠിക്കണം. അതിനുശേഷം അവർക്ക വിശ്വാസികളുമായി സംസർഗമാകാം; വിശുദ്ധ രഹസ്യങ്ങളിൽ പങ്കെടുക്കാം.

ഇവ ലംഘിക്കുന്നവനെ കാനൻ ശപിക്കുന്നു.

41. അബ്ദീശോ, നോമോകാനൻ, 2.23.

www.malankaralibrary.com



*34. തങ്ങളുടെ പുത്രിമാരെ പുറജാതികൾക്കു നൽകുന്നവരെപ്പററി:*

ഒരു വിശ്വാസി തൻെറ മകളെയോ സഹോദരിയേയോ – അവക്കറിവില്ലാതിരിക്കെ – ഒരവിശ്വാസിക്കു നൽകിയാൽ സഭയിൽനിന്നു് അവരെ പുറന്തള്ളണം. അവരുടെ മാതാപിതാക്കളെയാകട്ടെ, വിശ്വാസികളുമായുള്ള എല്ലാ സംസർഗത്തിൽനിന്നും നിരോധിക്കണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം.[42]

എന്നാൽ അവർ അനുതപിച്ച് തങ്ങളുടെ പുത്രിമാരെ അവിശ്വാസിയിൽനിന്നു് തിരികെ വിളിച്ചാൽ തങ്ങളുടെ തെററിനു തക്കവിധം വൈദികൻ നല്കുന്ന ശിക്ഷ അവർ സ്വീകരിക്കണം; അപ്പോൾ അതു് അവരോട്` ക്ഷമിക്കപ്പെടും. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ്` ശപിക്കുന്നു.

*35. അക്രൈസ്തവരുമായുള്ള വിവാഹംവഴി വിശ്വാസം ഉപേക്ഷിക്കുന്നവരെക്കുറിച്ച്:*

ഒരു വിശ്വാസി ഒരവിശ്വാസിനിയെ കാമിക്കുകയോ, ഒരു വിശ്വാസിനി ഒരവിശ്വാസിയെ കാമിക്കുകയോ ചെയ്തിട്ട് അവർ വിവാഹിതരാകുകയും സത്യവിശ്വാസത്തിൽനിന്നു് വ്യതിചലിക്കയും ചെയ്തിട്ട് തിരിച്ചുവരാൻ ആഗ്രഹിച്ചാൽ ദേവാലയവാതില്ക്കൽ മൂന്നു വർഷം ചാക്കിലും ചാരത്തിലും ഇരിക്കട്ടെ.

മൂന്നു വർഷങ്ങൾക്കുശേഷം പ്രാർത്ഥിക്കാനായി അവർ ദേവാലയത്തിൽ കയററട്ടെ; ദേവാലയത്തിലും അവർ വേർതിരിക്കപ്പെടണം. – അവിടെ അവർക്കായി പ്രത്യേക സ്ഥലം വേണം – വചനശുശ്രൂഷയിലോ വിശുദ്ധരഹസ്യങ്ങളിലോ പങ്കെടുക്കാതെ ഇപ്രകാരം ഒരു വർഷം അവർ നിലനില്ക്കട്ടെ.

ഈ കാനൻ പൂർത്തിയാക്കുമ്പോൾ വൈദികൻ ഒരു പാത്രത്തിൽ വെള്ളവും എണ്ണയുമെടുക്കുക. സ്നാനത്തിൽ ചെയ്യുന്നതുപോലെയല്ല; വെള്ളത്തിൽ മൂറോൻ തൈലം ഒഴിക്കയും വേണ്ട; പിന്നെയോ രോഗികൾക്കുള്ള വെള്ളം വാഴ്ത്തുന്നതുപോലെയും കഴുത്തു ഞെരിച്ചു കൊന്നതിൻെറ അശുദ്ധി മാററാൻ വെള്ളം വാഴ്ത്തുന്നതുപോലെയും ഈ വെള്ളം വാഴ്ത്തണം.

42. *Ibid*. 2.15.

www.malankaralibrary.com



അവർ തങ്ങളുടെ തെററുകൾ ഏററു പറയുമ്പോൾ വൈദികൻ ജലമെടുത്തു് അവരുടെമേൽ തളിക്കുന്നു. അവരുടെ അശുദ്ധിയിൽ നിന്നു് അവൻ അവരെ ശുദ്ധീകരിക്കുന്നു; പ്രാർത്ഥനയും ആശീർവാദവും വഴി അവരോടു് ക്ഷമിക്കണം; അപ്പോൾ മാത്രമേ അവർ വിശുദ്ധരഹസ്യങ്ങളിൽ പങ്കെടുക്കാവൂ.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡു് ശപിക്കുന്നു.

*36. സെനോഡോക്കെയിയോനെപ്പററി:*[43]

എല്ലാ പട്ടണങ്ങളിലും സെനോഡോക്കെയിയാ സ്ഥാപിക്കണം എന്നതാണു് പൊതുസിനഡിൻെറ ഇംഗിതം.[44]

സന്യാസികളുടെ കൂട്ടത്തിൽനിന്നു് മെത്രാൻ ഒരാളെ തെരഞ്ഞെടുത്തു് 'അക്സെനാദാക്രാ'[45] ആയി നിയമിക്കണം – അവൻ തൻെറ കുടുംബത്തിൽനിന്നും രാജ്യത്തിൽനിന്നും അകന്നവനായിരിക്കണം; നല്ല സാക്ഷ്യമുള്ളവനുമായിരിക്കണം.

രോഗികൾക്കും ആവശ്യക്കാർക്കുംവേണ്ടി കട്ടിലും പായും മററും സജ്ജീകരിക്കണം. ഭവനവരുമാനംകൊണ്ടു് അതു നടത്തിക്കൊണ്ടു പോകാൻ കഴിയാതെവന്നാൽ വിശ്വാസികളുടെ സമൂഹം മുഴവൻ, ഓരോരുത്തനും തൻെറ കഴിവനുസരിച്ചു് സംഭാവന ചെയ്യണം. – വഴിയാത്രക്കാരായ സഹോദരന്മാർക്കുവേണ്ടി ഒരു ഭവനം ഉണ്ടാക്കണം. അവരോടുള്ള നമ്മുടെ പരിഗണന നിമിത്തം നിരവധിയായ നമ്മുടെ കുററങ്ങൾ നമ്മളോടു് ക്ഷമിക്കപ്പെടും.

ശാപം കൂടാതെയാണു് ഈ കാനൻ.

*37. ഒരു മെത്രാനെ വാഴിക്കുമ്പോൾ മെത്രാപ്പോലീത്തായും, മെത്രാപ്പോലീത്തായെ വാഴിക്കുമ്പോൾ പാത്രിയർക്കീസും ചെയ്യേണ്ട സംഗതികളെപ്പററി:*

മെത്രാപ്പോലീത്താ ഒരു എപ്പിസ്കോപ്പായേ വാഴിക്കുമ്പോൾ തൻെറ കോറെപ്പിസ്കോപ്പായെ കൂടി അദ്ദേഹത്തോടൊപ്പം അയയ്ക്കണം; ആദ്യദിവസം തന്നെ കോറെപ്പിസ്കോപ്പാ അദ്ദേഹത്തിനു

43. Xenodocheion (സത്രം, ഹോട്ടൽ).
44. അബ്ദീശോ, നോമോകാനൻ, 5.21.
45. Guest mastor (Xenodochor)

www.malankaralibrary.com



കൈകൊടുത്തു് അദ്ദേഹത്തെ സിംഹാസനത്തിലിരുത്തണം; കാരണം അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴുള്ളവർ അദ്ദേഹത്തിനു കൈ കൊടുത്തു് അദ്ദേഹത്തെ സിംഹാസനത്തിലിരുത്തുന്നതു് നിയമാനുസൃതമല്ല.

അവിടെ അദ്ദേഹം മൂന്നുമാസം താമസിച്ചിട്ടു് മെത്രാപ്പോലീത്തായെ സന്ദർശിക്കാനെത്തണം. മെത്രാൻ സ്ഥാനത്തെ സംബന്ധിച്ചുള്ള എല്ലാ കാനോനാകളും ഹൃദിസ്ഥമാക്കിയോ എന്നാരായാൻ അദ്ദേഹത്തിനു തന്റെ ആർച്ചുഡീക്കനോടു് കല്പിക്കാം. എല്ലാം പൂർണ്ണമായി ഹൃദിസ്ഥമാക്കിയെങ്കിൽ അദ്ദേഹത്തിനു നിയമാനുസൃതം സഭയിലെ ശുശ്രൂഷ നിർവഹിക്കാം.

മെത്രാപ്പോലീത്താമാരും തങ്ങളുടെ പാത്രിയർക്കീസന്മാരോടു് ഇപ്രകാരം പെരുമാറണം.

ഇവ ലംഘിക്കുന്നവനെ കാനൻ ശപിക്കുന്നു.

*38. ഒരു രൂപതയിൽ നിന്നു മറ്റൊന്നിലേക്കു മാറിപ്പോകാൻ പാടില്ല എന്നതു സംബന്ധിച്ച്:*

താൻ മെത്രാനായിത്തീർന്ന രൂപത ഉപേക്ഷിച്ച് മറ്റൊന്നിലേക്കു മാറിപ്പോകാൻ എപ്പിസ്കോപ്പായ്ക്കനുവാദമില്ല എന്നതാണ് പൊതുസിനഡിന്റെ ഹിതം.[46]

ലൗകികദൃഷ്ട്യാ നോക്കിയാലും വ്യഭിചാരക്കുറ്റത്താലല്ലാതെ തന്റെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ പരിഗ്രഹിക്കുന്നവൻ വ്യഭിചാരിയാണല്ലോ.

എന്നാൽ സ്വന്തഹിതത്തിനെതിരായി ബലപ്രയോഗത്താൽ നീക്കം ചെയ്യപ്പെട്ടാൽ അയാൾ കുറ്റക്കാരനല്ല. അദ്ദേഹത്തിനു മറ്റൊരു രൂപത കൊടുക്കാം. അതു സ്വീകരിക്കുന്നതിൽ അയാൾ കുറ്റക്കാരനല്ല.

ഈ രീതിയിൽ ചെറിയ ഒരു പട്ടണത്തിൽ നിന്നു് മാറുന്ന, കഴിവും ഭരണനൈപുണ്യവുമുള്ളയാളിനു് ഒഴിവുള്ള മെത്രാപ്പോലീ

46. *Ibid*. 8.14.

www.malankaralibrary.com



ത്തൻ ക്രുപതാമരണം നൽകാവുന്നതാണ്. കാരണം അയാറം സ്വന്ത ഇഷ്ടത്താൽ മാറിപ്പോയതല്ലല്ലോ. കാനൻ അയാളെ നിരസിക്കുന്നു മില്ല.

ശാപം കൂടാതെയാണ് സിനഡ് ഇത്തു് പാസാക്കിയിരിക്കുന്നത്.

*39. അതുപോലെ വൈദികരും:*

തങ്ങറം നിയമിതരായ ബലിപീഠങ്ങളപേക്ഷിച്ച് മററുള്ളവയിൽ ശുശ്രൂഷ ചെയ്യാൻ വൈദികർക്കും അനുവാദമില്ല എന്നതാണ് പൊതുസിനഡിൻെറ തീരുമാനം.

കോറെപ്പിസ്കോപ്പായിൽ നിന്ന് അനുവാദം ലഭിച്ചാൽ അവക്ക് അതു് അനുവദനീയമാണ്. എന്നാൽ തക്ക കാരണം കൂടാതെ സ്വന്ത ഇഷ്ടത്താൽ ചെയ്താൽ അതു നിയമാനുസൃതമല്ല.

ശാപം കൂടാതെയാണ് ഇവ.

*40. കോറെപ്പിസ്കോപ്പായെക്കൂടാതെ ഒരു വൈദികനെയോ സന്യാസിയെയോ വാഴിക്കാൻ പാടില്ല എന്നതിനെക്കുറിച്ച്:*

കോറെപ്പിസ്കോപ്പായുടെ കല്പന കൂടാതെ ഗ്രാമങ്ങളിലെ അൽമായർ കൂടി തങ്ങളുടെ പ്രെസ്ബിററ്ററായി ഒരാളെ തെരഞ്ഞെടുക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിൻെറ തീരുമാനം.[47]

അതുപോലെതന്നെ ആശ്രമത്തിലും: കോറെപ്പിസ്കോപ്പായെ കൂടാതെ സഹോദരന്മാർ തനിച്ചു തങ്ങറംക്കായി ഒരധ്യക്ഷനെ തെരഞ്ഞെടുക്കാൻ പാടില്ല.

എന്നാൽ ഏതെങ്കിലും അധ്യക്ഷൻ താൻ ജീവിച്ചിരിക്കെ ഒരാളെ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ സ്വന്തക്കാരനോ സ്വന്തനാട്ടുകാരനോ അല്ലെങ്കിൽ അയാളെ വാഴിക്കുന്നതു് നിയമാനുസൃതമാണ്.

ഇവ ലംഘിക്കുന്നവനെ കാനൻ ശപിക്കുന്നു.

---

47. *Ibid.* 6.7.

www.malankaralibrary.com



*41. ഉടമ്പടിയുടെ പുത്രിമാർ,[48] വനിതാ ഡീക്കന്മാർ എന്നിവരെക്കുറിച്ച്:*

പട്ടണത്തിലെ പള്ളികളിൽ സഹോദരിമാരുടെ ക്രമം ഉണ്ടായിരിക്കണം എന്നതാണ് പൊതുസിനഡിൻെറ ഹിതം. അവർക്ക് സമർത്ഥയായ ഒരധ്യക്ഷ ഉണ്ടായിരിക്കണം. വിശുദ്ധ ഗ്രന്ഥത്തിൽ പ്രത്യേകിച്ച് സങ്കീർത്തനാലാപത്തിൽ അവരെ പ്രബോധിപ്പിക്കണം.

യൗവനം മുതൽ കുററമററവരായി ജീവിച്ചവരെ ഈ സഹോദരിമാരുടെ ഇടയിൽനിന്ന് തെരഞ്ഞെടുക്കണം. ഭാഗ്യവാനായ പൗലോസ് തൻെറ ശിഷ്യനെ ഉപദേശിക്കുന്നതുപോലെ[49] അവർ അറുപതാം വയസിൽ അനുതാപജീവിതത്തിന് സ്വയം സമർപ്പിച്ചവരായിരിക്കണം.

സ്നാനശുശ്രൂഷ മാത്രം നടത്താൻ ഇവരെ വനിതാ ഡീക്കന്മാരായി നിയമിക്കണം.

ശാപം കൂടാതെയാണ് ഈ കാനൻ ഉറപ്പിച്ചിട്ടുള്ളത്.

*42. മെത്രാനായോ ആർച്ചുഡീക്കനായോ കോറെപ്പിസ്കോപ്പാ ആയോ തിരഞ്ഞെടുക്കപ്പെട്ടിട്ട് അതിനു സമ്മതം നൽകാത്തയാളെ തൻെറ വൈദിക സ്ഥാനത്തുനിന്നു നീക്കണം എന്നതു സംബന്ധിച്ച്:*

മെത്രാനോ ആർച്ചുഡീക്കനോ കോറെപ്പിസ്ക്കോപ്പായോ സെനോഡോക്കിയനിലെ മാനേജരോ ആയി സമൂഹം മുഴുവനും കൂടി ഒരാളെ തെരഞ്ഞെടുക്കുമ്പോൾ, സമൂഹത്തിൻെറ ഹിതം നിവർത്തിക്കാൻ അയാൾ വിസമ്മതിച്ചാൽ സമൂഹവുമായുള്ള സംസർഗ്ഗത്തിൽ നിന്ന് അയാളെ മുടക്കണം.

അയാൾ ഒരു അൽമായനാണെങ്കിൽ മുടക്കേണ്ട. ഈ കാനൻ നാലു ക്രമങ്ങൾക്കായി ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. മററുള്ളവയെ സംബന്ധിച്ച് അധ്യക്ഷന് തൻെറ ഹിതാനുസരണം അവക്ക് വിടുതൽ നൽകാവുന്നതാണ്. എന്നാൽ ഈ നാലു ക്രമങ്ങളെ സംബ

---

48. ബ്നാത് ക്യാമാ (daughters of the Covenant).

49. 1 തിമോ. 5:9.

www.malankaralibrary.com



സ്ഥിച്ച് മരണമോ ഗൗരവമായ എന്തെങ്കിലും തെറോറ ഉണ്ടായാലല്ലാതെ വിട്ടുതൽ കൊടുക്കുന്നത് നിയമാനുസൃതമല്ല.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*43. വൈദികസ്ഥാനികളുടെ വസ്ത്രവും പെരുമാററവും സംബന്ധിച്ച്:*

വൈദികസ്ഥാനികളായ സ്ത്രീപുരുഷന്മാരെല്ലാവരും തങ്ങളുടെ വസ്ത്രം, വസ്ത്രധാരണം, ശിരസിലെ പട്ടം, ഇടക്കെട്ട് എന്നിവയാൽ അൽമായരിൽ നിന്ന് വേർതിരിക്കപ്പെട്ടിരിക്കണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം.[50]

സ്വർണ്ണമോതിരമോ വെള്ളിമോതിരമോ അവർ ഇടാൻ പാടില്ല. പട്ടാളക്കാരെപ്പോലെയും മററുള്ളവരെപ്പോലെയും അരയിൽ ഒരുറയും അതിൽ ഒരു കത്തിയും കൊണ്ടുനടക്കാനും പാടില്ല.

അവർ സമാധാനപ്രിയരും പരസ്പരം സ്നേഹഭാവമുള്ളവരും എല്ലാവരോടും മാധുര്യമുള്ളവരുമായിരിക്കണം.

അവർ ചന്തസ്ഥലത്ത് അലഞ്ഞുനടക്കാൻ പാടില്ല; അവർ പരസ്പരം വെടിപറഞ്ഞ് അട്ടഹസിച്ച് ആർത്തുകൂകാൻ പാടില്ല; മററുള്ളവർ പരിഹസിക്കാൻ ഇടയാക്കുന്ന പെരുമാററവും ഉപേക്ഷിക്കണം. പ്രശാന്തമായ രീതിയിൽ തന്നെ അവർ പെരുമാറണം.[51]

*44. വ്യഭിചരിക്കയോ, മറേറതെങ്കിലും തരത്തിൽ മലിനനാക്കുകയോ ചെയ്യുന്ന എപ്പിസ്കോപ്പായേ സംബന്ധിച്ച്:*

ഏതെങ്കിലും മെത്രാൻ വ്യഭിചാരത്തിലോ അതുപോലെയുള്ള മറെറന്തെങ്കിലും തെററിലോ ഉൾപ്പെട്ടതായി കണ്ടാൽ ഉടൻതന്നെ പൗരോഹിത്യത്തിൽനിന്ന് അയാളെ നിഷ്കാസനം ചെയ്യണം എന്നതാണ് പൊതുസിനഡിൻെറ താല്പര്യം.[52] അയാൾ അനുതപിച്ചാലും പൗരോഹിത്യ ശുശ്രൂഷകളൊന്നും പിന്നെ അയാളെ ഏല്പിക്കാൻ പാടില്ല. എന്നാൽ സഭാസംസർഗത്തിൽനിന്ന് അയാളെ നീക്കേണ്ടതില്ല.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

50. അബ്ദീശോ, നോമോകാനൻ, 8.20.
51. ഇത് ചുരുക്കമായി ബാർ എബ്രായയിലും കാണാം: നോമോകാനൻ, 7.10.
52. അബ്ദീശോ, നോമോകാനൻ, 8.20.

www.malankaralibrary.com



*45. വ്യഭിചരിക്കുന്ന എപ്പിസ്കോപ്പാമാർ, പ്രെസ്ബിററർമാർ, ഡീക്കന്മാർ, അൽമായർ എന്നിവരെക്കുറിച്ച്:*

ഏതെങ്കിലും പ്രെസ്ബിററർ വ്യഭിചാരം എന്ന തെററിൽ യദൃച്ഛയാ വീഴാനിടയായാൽ, - മുമ്പ് ഇപ്രകാരമൊരു സ്വഭാവദൂഷ്യം ഇല്ലാത്തവനും തെററിനുമുമ്പ് അയാളെപ്പററി നല്ല സാക്ഷ്യം ലഭിച്ചവനും ഇപ്രകാരമൊന്ന് മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്തവനും, അവിവാഹിതനുമാണെങ്കിൽ – അയാരം ഒരു വർഷം മുഴുവൻ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിക്കണം; കഴിവനുസരിച്ച് ദാനധർമ്മങ്ങരം കൊടുക്കണം. പ്രായശ്ചിത്ത കാലാവധി പൂർത്തിയാക്കി കഴിയുമ്പോരം അയാരംക്ക പൗരോഹിത്യ ശുശ്രൂഷ പുനരാരംഭിക്കാം. ഇതാണ് പൊതുസിനഡിൻെറ ഹിതം.[53]

എന്നാൽ അനുതാപാനന്തരം വീണ്ടും തെററിൽ വീണാൽ പൗരോഹിത്യ പദവിയിൽനിന്ന് അയാളെ നിഷ്കാസനം ചെയ്യണം. അനുതപിച്ചാലും സഭാശുശ്രൂഷകരം വീണ്ടും അയാളെ ഏല്പിക്കാൻ പാടില്ല. ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കുന്നതിൽനിന്ന് അയാളെ നിരോധിക്കേണ്ട.

വിവാഹിതനായ ഒരു പട്ടക്കാരൻ തൻെറ ഭാര്യ ജീവിച്ചിരിക്കെ ഇപ്രകാരമുള്ള തെററിലകപ്പെട്ടതായി കണ്ടാൽ, പൗരോഹിത്യത്തിൽനിന്ന് അയാളെ നിഷ്കാസനം ചെയ്യണം. പൗരോഹിത്യ ശുശ്രൂഷ വീണ്ടും അയാളെ ഏല്പിക്കാൻ പാടില്ല.

ഡീക്കന്മാരെ സംബന്ധിച്ചും ഇപ്രകാരം ആയിരിക്കണം; എന്നാൽ ശിക്ഷയുടെ കാലാവധി ആറുമാസം മാത്രമായിരിക്കും. പ്രാർത്ഥനയും ഉപവാസവും അനുതാപകർമ്മങ്ങളും ദാനധർമ്മങ്ങളും നടത്തിക്കഴിയുമ്പോരം തൻെറ പൗരോഹിത്യ ശുശ്രൂഷ തുടർന്നുനടത്താൻ അയാളെ അനുവദിക്കാം. അയാരം വീണ്ടും തെററിലകപ്പെട്ടാൽ രണ്ടാമതൊരിക്കൽക്കൂടി അനുതപിക്കാനുള്ള അവസരം അയാരംക്ക നൽകണം. എന്നാൽ ശിക്ഷയുടെ കാലം ഇരട്ടിയായി, ഒരു വർഷമായിരിക്കും. അതിനുശേഷം അയാരംക്ക ശുശ്രൂഷ ചെയ്യാം. വീണ്ടും അയാരം തെററ് ചെയ്താൽ പൗരോഹിത്യത്തിൽനിന്ന് അയാളെ നിഷ്കാസനം ചെയ്യണം. അയാരം വിവാഹം കഴിക്കയും അയാളുടെ ഭാര്യ ജീവിച്ചിരിക്കയും ചെയ്യുന്നെങ്കിൽ, ഒരു വർഷത്തേയ്ക്ക് അയാരം അനുതപിക്കണം. തൻെറ തെററിന് മൂന്ന വർഷത്തേയ്ക്ക് അയാരം പ്രായശ്ചിത്തം ചെയ്യണം. പ്രായശ്ചിത്തം പൂർത്തി

53. *Ibid*. 6.6.

www.malankaralibrary.com



യായി കഴിയുമ്പോൾ സഭാശുശ്രൂഷയിൽ തുടർന്നു പ്രവേശിക്കാം. എന്നാൽ വീണ്ടും അതിലേക്കു തിരിഞ്ഞാൽ പൗരോഹിത്യത്തിൽ നിന്നു് അയാളെ നിഷ്കാസനം ചെയ്യണം.

ചുരുക്കത്തിൽ: ആദ്യ തെററിനുതന്നെ എപ്പിസ്കോപ്പായെ നിഷ്കാസനം ചെയ്യണം; അവിവാഹിതനായ പ്രെസ്ബിററിനു് ഒരവസരം മാത്രം നൽകണം; വിവാഹിതനു് ഇതു നല്ലാൻ പാടില്ല; അവിവാഹിതനായ ഡീക്കനു് രണ്ടവസരം നൽകാം; വിവാഹിതനു് ഒരിക്കൽ മാത്രം.

സഹോദരന്മാരും അൽമായരും ഈ തെററിലുൾപ്പെട്ടാൽ, തെററിനനുസൃതം ശിക്ഷിക്കപ്പെടണം. സമൂഹത്തിൽനിന്നു് അവർ നഷ്ടപ്പെട്ടു പോകത്തക്കവിധം ക്രൂരമായിരിക്കരുതു് അവക്കുള്ള ശിക്ഷ. അവരുടെ നാശം ഇരട്ടിയാകാതിരിക്കാൻ, വളരെ അയഞ്ഞ മനസ്ഥിതിയും അവരോടു് കാണിക്കാൻ പാടില്ല. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശാപത്തിൽ ഉൾപ്പെടുത്തുന്നു.

### *46. അക്രൈസ്തവ കർമ്മങ്ങൾ ചെയ്യുന്നവരെപ്പററി:*

സഭാകുടുംബത്തിലെ ഏതെങ്കിലും അംഗം അക്രൈസ്തവ കർമ്മങ്ങളിലേർപ്പെടുന്നതു കണ്ടാൽ ക്ഷമാപൂർവ്വം വളരെ താല്പര്യത്തോടു കൂടി അയാളെ തിരിച്ചുകൊണ്ടുവരുവാൻ ശ്രദ്ധിക്കണം എന്നതാണു് പൊതുസിനഡിൻെറ താല്പര്യം. അയാൾ വഴിതെററി സഭാകുടുംബത്തിൽനിന്നകന്നുപോകാതിരിക്കാനായി വളരെയധികം ശ്രദ്ധിക്കണം. അവൻ രോഗഗ്രസ്ഥനാകയാൽ അയാളുടെ തെററിനു് അയാളുടെ മനസ്സും മററും അറിഞ്ഞു് ശിക്ഷ നടപ്പാക്കണം.

എന്നാൽ അവൻ അനുതപിക്കുന്നില്ലെങ്കിൽ, പ്രബോധനവും അനുതാപവും അവൻെറ ദൃഷ്ടിയിൽ അർത്ഥശൂന്യമാണെങ്കിൽ, ഉണങ്ങിയ കൊമ്പുപോലെ അവനെ സമൂഹത്തിൽനിന്നു പൂർണ്ണമായി വെട്ടി മാററണം.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

### *47. ജയിൽസന്ദർശകനെപ്പററി:*

എല്ലാ പട്ടണങ്ങളിലും സന്യാസികളുടെ ഇടയിൽനിന്നു് ആത്മാത്ഥതയും സംസാരശക്തിയുമുള്ള ഒരാളെ സമൂഹം തെരഞ്ഞെടുക്കണം എന്നതാണു് പൊതുസിനഡിൻെറ ഹിതം.[54] പള്ളിയിലോ

54. *Ibid*. 5. 20.

www.malankaralibrary.com



സെനോഡോക്കെയിനിലോ അയാശക്കു പാക്കാൻ ഒരു മുറി നല്കണം. അയാൾ ജയിലിൻെറ അപ്പോക്രിസാര ആയിരിക്കും. ജയിലിലുള്ള സഹോദരന്മാരെയെല്ലാം അയാശ സന്ദർശിക്കണം. ജയിൽ വിമുക്തരാകേണ്ടവക്കുവേണ്ടി അയാശ അഭ്യർത്ഥന നടത്തണം.

ചിലരെ വിട്ടുവിക്കാൻ ചെലവോ നഷ്ടമോ ഉണ്ടാകുകയും അയാശക്കതിനു വകയില്ലാതിരിക്കയും ചെയ്താൽ കരുണാർദ്രരും സഹായിക്കാൻ സന്നദ്ധതയുള്ളവരും ആയ സ്ത്രീപുരുഷന്മാരെ അയാശ സമീപിച്ച് അവരിൽനിന്നു സഹായം സ്വീകരിക്കട്ടെ. അതു് ജയിലിൽ കിടക്കുന്നവക്കുവേണ്ടി കൊടുത്തു് അവരെ ജയിൽ വിമുക്തരാക്കട്ടെ.

ജാമ്യം നിൽക്കേണ്ട കേസാണെങ്കിൽ അയാശ അപ്രകാരം ചെയ്യട്ടെ; അയാളെ വേണ്ടവണ്ണം തീററിപ്പോററി അയാളുടെ കാര്യത്തിൽ ശ്രദ്ധിക്കണം. ഏതെങ്കിലും കുററത്തിനു് ജയിലിൽ അടയ്ക്കപ്പെട്ട വിശ്വാസി, ജയിൽ വിമുക്തനാകാൻ അർഹനല്ലെങ്കിൽ തന്നെയും, അവനു് ഭക്ഷണവും വസ്ത്രവും നൽകി അവൻെറ കാര്യവും ശ്രദ്ധിക്കണം.

തങ്ങളുടെ വിധിതീർപ്പുണ്ടാകുന്നതുവരെ എല്ലാവരുടെയും ശാരീരികാവശ്യങ്ങശ സാധിച്ചുകൊടുക്കണം. കാരണം, നമുക്കെന്താണ് സംഭവിക്കാൻ പോകുന്നതെന്നു് നമുക്കാക്കും അറിവില്ലല്ലോ.

എല്ലാം നശിച്ചുപോയ ഒരു വിശ്വാസി ഉണ്ടെന്നിരിക്കട്ടെ. അവൻ തിന്നുകുടിച്ച് ധൂർത്തടിച്ച് തൻെറ പണം ദുർവ്യയം ചെയ്തതല്ല; പിന്നെയോ വിധിവൈപരീത്യത്താൽ ഇപ്രകാരം സംഭവിക്കയുണ്ടായി. ഈ സാഹചര്യത്തിൽ അയാശക്കുവേണ്ടി ഒരഭ്യർത്ഥന നടത്തണം. ഓരോരുത്തനും കഴിവനുസരിച്ചുള്ള സംഭാവനകശ നൽകണം. ലഭിക്കുന്ന തുക അവനെ ഏല്പിച്ച് അവൻെറ അരിഷ്ടതയിൽ നിന്നു് അവനെ കരകയററണം.

ശാപം കൂടാതെയാണ് പൊതുസിനഡ് ഇതു് പാസാക്കിയിരിക്കുന്നതു്.

## *48. ആശ്രമാധ്യക്ഷനെ വാഴിക്കുന്ന വിധം:*

യാദൃച്ഛയാ ആരും ആശ്രമാധ്യക്ഷനാകാൻ പാടില്ല. പിന്നെയോ, ആശ്രമത്തിൽ വേണ്ടത്ര പരിശീലനം ലഭിച്ചവനും സന്യാസനിയമങ്ങളറിയാവുന്നവനും സാധാരണ മാനസരെ പ്രബോധിപ്പിക്കാൻ കഴിവുള്ളവനും, എഴുത്തും വായനയും അറിയാവുന്നവനും മനുഷ്യരുടെ

www.malankaralibrary.com



ഇടയിൽ നീതി നടത്താൻ കഴിവുള്ളവനും ശ്രദ്ധപൂർവം നേതൃസ്ഥാനത്തു നില്ക്കുന്നവനുമായിരിക്കണം. ഇതാണ് പൊതുസിനഡിന്റെ ഇംഗിതം.[55]

ഗുരുവിന്റെ കീഴിലുള്ള പരിശീലനകാലത്ത് ഈ ഗുണങ്ങൾ വ്യക്തമാക്കപ്പെടുകയും അയാളെ ഏൽപ്പിച്ച ആശ്രമജോലികൾ വിശ്വസ്തതാപൂർവം ചെയ്കയും ചെയ്താൽ, അയാൾ അദ്ധ്യക്ഷനാകാൻ യോഗ്യൻതന്നെ.

ആശ്രമാധ്യക്ഷനായശേഷം തന്റെ സർവകഴിവും ഉപയോഗിച്ച് ആശ്രമോന്നതിക്കായി പ്രയത്നിക്കണം. ആശ്രമത്തിന് ഒന്നും കുറവുണ്ടാകാതിരിക്കാൻ യത്നിക്കണം. കുറവുകൾ നിമിത്തം സഹോദര സമൂഹം ചിതറിക്കപ്പെടാനും ശാന്തി ലഭിക്കാത്തതിനാൽ സന്യാസികൾ പെട്ടെന്ന് നശിച്ചുപോകാനും ഇടയാകാതിരിക്കട്ടെ.

എപ്പിസ്കോപ്പാ, ആർച്ചുഡീക്കൻ, കോറെപ്പിസ്കോപ്പാ എന്നീ അധ്യക്ഷന്മാർക്ക് അയാൾ വിധേയനായിരിക്കണം. കോറെപ്പിസ്കോപ്പായുടെ കല്പന കൂടാതെ ഒരു വസ്തുവകയും വാങ്ങുകയും വില്ക്കുകയും ചെയ്യാൻ പാടില്ല. ശാപം കൂടാതെയാണ് ഈ കാനൻ നിശ്ചയിച്ചിരിക്കുന്നത്.

*49. അധ്യക്ഷന്റെ കീഴിലുള്ള മാനേജർ[56], വാതിൽ കാവൽക്കാരൻ, താഴ്ന്ന ജോലിക്കാർ എന്നിവരെക്കുറിച്ച്:*

ദൈവഭയത്തിൽ തീക്ഷ്ണതയുള്ളവരും ശ്രദ്ധയുള്ളവരും അദ്ധ്വാനനിരതരുമായ സഹോദരന്മാരെ അധ്യക്ഷൻ വേർതിരിക്കണം. റാബ്ബൈ ബാതേ ആയും ആശ്രമ വാതിൽക്കൽ കാവൽക്കാരായും ആശ്രമങ്ങളുടെ പരിശോധകരായും അവർ ആശ്രമത്തിന്റെയും സഹോദരങ്ങളുടെയും ആവശ്യങ്ങൾ താല്പര്യപൂർവം സാധിച്ചുകൊടുക്കുകയും അധ്യക്ഷനുപകരം ശുശ്രൂഷ ചെയ്യുകയും ചെയ്യട്ടെ. ഇവർ ഓരോരുത്തരും തങ്ങളുടെ സ്ഥാനങ്ങളിൽ നിന്നുകൊണ്ട് ആശ്രമ ശുശ്രൂഷ ചെയ്യട്ടെ എന്നതാണ് പൊതുസിനഡിന്റെ ഹിതം.[57]

ഈ കാനോനോട് ശാപം ചേർത്തിട്ടില്ല.

---

55. *Ibid*. 7.2.

56. റാബ്ബൈതാ.

57. *Ibid*. 6.2.

www.malankaralibrary.com



*50. മാനേജരെക്കുറിച്ച്:*

മാനേജർ ആശ്രമത്തിൽ പാർക്കുന്നതു് ഉചിതമല്ല. അയാൾ അത്യാഗ്രഹിയാകരുതു്; തൻെറ സഹോദരങ്ങളോടുകൂടെയല്ലാതെ തനിയെ തിന്നുകുടിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിൻെറ ഹിതം.

അയാൾ ശാന്തമായി സംസാരിക്കണം. തൻെറ കൈയിലുള്ളതു് കൊടുക്കാൻ നിർദ്ദേശം ലഭിക്കുമ്പോൾ സന്തോഷത്തോടുകൂടി കൊടുക്കണം. മററുള്ളവരേക്കാൾ കൂടുതൽ ജോലി ചെയ്യുന്ന സഹോദരന്മാർ ആരാണെന്നു് നോക്കിക്കണ്ടുവയ്ക്കണം. പ്രത്യേകമായി രോഗികളെ പരിചരിക്കണം.

ആശ്രമത്തിൻെറ സ്നേഹിതരെയും ഗുണകാംക്ഷികളെയും പ്രബോധകരെയും നിന്ദിക്കരുതു്;തനിക്കുള്ളവകൊണ്ടു് മര്യാദപൂർവ്വം അവരെ സ്വീകരിക്കണം.

തൻെറ സംരക്ഷണയിലുള്ള വസ്തുവകകളൊന്നും നിന്ദിക്കരുതു്. അവ നഷ്ടപ്പെടാനിടയാകരുതു്. സഹോദരങ്ങൾക്കും വഴിപോക്കർക്കും ഉപയോഗിക്കാൻ കൊടുക്കാതെ അവ ദൂരെ എറിഞ്ഞു കളയാനും പാടില്ല. അപ്പോൾ, താൻ ദൈവത്തിൻെറ വസ്തുവകകൾ നശിപ്പിച്ചു എന്നു് മന:സാക്ഷിക്കുടി ഉണ്ടാകുകയില്ല; അയാൾ മൂലം സാത്താൻ സന്തോഷിക്കാനും ഇടയാകില്ല.

*51. പടിവാതിൽക്കൽ ഇരിക്കുന്നയാൾ:*

വാതിൽ കാവൽക്കാരനായ സഹോദരൻ എല്ലാവരോടും ശാന്തതയോടും സൗഹൃദത്തോടും സംഭാഷണം ചെയ്യുന്നവനായിരിക്കണം.

തന്നോടു കലഹിക്കുന്നവരോടു് ശാന്തതയോടുകൂടി വർത്തിക്കണം; തന്നെ പ്രകോപിപ്പിക്കുന്നവരോടു് തക്കിക്കുകയോ, അവരെ പരിഹസിക്കുകയോ ചെയ്യരുതു്.

അയാൾ പരദൂഷകനാകരുതു്; ഉച്ചഭാഷണം നടത്തുന്നവനാകരുതു്; പ്രശ്നങ്ങൾ ഉണ്ടാക്കുന്നവനാകരുതു്. അവൻ ദീർഘശാന്തനായിരിക്കണം; തന്നെ നിന്ദിക്കുന്നവരോടുപോലും ശാന്തമായി പെരുമാറണം. അവൻ ആരേയും–ധനികരെയും ദരിദ്രരെയും–നിന്ദിക്കരുതു്.

www.malankaralibrary.com



വാതിൽക്കൽ മുട്ടുന്ന എല്ലാവക്കും അയാരം പെട്ടെന്നു് മറുപടി നൽകണം. അവൻ ശ്രേഷ്ഠനായിരിക്കണം; ഓരോരുത്തക്കും അർഹമായ ബഹുമാനം നൽകണം.

ആശ്രമങ്ങളിൽ വരികയും പോകുകയും ചെയ്യുന്ന ആളുകരം ആശ്രമാധ്യക്ഷനെ എന്തെങ്കിലും അപവാദം പറയുന്നതു കേട്ടാലുടൻ ഓടിപ്പോയി ആശ്രമാധ്യക്ഷനെ അറിയിക്കരുതു്. അദ്ദേഹത്തിനതു വിഷമമുണ്ടാകും; സഹോദരന്മാരുടെ സമൂഹത്തിനു് പ്രയാസമുണ്ടാകും. ഇതിൽനിന്നു് പിന്നീടു് മററുകുഴപ്പങ്ങളുമുണ്ടാകാം. എന്നാൽ അതിനു പററിയ സമയം കണ്ടെത്തി, അതായതു് അധ്യക്ഷനു് പ്രയാസം തോന്നാത്ത സമയം നോക്കി, ഈ കാര്യം അദ്ദേഹത്തെ അറിയിക്കുക ആരാണു് അധ്യക്ഷനെ ബഹുമാനിക്കുന്നതു്, ആരാണു് നിന്ദിക്കുന്നതു് എന്നു് അറിയാൻ ഇതു സഹായിക്കും.

ആശ്രമാധ്യക്ഷൻെറ അനുവാദം കൂടാതെ സഹോദരന്മാരെ പുറത്തു പോകാൻ അവൻ അനുവദിക്കരുതു്. വാതിൽക്കാവൽക്കാരൻ, തൻെറ മുറിയിൽ ഇരുന്നു് തിന്നുകുടിക്കാൻ സഹോദരന്മാരെ അനുവദിക്കരുതു്.

തനിക്കായി ആശ്രമത്തിലെ സഹോദരന്മാരിൽനിന്നു് അവൻ ഒന്നും സ്വീകരിക്കരുതു്. സഹോദരന്മാർ തൻെറ ചുററും ശേററിങ്കൽ കൂടി വൃത്തികെട്ട കാര്യങ്ങരം പറയാൻ അയാരം അനുവദിക്കരുതു്.

ഒരപരിചിതൻ വന്നു് തൻെറ പെട്ടി സൂക്ഷിക്കാനായി ഏല്പിച്ചാൽ അയാരം അതു തുറക്കുകയോ, അതിലേക്കു് ഒളിഞ്ഞുനോക്കുകയോ, അതു തൻെറ കൈകൊണ്ടു് സ്പർശിക്കുകയോ ചെയ്യാൻ പാടില്ല.

എല്ലാവരെയും ബഹുമാന്യ വ്യക്തികളായി സ്വീകരിക്കണമെങ്കിലും ചിലരെ സംബന്ധിച്ച് അയാരം കരുതലുള്ളവനായിരിക്കണം.

ആശ്രമത്തിൻെറ കഴിവിനനുസൃതം അയാരം ശേററിങ്കൽവച്ച് ദാനധർമ്മം നടത്തണം. ദരിദ്രരുടെ സ്നേഹിതൻ എന്നു ഭാവിച്ച് സുഗന്ധതൈലം വില്ക്കാമായിരുന്നു എന്നു നിർദ്ദേശിച്ച സ്കറിയോത്തായേപ്പോലെ അയാരം ''എല്ലാവരുടെയും'' സ്നേഹിതനായിത്തീർന്നു് ആശ്രമാധ്യക്ഷനു് പ്രശ്നം ഉണ്ടാക്കരുതു്. പിന്നെയോ, വഞ്ചന കൂടാത്ത സ്നേഹത്തോടു കൂടെ കഴിവുകളൊക്കെയോടുംകൂടെ അയാരം ശുശ്രൂഷിക്കട്ടെ.

ശാപം കൂടാതെയാണു് ഈ കാനൻ പാസാക്കിയിരിക്കുന്നതു്.

www.malankaralibrary.com



*52. ഒരാൾ ആശ്രമ സന്ദർശകനായി തീരുന്നതെങ്ങനെ:*

തനിക്കുള്ളതെല്ലാം നൽകുവാനായി സഹോദരങ്ങളുടെ പേരിൽ ആശ്രമസന്ദർശകന് പുറത്തു പോകുകയും വരികയും ചെയ്യാം എന്നതു ശരിയാണ്. എന്നാൽ അയാൾ അത്യാഗ്രഹം കാട്ടരുത്. ഇതാണ് പൊതുസിനഡിൻെറ തീരുമാനം.[58]

അവനൊന്നും സ്വന്തമായി ഉണ്ടായിരിക്കാൻ പാടില്ല. ആശ്രമാധ്യക്ഷനിൽ നിന്ന് ബൂർക്സാ ആയി ലഭിക്കുന്നതു് അവന് മതിയാകും. ബൂർക്സാ അല്ലാതെ കിട്ടുന്നതൊക്കെ എടുക്കുന്നവർക്ക് അതു ശാപമായിത്തീരും.

അവൻ തൻെറ കഴുത്തും മനസ്സും കുനിച്ചുകൊടുക്കണം; തൻെറ ആഗ്രഹങ്ങളെയും വികാരങ്ങളെയും നിയന്ത്രിക്കണം.

കാണുന്ന കാഴ്ചകളോ കേൾക്കുന്ന സംഗതികളോ അയാളെ മത്തു പിടിപ്പിക്കരുതു്. തെന്നലുള്ള ചരിവുകൾ വരുന്നതിനു മുൻപ് അവയെ തിരിച്ചറിഞ്ഞു് അവൻ സുസജ്ജനായിരിക്കണം.

അവനെതിരെ ഉണ്ടാകുന്ന കെണികൾക്കും ഇടർച്ചകൾക്കും അവൻ തലകുനിക്കരുതു്. തൻെറ എല്ലാ ഇന്ദ്രിയങ്ങളെയും സംബന്ധിച്ച് അവൻ വിശുദ്ധിയും നിഷ്ക്കളങ്കതയും ആകുന്ന മതിൽ ഉയർത്തണം.

മററ് പുരുഷന്മാരില്ലാതെ യുവതികളുമൊത്തു് അവൻ ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യാൻ പാടില്ല. അവൻ അവരോടധികം സംസാരിക്കരുതു്. അവരുടെ സാന്നിധ്യത്തിൽ പുസ്തകം വായിക്കരുതു്. നീ അവൾക്കൊരു പുസ്തകം വായിച്ചു കൊടുക്കുമ്പോൾ അവൾ തൻെറ വഞ്ചനയായിരിക്കും ധ്യാനിച്ചുകൊണ്ടിരിക്കുക. അവളുടെ വഞ്ചന നിൻെറ വായനയെ കീഴടക്കാതിരിക്കട്ടെ. കൂടാതെ അയാൾ ആശ്രമത്തിൻെറ ആവശ്യങ്ങളെപ്പററിയും സഹോദരങ്ങളുടെ ആവശ്യങ്ങളെപ്പററിയും ശ്രദ്ധാലുവായിരിക്കണം.

ഇടർച്ചയുണ്ടാക്കുന്നിടത്തു് അയാൾ പാർക്കരുതു്. ആശ്രമത്തിൻെറ വസ്തുവകകൾ ഒന്നും തൻെറ ബന്ധുക്കൾക്കോ സ്നേഹിതർക്കോ അയൽക്കാർക്കോ അയാൾ നൽകാൻ പാടില്ല.

അവനെ കാണുന്നവരെല്ലാം അവൻ വഴി അനുഗ്രഹം പ്രാപിക്കണം. ''ഏതു ദാസൻ മൂലം തൻെറ യജമാനൻെറ നാമം സ്തുതിക്ക

58. *Ibid* 7.2.

www.malankaralibrary.com



പ്പെടുന്നുവോ ആ ദാസൻ ഭാഗ്യവാൻ'' എന്നെഴുതപ്പെട്ടിരിക്കുന്നതു് അവനിൽ അന്വർത്ഥമാകും.

ശാപം കൂടാതെയാണ് ഈ കാനൻ പാസാക്കിയിട്ടുള്ളതു്.

*53. ആശ്രമാധ്യക്ഷൻെറ കീഴിലുള്ള ശിഷ്യൻ:*

അധ്യക്ഷൻെറ ശിഷ്യനായി അദ്ദേഹത്തെ പരിചരിക്കാനായി അടുത്തു നില്ക്കുന്നയാറ ഇസ്രായേലിലെ പ്രഭു ശപാതിൻെറ മകനായ ഏലീശായുടെ ദൃഷ്ടാന്തത്തെ അനുകരിക്കണം.[59] സ്നേഹത്തോടും ഭയത്തോടുംകൂടെ അദ്ദേഹം ഭാഗ്യവാനായ ഏലിയായെ ശുശ്രൂഷിച്ചു. ഗാലാദിലെ കുടിയേററക്കാരിലൊരാളുടെ മകനായിരുന്നു ഏലിയാ. ''രാജ്യത്തിലെ പ്രഭുക്കന്മാരുടെ മകനായ ഞാൻ എപ്രകാരമാണ് കുടിയേററക്കാരുടെ മകനായ ഈ പാവപ്പെട്ട മനുഷ്യനെ ശുശ്രൂഷിക്കുന്നതു്?'' എന്നു് ഏലീശാ പറഞ്ഞില്ല. ഏലിയാ തൻെറ സ്വന്തം നാടും ഗോത്രവും ഉപേക്ഷിച്ചു് കർത്താവിനുവേണ്ടി ഒരു പരദേശിയായിത്തീർന്നു. രാജ്യത്തിലെ പ്രഭുക്കന്മാർ അദ്ദേഹത്തിൻെറ ശിഷ്യരാകുവാൻ അയോഗ്യരായിരുന്നു. ശിഷ്യൻ ഈ കാര്യങ്ങളെല്ലാം ചിന്തിച്ചു് ധ്യാനിക്കണം. ഇതാണ് പൊതുസിനഡിൻെറ ഹിതം.

നമ്മുടെ ആദ്ധ്യാത്മിക പിതാക്കന്മാരുടെ ശാരീരികാവശ്യങ്ങൾ സാധിച്ചുകൊടുത്തുകൊണ്ടല്ലാതെ മററന്തു പ്രത്യുപകാരം അവക്കു ചെയ്യാൻ നമ്മെക്കൊണ്ടാവും?

അധ്യക്ഷനാകട്ടെ എല്ലാ ദിവസവും വളരെ നേരത്തെ എഴുന്നേററു് തൻെറ മക്കൾക്കുവേണ്ടി ദൈവത്തിനു ബലിയർപ്പിച്ച ഭാഗ്യവാനായ ജോബിനെപ്പോലെ (1:5) വർത്തിക്കണം.

ഈ കാനോനാകട്ടെ ശാപം കൂടാതെയാണ്.

*54. സന്യാസികളുടെ നിയമങ്ങളെയും ശിക്ഷണത്തെയും സംബന്ധിച്ചു്:*

അധ്യക്ഷൻ നിശ്ചയിച്ച രീതി അനുസരിച്ചു് സഹോദരന്മാരുടെ സമൂഹം മുഴുവൻ ശുശ്രൂഷകളിലും പ്രാർത്ഥനയിലും വായനയിലും ഉപവാസത്തിലും സ്ഥിരമായിരിക്കണം എന്നതാണ് ഈ സിനഡിൻെറ ഇംഗിതം.[60]

---

59. 1 രാജാ. 17.

60. അബ്ദീശോ, നോമോകാനൻ, 7.2.

www.malankaralibrary.com



ആഴ്ചതോറും ഉള്ള ജോലികൾ എല്ലാവരും തുല്യമായി ചെയ്യണം.

അപരിചിതനായ 'ബർക്യാമായും' അവരോടൊത്തു ഭക്ഷിക്കട്ടെ; എന്നാൽ അൽമായൻ തനിച്ചോ, അധ്യക്ഷനോടുകൂടിയോ ഭക്ഷിക്കട്ടെ.

ഭക്ഷണത്തെപ്പററി പിറുപിറുത്തു നടക്കുകയും ഈ ദുർഗ്ഗുണത്തിൽ നിന്നൊഴിയാതിരിക്കയും ചെയ്യുന്നയാളുടെ കാര്യത്തെപ്പററി കോറെപ്പിസ്കോപ്പാ തീരുമാനമെടുക്കണം.

ആശ്രമത്തിനാവശ്യത്തിനു വകയുണ്ടായിട്ടും സഹോദരങ്ങൾക്കായി അധ്യക്ഷൻ ചെലവഴിക്കാത്തതിനാലാണ് കുററപ്പെടുത്തൽ ഉണ്ടായതെങ്കിൽ, ഉചിതമാംവിധം കോറെപ്പിസ്കോപ്പാ താക്കീതു നൽകണം; ഇപ്രകാരം മേലിൽ പ്രവർത്തിക്കരുതെന്നു കല്പിക്കയും വേണം.

എന്നാൽ കുററപ്പെടുത്തിയ സഹോദരൻ ഭോജനപ്രിയനാണെങ്കിൽ തന്റെ തെററിനു തക്ക ശിക്ഷ നൽകണം.

തന്റെ സഹസന്ന്യാസിയെ ഒരു സന്ന്യാസി അടിച്ചാൽ – അടികൊണ്ടയാൾ അതു സഹിക്കയും തിരിച്ചടിക്കാതിരിക്കയും ചെയ്താൽ തന്റെ തെററിൽനിന്നു് അയാൾ വിമുക്തനായിരിക്കും. എന്നാൽ അടികൊണ്ടവനും തിരിച്ചടിച്ചെങ്കിൽ ആദ്യമടിച്ചയാൾ നാല്പതു ദിവസവും മറേറയാൾ ഇരുപതു ദിവസവും ജാഗരണം നടത്തണം.

അധ്യക്ഷനെതിരെ കരമുയർത്തിയവനു് ചാട്ടവാറുകൊണ്ടു് നാല്പതു് ചുട്ട അടി കൊടുക്കണം. അവനെ മറെറാരാശ്രമത്തിലേക്കു് മാററണം. അവൻ ഒരു വഷം ഉപവാസത്തിലും നസ്രായവ്രതത്തിലും കഴിയണം. അവനോടാരും സംസാരിക്കാനും പാടില്ല. അങ്ങനെ അവൻ ലജ്ജിതനായിത്തീരട്ടെ. ശിക്ഷ പൂത്തിയായി കഴിയുമ്പോൾ അവനു് ആശ്രമത്തിൽ തിരികെ വരാം. അയാൾ മുതിന്ന സഹോദരനാണെങ്കിൽ, അവസാനത്തവനായി അവനെ സ്വീകരിക്കണം. പരദൂഷണം പറയുന്നയാൾ ആശ്രമത്തിൽനിന്നു് ഉടനെ തന്നെ പുറപ്പെട്ടുപോകണം. മദ്യപാനിയായ സഹോദരനോടു മൂന്നു പ്രാവശ്യം ക്ഷമിക്കാം; തന്റെ തെററിനു തക്ക ശിക്ഷ അയാൾക്കു നൽകണം.

ആരോഗ്യമുണ്ടെങ്കിലും ജോലി ചെയ്യാത്ത സഹോദരനെ തനിയെ മാററി ഇരുത്തി മററുള്ളവരേക്കാൾ കുറച്ചു് ഭക്ഷണം നൽകണം. മററുള്ളവരെ ദുഷിപ്പിക്കുന്ന സഹോദരനോടു് പത്തു പ്രാവശ്യംവരെ ക്ഷമിക്കാം; അവന്റെ തെററിനു തക്ക പ്രായശ്ചിത്തം നൽകണം.

www.malankaralibrary.com



അനുസരണരഹിതനായ സഹോദരനെ ഉടൻ തന്നെ ആശ്രമത്തിൽനിന്നു പുറത്താക്കണം.

ശുശ്രൂഷകളും ഉപവാസവും വെറുക്കുകയും പ്രബോധനം നിരസിക്കുകയും ചെയ്യുന്ന സഹോദരനെ ആശ്രമത്തിൽനിന്നു പുറത്താക്കണം.

വേശ്യാദോഷത്തിൽ വീണ സഹോദരനോടു് ഒരു പ്രാവശ്യം ക്ഷമിക്കാം; എന്നാൽ ഒരു വർഷത്തേക്കു് നസ്രായവ്രതം അനുഷ്ഠിക്കയും ജാഗരണം നടത്തുകയും വേണം. സമൂഹത്തിൽനിന്നു മോഷ്ടിക്കുന്നയാളെ ഉടൻ തന്നെ ആശ്രമത്തിൽനിന്നു നിഷ്കാസനം ചെയ്യണം. സമൂഹത്തിൽ കലഹവും പിളർപ്പും ഉണ്ടാക്കുന്നയാളെ ഉടൻ തന്നെ ആശ്രമത്തിൽനിന്നു പുറന്തള്ളണം. ശുശ്രൂഷാവസരം നിരന്തരം ഉറങ്ങുന്ന സഹോദരൻ ഭക്ഷണത്തിനു തനിയേ ഇരിക്കണം; മററുള്ളവരേക്കാൾ കുറച്ചു് ഭക്ഷിക്കണം.

ആഴ്ചയിലെ തൻെറ ജോലി മനഃപൂർവ്വം ചെയ്യാതിരിക്കയും ഭക്ഷണം നശിപ്പിക്കയും ചെയ്യുന്നയാളെ ഉടൻ തന്നെ ആശ്രമത്തിൽനിന്നു പുറന്തള്ളണം. എന്നാലതു് സാന്ദർഭികമായിട്ടാണു്, പതിവായിട്ടല്ല എങ്കിൽ അവനോടു ക്ഷമിക്കാം; അവനു താക്കീതു നൽകിയാൽ മതി.

ഭക്ഷണപാനീയങ്ങൾ, വസ്ത്രം, നിദ്ര എന്നിവ സംബന്ധിച്ചു് താഴെപ്പറയുന്നതുപോലെ ആയിരിക്കണം: ജോലി ചെയ്യുന്നവരുടെ ആശ്രമമാണെങ്കിൽ ആറാംമണിക്കും വൈകിട്ടുമായി ദിവസം രണ്ടു പ്രാവശ്യം അവർ ഭക്ഷിക്കണം. ജോലി ചെയ്യാത്തവരാണെങ്കിൽ ഒരു പ്രാവശ്യത്തെ ആഹാരം മതിയാകും. അവർക്കിഷ്ടമാണെങ്കിൽ വൈകിട്ടോ, ഒൻപതാം മണിക്കോ അവർ ഭക്ഷിക്കട്ടെ. അവരെല്ലാവരും ഒരു കെട്ടിടത്തിൽ തറയിൽ കിടന്നുറങ്ങട്ടെ. എന്നാൽ അധ്യക്ഷനും രോഗികളായ സഹോദരന്മാരും കട്ടിലിൽ കിടക്കട്ടെ. വസ്ത്രങ്ങൾ അഴിച്ചുമാററിയിട്ടു് ഉറങ്ങരുതു്; ഇടക്കെട്ടു് അഴിച്ചുമാററരുതു്. രണ്ടുപേർ ഒരു തലയിണ വച്ചുറങ്ങരുതു്.

യുദ്ധസന്നദ്ധനായ വ്യക്തിയെപ്പോലെ അവർ ശുശ്രൂഷയ്ക്കും ജാഗരണത്തിനും സന്നദ്ധരായിരിക്കണം.

ദിവസം ഏഴു പ്രാവശ്യം ശുശ്രൂഷകൾ നടത്തണം. രാവിലെ, മൂന്നാം മണിക്കു്, ആറാം മണിക്കു്, ഒൻപതാം മണിക്കു്, മേശയിൽ, വൈകിട്ടു്, രാത്രിയിൽ. ''നീതിമാനേ, നിൻെറ ന്യായവിധികളെ പ്രതി ദിവസത്തിൽ ഏഴുപ്രാവശ്യം ഞാൻ നിന്നെ സ്തുതിക്കുന്നു'' എന്നു ദാവീദ് പറഞ്ഞതു് സന്ന്യാസികൾ ഇപ്രകാരം പൂർത്തിയാക്കുന്നു (സങ്കീ 119:164).

www.malankaralibrary.com



ആശ്രമത്തിൽ ജോലിയും വേലയും ധാരാളമുണ്ടെങ്കിലും ബലഹീനരായ സഹോദരന്മാരെ ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിൽ നിന്നു് ഒഴിവാക്കാവുന്നതാണ്; ആരോഗ്യമുള്ളവരാകട്ടെ അദ്ധ്വാനിക്കണം.

നവംബർ മാസത്തിൽ അവക്കു് തണുപ്പിനുള്ള വസ്ത്രങ്ങൾ നൽകണം. ചൂടുകാലത്തു ധരിച്ചിരുന്ന വസ്ത്രങ്ങളിൽ ഓരോരുത്തരും താന്താങ്ങളുടെ പേരെഴുതണം; പൊതു സൂക്ഷിപ്പുസ്ഥലത്തു് അതു സൂക്ഷിക്കണം. തണുപ്പുകാലം കഴിയുമ്പോൾ, ഓരോരുത്തനും തൻെറ പേരെഴുതിയ ചൂടുകാലവസ്ത്രം എടുക്കണം. അപ്പോൾ തണുപ്പുകാലവസ്ത്രങ്ങളിൽ തങ്ങളുടെ പേരുകളെഴുതി മേല്പറഞ്ഞപോലെ സൂക്ഷിക്കണം.

വായനയെക്കുറിച്ചു്: ശരത്കാലത്തു്, ദിവസത്തിനു് ചൂടുകുറുതലുള്ളപ്പോൾ, ചൂടുവർദ്ധിച്ചു വരുന്നതുവരെ അതിരാവിലെ ജോലി ചെയ്യണം. ചൂടായിക്കഴിഞ്ഞാൽ, മദ്ധ്യാഹ്നപ്രാർത്ഥനയുടെ സമയം വരെ അവർ വായനയിൽ വ്യാപൃതരായിരിക്കണം. പ്രാർത്ഥനയ്ക്കു ശേഷം ഭക്ഷണവും കുറേനേരം വിശ്രമവും. ചൂടുകുറഞ്ഞുകഴിയുമ്പോൾ, സായാഹ്ന ഭക്ഷണത്തിൻെറ സമയംവരെ ജോലി ചെയ്യണം. ശുശ്രൂഷ്യ്ക്കുശേഷം അത്താഴം കഴിക്കണം. ദിവസത്തെ മൂന്നു ഭാഗങ്ങളായി തിരിക്കാം. ഒരു ഭാഗം പ്രാർത്ഥനയ്ക്കും വായനയ്ക്കും; ഒരുഭാഗം ജോലികൾക്കു്; മൂന്നാം ഭാഗം ഭക്ഷണത്തിനും വിശ്രമത്തിനും.

ശാരീരികാവശ്യത്തിനനുസൃതമായി മാത്രം അവർക്കു വീഞ്ഞു കുടിക്കാം. പെരുന്നാൾ ദിവസങ്ങളിൽ ആൾക്കു് ഒരു ഹെമീനാ വീതം; അനുസ്മരണാ ദിവസങ്ങളിലും ഒരു ഭാഗം വേർതിരിച്ചിരിക്കണം.

സഹോദരനെ ആശ്രമത്തിൽ സ്വീകരിക്കുന്നതിനുമുൻപ് പരിശോധിച്ചിരിക്കണം. അയാളുടെ ജോലി എന്തായിരുന്നു, അയാൾ എവിടെ നിന്നു വരുന്നു, സന്യാസിയാകുന്നതിനുള്ള പ്രേരണകൾ എന്തെല്ലാം എന്നു തുടങ്ങിയ സംഗതികളെപ്പററി ആരായണം.

അവൻ ഒരടിമയും അവൻെറ യജമാനൻ ഒരു വിശ്വാസിയുമാണെങ്കിൽ, യജമാനൻെറ അനുവാദത്തോടുകൂടെ മാത്രമേ അയാളെ സ്വീകരിക്കാവൂ. അവൻ സ്വതന്ത്രനാണെങ്കിലും വിശ്വാസികളായ മാതാപിതാക്കൾ സമ്മതം നൽകുന്നില്ലെങ്കിൽ സ്വീകരിക്കരുതു്. എന്നാൽ അവൻ മാതാപിതാക്കളിൽനിന്നകന്നു് വേറേ മാറി താമസിച്ചിരുന്നവനാണെങ്കിൽ അവനെ സ്വീകരിക്കാം. അവനു ഭാര്യയുണ്ടായിരിക്കയും അവൾ സമ്മതം നൽകാതിരിക്കുകയും ചെയ്താൽ അയാളെ സ്വീകരിക്കരുതു്.

www.malankaralibrary.com



ഭാര്യ സമ്മതിച്ചാലും, മക്കളുള്ളവരെ സ്വീകരിക്കാൻ പാടില്ല; ഭാര്യയുടെ പീഡനം സഹിക്കാൻ വയ്യാതെ ഓടിപ്പോയവനെ സ്വീകരിക്കാം.

മുൻവൈരാഗ്യം നിമിത്തമല്ല, മനസ്സറിഞ്ഞുകൊണ്ടുമല്ല പിന്നെയോ യാദൃച്ഛയാ ഒരാളെ കൊന്നവനെ സ്വീകരിക്കാം. അവനെതിരെ നടപടികളെടുക്കാൻ പോകുന്നെങ്കിൽ അധ്യക്ഷനും സമൂഹം മുഴുവനും, അവൻ കൊലപാതകിയല്ലാത്തതിനാൽ അവനെ രക്ഷിക്കാൻ വേണ്ടതു ചെയ്യണം.

ശാപം കൂടാതെയാണ് ഈ കാനൻ ഉറപ്പിച്ചിരിക്കുന്നത്.

*55. മുടക്കപ്പെട്ടവരെ സഹായിക്കുന്നവരെയും പ്രബോധനത്തിനു വിസമ്മതിക്കുന്നവരെയും സംബന്ധിച്ച്:*

ഏതെങ്കിലും തെററിലകപ്പെടുകയും ശിക്ഷണത്തിനും തിരുത്തലിനും അർഹനായിരിക്കുകയും ചെയ്ത സന്യാസിയോ അൽമായനോ ജനങ്ങളുടെ പക്കലേക്കു ചെന്ന് അഭയം തേടുകയും അധ്യക്ഷന്മാർ അയാളെ തിരുത്തി, തൻെറ തെററിനുള്ള ശിക്ഷ നൽകാനായി ജനങ്ങൾ അയാളെ അധ്യക്ഷന്മാർക്കേല്പിക്കാതിരിക്കയും ചെയ്താൽ, ആർച്ചുഡീക്കനും കോറെപ്പിസ്കോപ്പായുംകൂടി പോയി അയാളെപ്പററി ജനങ്ങളെ ധരിപ്പിക്കണം - അല്ലെങ്കിൽ തങ്ങൾ ചെയ്യുന്ന കാര്യം എന്താണെന്ന് ജനങ്ങൾക്കറിവില്ലാതെ പോകാനിടയുണ്ട്.

ദൈവത്തെ പ്രതി, അയാളുടെ കാര്യത്തിൽ അവർ വലിയ താല്പര്യം കാണിക്കണം. അയാളുടെ തെററിൻെറ ഗൗരവം മനസ്സിലാക്കി അധികാരികളെ ഏൽപിക്കുകയാണെങ്കിൽ അവർ നന്നായി പ്രവർത്തിക്കുന്നു. ഈ പ്രവൃത്തി സ്തുത്യർഹമാണ്.

എന്നാൽ തുടർന്നും അവർ അയാൾക്കുവേണ്ടി നിലകൊണ്ടാൽ അധികാരികൾ അയാൾക്കെതിരെ സാക്ഷ്യം നൽകണം; വിശ്വാസികളുമായുള്ള സംസർഗത്തിൽനിന്ന് അവരെ നിരോധിക്കണം. അവക്കും അയാൾക്കും എതിരെ ഒരു വിളംബരം പ്രസിദ്ധം ചെയ്യണം. അയാളുടെ തെററിൻെറ ഗൗരവം എന്താണെന്ന് സമൂഹം മുഴുവനേയും അറിയിക്കണം. ഇതാണ് പൊതുസിനഡിൻെറ ഇംഗിതം.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*56. പള്ളിക്കൂദാശയെ സംബന്ധിച്ച്:*

പട്ടണത്തിനടുത്തോ, പട്ടണത്തിലോ പള്ളികളോ, രക്തസാക്ഷിമണ്ഡപങ്ങളോ, ആശ്രമങ്ങളോ നിർമ്മിച്ചാൽ, മെത്രാൻ അവ കൂദാശ ചെയ്യണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം.

www.malankaralibrary.com



എന്നാൽ അവ അദ്ദേഹത്തിൻെറ ഭരണാതിർത്തിയിലെ അകന്ന സ്ഥലത്താണെങ്കിലും ആവശ്യമെന്നു കണ്ടാൽ മെത്രാൻ പോകുന്ന താണുത്തമം. അല്ലെങ്കിൽ കോറെപ്പിസ്കോപ്പാ പോയി കൂദാശ ചെയ്താൽ മതിയാകും.

ഈ അധികാരം മററാർക്കും നൽകാൻ മെത്രാനോ കോറെപ്പിസ്കോപ്പായ്ക്കോ അധികാരമില്ല. കാരണം അതു് ധിക്കാരം ആണ്.

ഈ കാനോനോട്ട് ശാപം ചേർത്തിട്ടില്ല.

*57. ബലിപീഠത്തിൻെറ സ്ഥാനം മാററാൻ പാടില്ല എന്നതു സംബന്ധിച്ച്:*

കോറെപ്പിസ്കോപ്പായുടെ അനുവാദം കൂടാതെ ആശ്രമാധ്യക്ഷനോ, ഗ്രാമത്തിലെ വൈദികനോ, ആശ്രമത്തിലെയോ പള്ളിയിലെയോ ബലിപീഠം ഒരു സ്ഥലത്തുനിന്നു മറെറാരിടത്തേക്കു മാററുവാൻ അധികാരമില്ലെന്നതാണ് പൊതുസിനഡിൻെറ ഹിതം. എന്തെങ്കിലും അത്യാവശ്യം ഉണ്ടായി, മാററാതിരിക്കാൻ പാടില്ലാത്ത അവസ്ഥയാണെങ്കിൽ അവർക്ക് അപ്രകാരം ചെയ്യാം. എങ്കിലും കോറെപ്പിസ്കോപ്പായിൽനിന്നു് അനുവാദം ലഭിച്ചിട്ടേ അതിൽ ബലിയർപ്പിക്കാവൂ. ഇതു ലംഘിക്കുന്നവനെ പൊതുസിനഡ് ശാപത്തിൽ ഉൾപ്പെടുത്തുന്നു.

*58. കാനോനാകരം ആണ്ടിൽ രണ്ടു പ്രാവശ്യം വായിക്കണം എന്നതു സംബന്ധിച്ച്:*

ബ്നൈ ക്യാമാ സമൂഹത്തിൻെറ മുമ്പാകെ കോറെപ്പിസ്കോപ്പാ ആണ്ടിൽ രണ്ടു പ്രാവശ്യം കാനോനാകരം വായിക്കണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം.[61]

സന്യാസികൾക്കുവേണ്ടിയുള്ളവ സന്യാസികളുടെ മുൻപാകെ വായിക്കണം. പെരുന്നാളുകൾക്കുള്ളവ പെരുന്നാളാഘോഷിക്കുന്നവരുടെ മുൻപാകെ വായിക്കണം. ഓരോരുത്തനും തൻെറ ക്രമത്തിൽ ശരിയായി നയിക്കപ്പെടണം; ഇടയന്മാർ സന്ദർശിക്കായ്കയാൽ അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ, നശിച്ചു പോകുവാൻ ഇടയാകരുതു്.

61. *Ibid.* 6.7.

www.malankaralibrary.com



*59. വിവാഹം സംബന്ധിച്ചുള്ള നസ്രായ വ്രതം സംബന്ധിച്ചും ആശ്രമത്തിന്റെ വസ്ത്രവും ഭക്ഷണവും സംബന്ധിച്ചും:*

മററു് വൈദികസ്ഥാനികാംക്കും അൽമായർക്കും അനുവദിച്ചിട്ടുള്ള ശുദ്ധബന്ധംപോലും സന്യാസികാംക്കനുവദനീയമല്ല. ആശ്രമങ്ങളിൽ അവർ മാംസം ഭക്ഷിക്കാൻ പാടില്ല. അവർ വെള്ള വസ്ത്രങ്ങളും പുറംകുപ്പായങ്ങളും ധരിക്കാൻ പാടില്ല. അവർ പാദങ്ങളിൽ ഷൂസിടാൻ പാടില്ല; പിന്നെയോ കണങ്കാൽ ചുററലുകളും തുകൽ കൊണ്ടുള്ള വള്ളിച്ചെരുപ്പുകളും മാത്രമേ ധരിക്കാവൂ. വൈദികരൊഴികെ മററാരും തല മുണ്ഡനം ചെയ്യുമ്പോാം കിരീടംപോലെ മുടിനിർത്താൻ പാടില്ല.

തുകൽവാറുകൊണ്ടു് അവർ അരക്കെട്ടു കെട്ടണം. വസ്ത്രധാരണത്തിൽ അവർ അടക്കമൊതുക്കം ഉള്ളവരായിരിക്കണം. അവരുടെ എല്ലാ വ്യാപാരങ്ങളിലും അവർ നല്ല പെരുമാററം ഉള്ളവരായിരിക്കണം.

യഥാർത്ഥ താപസരായിരുന്ന നമ്മുടെ ആദ്യപിതാക്കന്മാർ നമ്മെ പ്രബോധിപ്പിച്ചതുപോലെ, അൽമായരുടെ രീതികളിൽ നിന്നു് അവർ അകന്നിരിക്കണം.

ആശ്രമം ഉപേക്ഷിച്ചു് ഗ്രാമത്തിലായിരിക്കുന്ന സഹോദരൻ ഗ്രാമത്തിലെ ഉടമ്പടിയുടെ പുത്രന്മാരെപ്പോലെ പെരുമാറണം; പട്ടണത്തിലായിരിക്കുന്നയാാം പട്ടണത്തിലെ ഉടമ്പടിയുടെ പുത്രന്മാരെപ്പോലെയും പെരുമാറണം.

ഇത്രയും ഉപേക്ഷിച്ചു കഴിഞ്ഞാൽ പിന്നെ സന്യാസവസ്ത്രം ധരിച്ചു് പുറത്തിറങ്ങാൻ പാടില്ല. കാരണം, സന്യാസവസ്ത്രത്തെ ബഹുമാനിക്കാൻ അവനെക്കൊണ്ടു് കഴിഞ്ഞെന്നു വരില്ല; സന്യാസത്തെ സംബന്ധിച്ചു് ഇതൊരിടച്ചാഹേതുവായിത്തീരാനിടയുണ്ടു്.

ശാപം കൂടാതെയാണു് ഈ കാനൻ പാസാക്കിയിരിക്കുന്നതു്.

*60. പള്ളികളിലെ ശുശ്രൂഷയെപ്പററി:*

കൊറെപ്പിസ്കോപ്പാ നാട്ടിൻ പുറത്തെ വൈദികരെ അവഗണിക്കരുതു് എന്നതാണു് പൊതുസിനഡിന്റെ ഹിതം.[62] അദ്ദേഹം അവരെപ്പററി തിരക്കണം; ശ്രദ്ധാപൂർവം അവരുടെ കാര്യത്തിൽ

62. *Ibid.*

www.malankaralibrary.com



താല്പര്യം കാണിക്കണം: അവർ എപ്രകാരം ബലിപീഠത്തിൽ ശുശ്രൂഷ ചെയ്യുന്നു; വിശുദ്ധരഹസ്യങ്ങൾ അവർ എപ്രകാരം പരികർമ്മം ചെയ്യുന്നു; വി. തൈലം എപ്രകാരം അവർ കൂദാശ ചെയ്യുന്നു; സ്നാനം സ്വീകരിച്ചവരെ അവർ എങ്ങനെ പൂശുന്നു; അവർ വെള്ളം കൂദാശ ചെയ്യുന്നതെങ്ങനെ; അവർ എങ്ങനെ സ്നാനം കൊടുക്കുന്നു; സ്നാനം നൽകുമ്പോൾ അവർ ചൊല്ലുന്നതെന്തെല്ലാം തുടങ്ങിയവയെപ്പറ്റി അദ്ദേഹം ആരായണം. വി. കർബാനയുടെ കൂദാശയിൽ പൂർണ്ണമായും തീക്ഷ്ണതാപൂർവവും അദ്ദേഹം സംബന്ധിച്ച് പരിശോധന നടത്തണം; പരസ്യശുശ്രൂഷയും നോക്കിക്കാണണം; സഹോദരന്മാരും സഹോദരികളും പള്ളികളിൽ ശുശ്രൂഷ നടത്തുന്നത് എപ്രകാരമാണെന്ന് അറിയണം; പാഷണ്ഡരീതികൾ അവരുടെ ശുശ്രൂഷകളിലുണ്ടോ എന്നാരായണം; ചിലപ്പോൾ അജ്ഞത കൊണ്ട് അവർ അവ ആചരിച്ചുവരുന്നതാകാം. വേഗത്തിലും തിടുക്കത്തിലും ചൊല്ലുന്നതിനാൽ അവരുടെ ശുശ്രൂഷകൾ വലിയ ബഹളമാണോ, എല്ലാം വളരെ ക്രമമായും ചിട്ടയായും ചെയ്യുന്നുണ്ടോ എന്നും നോക്കണം. പള്ളിയിലെ നേർച്ചകൾ[63] ഭക്ഷിക്കുമ്പോൾ ശുശ്രൂഷാസമയങ്ങൾ അവർ വിസ്മരിക്കുന്നുണ്ടോ എന്നും നോക്കണം.

ബോധപൂർവം ശുശ്രൂഷ നടത്താൻ അവരോട് കല്പിക്കണം. അധ്യക്ഷന്മാരുടെ അശ്രദ്ധമൂലം സമൂഹത്തിനു മുഴുവൻ ശിക്ഷയുണ്ടാകുമോ എന്നും ആരായണം. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*61. പള്ളികളുടെ വരുമാനത്തെക്കുറിച്ച്:*

പള്ളികളുടെയും ആശ്രമങ്ങളുടെയും വരുമാനം നാട്ടുമ്പുറത്തെ വൈദികരെ ഏല്പിക്കരുത് എന്നതാണ് പൊതുസിനഡിന്റെ ഹിതം.[64] കോറെപ്പിസ്കോപ്പായും ആശ്രമസന്ദർശകനും[65] കൂടി പള്ളികൾക്ക് എന്തു വരുമാനം ഉണ്ടെന്നു നോക്കി അതിന്റെ ചുമതലയ്ക്കു മാനേജർമാരെ[66] നിയമിക്കണം. ഈ മാനേജർമാർ വൈദികർക്കും ഡീക്കന്മാർക്കും സഹോദരന്മാർക്കും അർഹമായതു നൽകണം; ഉചിതമാംവിധം അവർ അപരിചിതരെ സ്വീകരിക്കുകയും വേണം. ബാക്കിയുള്ളതെന്തെങ്കിലുമുണ്ടെങ്കിൽ പള്ളിയുടെ ചെലവുകൾക്കായി ഉപയോഗിക്കണം.

---

63. വാലീതാ.

64. *Ibid.*

65. Periodeutes.

66. റാബൈ ബാതേ

www.malankaralibrary.com



പള്ളികരം കൊള്ളയടിച്ചു നശിപ്പിക്കാൻ പാടില്ല. ശാപം കൂടാതെയാണ് ഇതു നിശ്ചയിച്ചിരിക്കുന്നതു്.

*62. അംഗവൈകല്യമുള്ളവരെയും പാവപ്പെട്ടവരെയും സംരക്ഷിക്കുന്നതിനെപ്പററി:*

ഗ്രാമത്തിൽ വിധവകളും അംഗവൈകല്യമുള്ളവരും ജോലി ചെയ്തു ജീവിക്കാൻ കഴിവില്ലാത്തവരുമായ ആളുകളുണ്ടെങ്കിൽ അവർക്കു പള്ളിയിൽ നിന്നു് ഒരു ചെറിയ തുക[67] കിട്ടത്തക്കവിധം കോറെപ്പിസ്കോപ്പായും മാനേജരും നിർദ്ദേശം നൽകണം. അവർ നമ്മുടെ സഹോദരങ്ങളാകയാൽ അവരെ സംരക്ഷിക്കാനായി അവർക്കു നൽകാൻ ഒരു നിശ്ചിതതുക സമൂഹം മുഴുവനും കൂടി സംഭാവന ചെയ്യണം.

ഈ കാനൻ ശാപം കൂടാതെയുള്ളതാണ്.

*63. രക്തസാക്ഷികളെ ബഹുമാനിക്കുന്നതിനെ സംബന്ധിച്ച്:*

മിശിഹായെ പ്രതി സത്യവിശ്വാസത്തിൻെറ യഥാർത്ഥസാക്ഷികളായി കിരീടം ധരിപ്പിക്കപ്പെട്ടവരുടെ അസ്ഥികരം അത്മായരുടെ ഭവനങ്ങളിൽ സൂക്ഷിക്കാതെ ആശ്രമങ്ങളിലും പള്ളികളിലും സൂക്ഷിക്കണം. ആവശ്യക്കാർക്കു് അവരുടെ അസ്ഥികളുടെ നിക്ഷേപങ്ങളിൽ നിന്നു് സഹായം ഒഴുകാൻ ഇടയാകട്ടെ. ഇതാണ് പൊതുസിനഡിൻെറ ഇംഗിതം.[68]

സമൂഹം മുഴുവൻ വർഷത്തിലൊരിക്കൽ ഉചിതമാം വിധം അവരുടെ അനുസ്മരണ നടത്തണം.

മററു് പരേതരെപ്പോലെ അവരെ പരിഗണിച്ചാൽ പോരാ. അവർ സഭയുടെ കിരീടങ്ങളാകയാലും അവരുടെ അമൂല്യ രക്തം കൊണ്ടു് എല്ലാ രാജ്യങ്ങളിലും ക്രിസ്തുമതത്തിൻെറ ശിരസ്സുയർന്നിരിക്കുന്നതിനാലും പ്രത്യേകമായ ബഹുമാനത്തിനവർ അർഹരാണ്.

വിശുദ്ധരുടെ അസ്ഥികളിൽ സജീവ ദൈവം വസിക്കുന്നു. പുറജാതികളും സഭയിൽനിന്നു വിട്ടുപോയവരുമാകട്ടെ അവയെ അശുദ്ധമെന്നു് കരുതി അവയിൽ നിന്നോടിയകലുന്നു; അവയെ അവമതിക്കുന്നു. ഈ കാര്യത്തിൽ നാം അവരിൽ നിന്നു വ്യത്യസ്തരാണ്.

---

67. ബുർക്സാ (blessing)

68. അബ്ദീശോ, നോമോകാനൻ, 5.12.

www.malankaralibrary.com



നമ്മുടെ പിതാക്കന്മാരായ ശ്ലീഹന്മാരിൽ നിന്നുള്ള ഒരു കാനനായിട്ടാണ് ഞങ്ങളിതു് നടപ്പാക്കുന്നതു്.[69]

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*64. മന്ത്രവാദം, കൂടോത്രം, ചരടും ഏലസ്സും കെട്ടൽ, എന്നിവയെപ്പറ്റി – ഇവ ഉപയോഗിച്ച് രോഗം സൗഖ്യമാക്കാൻ പാടില്ല എന്നതിനെപ്പറ്റി:*

മന്ത്രവാദം, ക്ഷുദ്രപ്രയോഗം, മാന്ത്രികക്കെട്ടുകൾ ഏലസ്സുകൾ, ആഭിചാരങ്ങൾ എന്നിവ ക്രിസ്ത്യാനികളാരും ഉപയോഗിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ ഹിതം.

ഒരാൾ രോഗിയാകുകയും പിശാചിനാൽ പരീക്ഷിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ അവനെ വിശുദ്ധരുടെ അസ്ഥികളുടെ നിക്ഷേപം ഉള്ള പള്ളിയിലേക്കോ ആശ്രമത്തിലേക്കോ കൊണ്ടുവരട്ടെ. അവനു് എണ്ണയും ഹനാനായും[70] നൽകണം; അവനുവേണ്ടി ഒരു പ്രാർത്ഥനയും അർപ്പിക്കണം.

പ്രബോധകരും അദ്ധ്യാപകരുമായവർ സമൂഹം മുഴുവനെയും പഠിപ്പിക്കട്ടെ. ഈ ലോകത്തിന്റെ ഭോഷത്തങ്ങളിലുൾപ്പെട്ടു് പാപം ചെയ്തു് ദൈവഭവനത്തിൽ നിന്നു് അവർ നശിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നു് അവരെ പഠിപ്പിക്കണം.

ഈ കാനോനാകൾ ലംഘിക്കുന്നവനെ പൊതുസിനഡ് മുടക്കുന്നു.

*65. എവിടെയാണ് ക്രമമനുസരിച്ച് ശരിയായി ബലിയർപ്പിക്കാൻ സാധിക്കുന്നത്, ബലി അർപ്പിക്കപ്പെടുന്ന സ്ഥലത്തിനു നൽകേണ്ട ബഹുമാനം എന്നിവയെ സംബന്ധിച്ച്:*

പട്ടണത്തോടടുത്തുള്ള ആശ്രമങ്ങളിലും രക്തസാക്ഷിമണ്ഡപങ്ങളിലും എപ്പോഴും ബലി അർപ്പിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ ഹിതം. എന്നാൽ എപ്പോഴും സ്നാനപ്പെടുത്തുന്നതിനും കുർബാന കൊടുക്കുന്നതിനും അനുവാദമുണ്ടായിരിക്കും.

പെരുന്നാളാഘോഷിക്കാനും ഉചിതമായി ആചരിക്കാനും കാനൻ മുഴുവൻ പൂർണ്ണമാക്കാനും പൂർത്തീകരിക്കാനുമായി പെരുന്നാൾ ദിവ

---

69. അപ്പസ്തോലന്മാരുടെ കാനോനകൾ.
70. ഹനാനാ: എണ്ണ, വെള്ളം, മണ്ണു്, വിശുദ്ധരുടെ തിരുശേഷിപ്പ് എന്നിവ ചേർന്നുള്ള മിശ്രിതം.

www.malankaralibrary.com



സങ്ങളിലും നാല്പതു നോമ്പിലെ ദിവസങ്ങളിലും മാത്രം അവിടെ കുർബാന അർപ്പിക്കാം. അതുപോലെ ഉപവാസാവസരവും അവിടെ അർപ്പിക്കാം. എന്നാൽ അവയുടെ ഉള്ളിൽ നിന്നെടുത്തുകൊള്ളണം; മറെറന്തെങ്കിലും സമയം കൊടുത്തേക്കണം.[71]

എന്നാൽ ഏതെങ്കിലും രക്തസാക്ഷിയുടെയോ ആശ്രമാധ്യക്ഷന്മാരുടെയോ ഓർമ്മ അനുസ്മരിക്കാനുണ്ടെങ്കിൽ ആർച്ചുഡീക്കനിൽ നിന്നു് അനുവാദം വാങ്ങിക്കൊണ്ടുമാത്രം അവർ അപ്രകാരം ചെയ്യട്ടെ.

എന്നാൽ റോമായിലും വലിയ അലക്സാന്ത്രിയായിലും രാജകീയ നഗരമായ കോൺസ്റ്റാൻറിനോപ്പിളിലും, എഫേസോസിലും, സിറിയായിലെ അന്ത്യോക്യയിലും ജറുസലേമിലും, ആ സിംഹാസനങ്ങളോടുള്ള ബഹുമാനാർത്ഥം അവിടെയുള്ള രക്തസാക്ഷി മണ്ഡപങ്ങളിലും ആശ്രമങ്ങളിലും ബലിയർപ്പിക്കാം. അവയോടുകൂടെ അവയിലെ ആശ്രമങ്ങളും ബഹുമാനിക്കപ്പെടണം.

അതുപോലെ സിസിക്കുസ്[72] പട്ടണത്തിൽ ധാരാളം പാഷണ്ഡതകൾ ഉള്ളതു നിമിത്തം അവിടുത്തെ പള്ളികളിലും ആശ്രമങ്ങളിലും ബലിയുണ്ടായിരിക്കണം. മെത്രാൻ അതു തടയാൻ പാടില്ല.

തിബേരിയാസിൽ യഹൂദന്മാരുടെ സാന്നിധ്യം നിമിത്തം, ബലിയർപ്പണം ഉണ്ടായിരിക്കണം, അതിനെ തടയാൻ പാടില്ല.

ബാൽബെക്കിൽ പുറജാതികളുടെ സാന്നിദ്ധ്യം ഇപ്പോഴുമുള്ളതിനാൽ ബലിയർപ്പണം നടത്തണം.

കൈസറിയാ, ബൈശാൻ, സമറിയാ, അവിടുത്തെ മററു് പട്ടണങ്ങൾ എന്നിവിടങ്ങളിൽ ശത്രുമായർ ഉള്ളതിനാൽ ബലിയർപ്പണം തടയരുതു്.

അതുപോലെ പൗരസ്ത്യദേശത്തു് സെലൂഷ്യയിൽ, മാജികളുടെ മതവും വിഗ്രഹാരാധനയുള്ള നഗരങ്ങളും ഉള്ളതിനാൽ ബലിയർപ്പിക്കണം; തടയാൻ പാടില്ല. പാഷണ്ഡികൾ, പുറജാതികൾ, യൂദർ, എന്നിവരുള്ളിടങ്ങളിലെല്ലാം ബലിയർപ്പണം നടത്തണം, തടയാൻ പാടില്ല.

ശാപം കൂടാതെയാണ് ഈ കാനോനാകൾ.

---

71. അർത്ഥം വ്യക്തമല്ല.

72. കോറിന്തു് എന്നു ചിലർ വായിക്കുന്നു.

www.malankaralibrary.com



*66. കോറെപ്പിസ്കോപ്പാ തിരഞ്ഞെടുക്കപ്പെട്ട ആശ്രമത്തിനു നൽകേണ്ട ബഹുമാനം:*

പട്ടണത്തോടടുത്തുള്ള ആശ്രമത്തിലെ യോഗ്യനായ ആശ്രമാദ്ധ്യക്ഷൻ കോറെപ്പിസ്കോപ്പാ ആയിത്തീന്നാൽ ആ ആശ്രമത്തിൽ ബലിയർപ്പണം നടത്തുന്നതു് തടയരുതു്, നിയന്ത്രണങ്ങരം വയ്ക്കാനും പാടില്ല. അദ്ദേഹം നിമിത്തം ആശ്രമവും ബഹുമാനിക്കപ്പെടണം എന്നതാണ് പൊതുസിനഡിൻെറ ഹിതം. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*67. സിനഡിൻെറ അധികാര പരിധികരം:*

പാത്രിയർക്കീസോ മെത്രാപ്പോലീത്തായോ സിനഡ് വിളിച്ചുകൂട്ടി സഭാസംഗതികളോ, പരിശോധിക്കേണ്ട കോടതി നടപടികളോ ചർച്ച ചെയ്യുമ്പോരം പ്രസ്തുത സംഗതി നടന്ന സ്ഥലത്തെ കോറെപ്പിസ്കോപ്പായെയും, ആർച്ചുഡീക്കനെയും കൂടാതെ അതു കൈകാര്യം ചെയ്യാൻ പാടില്ല എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം[73]. സിനഡിൽ ചർച്ച ചെയ്യുന്നവ ഇവരല്ലാതെ മറെറാരു പ്രസ്ബിററും പുറത്തുനിന്നുപോലും കേരംക്കുവാൻ പാടില്ല. ആർച്ചുഡീക്കനും കോറെപ്പിസ്കോപ്പായും സിനഡിൽ പ്രവേശിക്കുമ്പോരം, മെത്രാന്മാരുടെ നടുവിൽ ഇരിപ്പിടം ഇട്ട് അതിൽ സുവിശേഷം വയ്ക്കണം. ആർച്ചുഡീക്കൻ വലത്തും കോറെപ്പിസ്കോപ്പാ ഇടത്തുമായി മെത്രാന്മാരുടെ നടുവിൽ ഇരിക്കണം.

എന്നാൽ പാത്രിയർക്കീസും മെത്രാപ്പോലീത്താമാരും മററ് മെത്രാന്മാരോടുകൂടി സംബന്ധിക്കുന്ന മഹാസിനഡിൽ അവരുടെ ഇടയിൽ ഇരിക്കാൻ ഒരു പ്രെസ്ബിററിനും—കോറെപ്പിസ്കോപ്പായ്ക്കും ആർച്ചുഡീക്കനും – അനുവാദമില്ല എന്നു് സിനഡ് തീരുമാനിച്ചിരിക്കുന്നു.

ഓരോരുത്തനും ക്രമമനുസരിച്ചും മുറ അനുസരിച്ചും അവനവൻെറ ഇരിപ്പിടങ്ങളിൽ ഇരുന്നു കഴിയുമ്പോരം ഒരു മെത്രാൻ എഴുന്നേററ് ഉച്ചത്തിൽ ഇപ്രകാരം പറയണം: ''മെത്രാനല്ലാത്ത ആരെങ്കിലും ഈ സമ്മേളനത്തിൽ ഇരിക്കയാണെങ്കിൽ ദൈവവചനത്താൽ അയാരം ബന്ധിതനാണ്. ജനൽ വഴിയോ വാതിൽ വഴിയോ കേരംക്കാനിടവരുന്നവനും ദൈവവചനത്താൽ ബന്ധിതനായിരിക്കും.''

---

73. *Ibid.* 8.19.

www.malankaralibrary.com



ഈ പ്രഖ്യാപനത്തിനുശേഷം വാതിലടച്ചിട്ട്, എല്ലാവരും എഴുന്നേററ് ഓരോരുത്തരായി ഓരോ പ്രാത്ഥന ചൊല്ലണം. പ്രാത്ഥന കഴിഞ്ഞ് എല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കുന്നു. എന്നിട്ട് വളരെ ഗോപ്യമായും രഹസ്യമായും തങ്ങൾ ഏതു കാര്യത്തിനുവേണ്ടി ഒന്നിച്ചുകൂടിയോ ആ കാര്യം ദൈവഭയമുള്ളവർക്കു ചേന്നവിധം അതേപ്പററി അവർ തീർപ്പുകല്പിക്കാനായി ചച്ച ചെയ്യുന്നു. സ്നേഹപൂർവ്വം പ്രശ്നം കൈകാര്യം ചെയ്യുന്നു. അല്ലെങ്കിൽ ലജ്ജ അവരെ മൂടിക്കളയും.

എന്നാൽ സ്ഥാനത്തുനിന്നു നീക്കൽവഴി തങ്ങളിലാർക്കെങ്കിലും വീഴ്ച സംഭവിച്ചെങ്കിൽ അതേപ്പററി പൂർണ്ണധാരണയിലെത്തിയശേഷം ആ കാര്യം പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*68. മെത്രാന്മാരെ സംബന്ധിച്ച ഒരു നിയമം:*

മെത്രാപ്പോലീത്തായുടെ അനുവാദം കൂടാതെ സാധാരണ എപ്പിസ്കോപ്പാമാർ പാത്രിയർക്കീസിനെ സന്ദർശിക്കാൻ പാടില്ല എന്നതാണ് പൊതുസിനഡിന്റെ ഹിതം.[74] അതുപോലെ പാത്രിയർക്കീസിന്റെ അനുവാദമില്ലാതെ എപ്പിസ്കോപ്പാമാരും മെത്രാപ്പോലീത്താമാരും രാജാവിനെ കാണാൻ പാടില്ല. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശപിക്കുന്നു.

*69. ഒരു മെത്രാന് തന്റെ രൂപതയിൽനിന്ന് എത്രനാൾ അകന്നുനിൽക്കാം എന്നതിനെപ്പററി:*

യാത്രയിലായിരിക്കുന്ന മെത്രാന്മാർ തങ്ങളുടെ രൂപതക്കു പുറത്ത് ആറുമാസത്തേക്കേ ആയിരിക്കാൻ പാടുള്ളു എന്നതാണ് പൊതുസിനഡിന്റെ ഹിതം.[75]

രോഗമോ, ശത്രുക്കളാൽ തടവോ, അതുപോലെയുള്ള മററെന്തെങ്കിലും കാരണമോ കൂടാതെയും പാത്രിയർക്കീസിന്റെ അനുവാദമില്ലാതെയും, ഉയിർപ്പുതിരുനാൾ മനഃപൂർവ്വം രൂപതക്കു പുറത്ത് ആചരിക്കുന്ന മെത്രാനെ പൗരോഹിത്യത്തിൽനിന്നുതന്നെ നീക്കണം. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശാപത്തിൽ ഉൾപ്പെടുത്തുന്നു.

---

74. *Ibid.*

75. *Ibid.* 8.12.

www.malankaralibrary.com



## 70. ശാപങ്ങളെയും മുടക്കുകളെയും സംബന്ധിച്ച്:

ശാപങ്ങളുപയോഗിക്കാൻ വൈദികർക്കവകാശമില്ല എന്നതാണ് പൊതുസിനഡിൻെറ ഹിതം.[76] 'കെട്ടുകളും' ശാപങ്ങളും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ഏതെങ്കിലും തെററു ചെയ്യുന്നയാളെ കുററപ്പെടുത്താൻ വൈദികനാഗ്രഹിക്കുമ്പോൾ ''മുടക്കുകളും'' ''ബന്ധനങ്ങളും'' ഉപയോഗിക്കാം; അവ ഭവനാംഗങ്ങൾക്കാണ്; എന്നാൽ ശാപത്തിൽ ഉൾപ്പെടുത്താൻ പാടില്ല. അവർ തെററു ചെയ്യുമ്പോൾ കുററപ്പെടുത്തി ശിക്ഷിക്കാനെ വൈദികർക്കവകാശമുള്ളു. ശാപത്തിൽ ഉൾപ്പെടുത്തുമ്പോൾ അയാൾ സമൂഹത്തിനു പുറത്താകുന്നു; ഭവനാംഗം അല്ലാതായിത്തീരുന്നു. അതു് ഓരോ വ്യക്തിയും എടുത്തു പ്രയോഗിക്കരുതു്; സമൂഹം മുഴുവൻ കൂടി ചെയ്യേണ്ട കാര്യമാണ്. കാരണം, നമ്മുടെ ഇടയിൽനിന്നു പാഷണ്ഡത നീക്കുന്നതു് അതിനെ ശാപത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. ശാപത്തിലൂടെ, സത്യവിശ്വാസികളെ പാഷണ്ഡരിൽനിന്നു നാം വേർതിരിക്കുന്നു. ശാപത്തിലൂടെയല്ലാതെ, ബന്ധനംവഴിയും മുടക്കുവഴിയും ഈ വേർതിരിവു് സാധ്യമല്ല. അതുകൊണ്ടു് ഭവനാംഗങ്ങൾക്കെതിരായി ശാപത്തിൻെറ വാൾ ഉപയോഗിക്കാതിരിക്കാൻ വൈദികർ വളരെയധികം ശ്രദ്ധിക്കണം; കാരണം ഇതുകൊണ്ടു് മുറിവേററവർ ഭാവിജീവിതത്തിൽ വേർതിരിക്കപ്പെട്ടവരായിരിക്കും.

'ബന്ധനവും' 'മുടക്കും' ഒരു കല്പനയാണ്. കല്പിക്കപ്പെട്ടിരിക്കുന്നതു് അയാൾ ലംഘിക്കാൻ പാടില്ല എന്നതാണ് ബന്ധനത്തിൻെറയും മുടക്കിൻെറയും അർത്ഥം. മറിച്ച് അനുവാദം കിട്ടുന്നതുവരെ അയാൾ ഈ കല്പനയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്നു.

എന്നാൽ ശാപം ഒരു കല്പനയല്ല; ബന്ധനവുമല്ല, പിന്നെയോ, ഒന്നിനെ മറെറാന്നിൽനിന്നു വേർതിരിക്കുന്നതാണ്; മരണവും ജീവനും തമ്മിലും, കൂദാശയും നാശവും തമ്മിലും, സമാധാനവും കലഹവും തമ്മിലുള്ള വേർതിരിവാണ്. ആക്കാർ ഇസ്രായേലിൽനിന്നു വേർതിരിക്കപ്പെട്ടതുപോലെ മരണവും ജീവനും തമ്മിലുള്ള വേർതിരിവെന്നു നാം പറയുന്നു. അവനോടു് ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: ''ഇസ്രായേലേ, നിൻെറ ഇടയിലൊരു ശാപം''! (ജോഷ്വാ 7: 13). ''ഇസ്രായേലേ, നിൻെറ ഇടയിലൊരു വേർതിരിവ്'' എന്നു പറയുന്നതിനു തുല്യമാണിതു്. അപ്പണവും നാശവും: കർത്താവിനു് ജറീക്കോയിലെ സ്വർണ്ണവും വെള്ളിയും വാഗ്ദാനം ചെയ്ത ഈശോ ബർനൂൻെറ ഉദാഹരണംപോലെ, ഇപ്രകാരം എഴുത

76. *Ibid*. 8.22.

www.malankaralibrary.com



പ്പെട്ടിരിക്കുന്നു: ''അവൻ ശാപത്തിൽ നിന്നെടുത്തു മറച്ചുവച്ചു.'' (ജോഷ്വാ 7:11). അതിനർത്ഥം: ദൈവത്തിനു വാഗ്ദാനം ചെയ്ത വേർതിരിവിൽ നിന്നെടുത്ത് ഒളിച്ചുവയ്ക്കുക. വീണ്ടും, അത് സമാധാനവും നാശവും തമ്മിലുള്ള വേർതിരിവാണ്: ഹാഗാറിന്റെ മക്കൾ നാശത്തിന്റെ ശാപം വഹിക്കുന്നതുപോലെ. അതായത്, സമാധാനത്തെ സമീപിക്കാൻ യുദ്ധത്തിൽനിന്നും നാശത്തിൽനിന്നും അവർ തങ്ങളെത്തന്നെ വേർതിരിച്ചു. ഇതും അതുപോലെയുള്ളതുമായ മററ് ഉദാഹരണങ്ങളിൽനിന്ന് ശാപം ഒന്ന് മറെറാന്നിൽനിന്നു വേർതിരിക്കുന്നു എന്നത് വ്യക്തമാണല്ലോ.

അതുകൊണ്ട് വിശ്വാസിയെ സമൂഹത്തിൽനിന്ന് വേർതിരിക്കുന്ന ശാപം ഒരു വൈദികനും ഉപയോഗിക്കുന്നത് നിയമാനുസൃതമല്ല. കാരണം കത്തോലിക്കാസഭയുടെ പൂർണ്ണമായ ഭവനാവകാശത്തിൽനിന്നുള്ള വെട്ടിമുറിക്കലാണ് ശാപം. എന്നാൽ പരാജയപ്പെടുന്നവനെ ദൈവവചനത്താൽ ബന്ധിക്കയും മുടക്കുകയും ചെയ്യാം; എന്നാൽ അവനെ ശാപത്തിനു വിധേയനാക്കരുത്; ദൈവത്തിൽനിന്ന് അന്യനാക്കി അവനെ വെട്ടിയകററാൻ പാടില്ല; പ്രത്യാശയുടെ വെട്ടിമാററൽ ശാപത്തിൽ മാത്രമേയുള്ളൂ. അജ്ഞതയാൽ ഇതുപയോഗിക്കയും ആരെയെങ്കിലും ശാപത്തിൽ ഉൾപ്പെടുത്തുകയും ചെയ്താൽ, പ്രാർത്ഥന വഴി അവനു മോചനം ലഭിക്കും. എന്നാൽ അറിഞ്ഞുകൊണ്ടു പ്രവർത്തിച്ചാൽ, അവനു ശിക്ഷ ലഭിക്കണം. ഇങ്ങനെ ശപിക്കപ്പെട്ടവൻ തന്റെ മേലുള്ള ശാപം അംഗീകരിക്കേണ്ട കാര്യവുമില്ല. ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശാപത്തിൽ ഉൾപ്പെടുത്തുന്നു.

### 71. മുട്ടുകുത്തുന്നതിനെപ്പററി:

ശുശ്രൂഷയ്ക്കിടയ്ക്ക് ഉചിതമായ അവസരങ്ങളിലൊക്കെ മുട്ടുകുത്തണം എന്നതാണ് പൊതുസിനഡിന്റെ ഹിതം.[77] പെന്തിക്കൊസ്തി ഞായറാഴ്ച ഒൻപതാം മണി മുതൽ ദുഃഖവെള്ളിയാഴ്ചയുടെ രാത്രി ശുശ്രൂഷ വരെ,[78]-ഉയിർപ്പിന്റെ തലേ ശനിയാഴ്ച ഉദയംവരെ- ഈ മുട്ടുകുത്തൽ ഉണ്ടായിരിക്കണം.

വിശുദ്ധ സഭ ഞായറാഴ്ചയും പെരുന്നാളുകളിലും സന്തോഷിക്കയും ആനന്ദിക്കയും ചെയ്യുന്നതിനാൽ ആ ദിവസങ്ങളിൽ മുട്ടുകുത്തൽ പാടില്ല. മുട്ടുകുത്തൽ വേദനയുടെയും ദുഃഖത്തിന്റെയും പ്രതീ

---

77. *Ibid.* 5.8.

78. പീഡാനുഭവത്തിന്റെ അറുബ്താ.

www.malankaralibrary.com



കമാണ്. അതുകൊണ്ട് പെരുന്നാരം ദിവസങ്ങളിൽ, പ്രത്യേകിച്ച് നമ്മുടെ രക്ഷകനായ മിശിഹായുടെ ഉത്ഥാനദിവസം നാം മുട്ടുകുത്താതിരിക്കുന്നതു് ഉചിതമാണ്.

ഇവ ലംഘിക്കുന്നവനെ പൊതുസിനഡ് ശാപത്തിൽ ഉരംപ്പെടുത്തുന്നു.

*72. വിശുദ്ധ ഗ്രന്ഥവായനയെപ്പററിയും ഡീക്കനില്ലാതെ പ്രെസ്ബിററർ തനിച്ച് കൂദാശ നടത്തരുത് എന്നതിനെപ്പററിയും:*

ഉടമ്പടിയുടെ പുത്രന്മാരും പുത്രിമാരും വിശ്വാസികളായ സ്ത്രീപുരുഷന്മാരും ഒന്നിച്ചു കൂടുമ്പോരം ഉടൻതന്നെ വിശുദ്ധബലി അപ്പിക്കാൻ പാടില്ല, പിന്നെയോ ആദ്യം വിശുദ്ധ ഗ്രന്ഥവായന ഉണ്ടായിരിക്കണം; അതിനുശേഷം തക്സായിലെ ക്രമമനുസരിച്ച് ലിററർജിക്കൽ ക്രമങ്ങളെല്ലാം അനുഷ്ഠിക്കണം എന്നതാണ് പൊതുസിനഡിൻെറ ഇംഗിതം. അതുപോലെ ഞങ്ങരം മുകളിൽ കാനനിൽ നിശ്ചയിച്ചതുപോലെ ഒരു ഡീക്കനെ കൂടാതെ ബലിപീഠത്തിങ്കൽ നിന്നു് ഒരു വൈദികൻ തന്നെ ബലിയപ്പിക്കാൻ പാടില്ല; ഞങ്ങരം വൈദികരെ ഡീക്കന്മാക്കു് അടിമകളാക്കുകയല്ലിവിടെ. പിന്നെയോ, ശുശ്രൂഷ മാന്യമായി നിർവഹിക്കപ്പെടുന്നതിനു് ബലിപീഠത്തിലെ ശുശ്രൂഷയുടെ ബഹുമാനം ഞങ്ങരം പങ്കുവെയ്ക്കുന്നു എന്നേയുള്ളു. തൻെറ അറിയിപ്പുകരം വഴി ഡീക്കൻ ജനങ്ങളുടെ പ്രബോധകനായിരിക്കും.

എന്നാൽ അനാക്കൊറററിക് മൊണാസ്റ്റിക് രീതികളിൽ ഒന്നിച്ചുകൂടി ശുശ്രൂഷ നടത്തി പരിചയിച്ചിട്ടുള്ളവക്ക് അവശ്യാവശ്യം അവിടെ അൽമായരുണ്ടായിരിക്കയില്ല. ഡീക്കൻെറ അധരങ്ങളിൽ നിന്നു വിശുദ്ധരഹസ്യങ്ങളുടെ ശക്തികളെപ്പററി അവിടെ കേരംക്കുന്ന പതിവില്ലല്ലോ. ഈ സംഗതികളെക്കുറിച്ച് ഞങ്ങരം നിയമം നൽകുന്നില്ല. അവക്കിഷ്ടമുള്ളപോലെ അവർ ആചരിക്കട്ടെ. ശാപം കൂടാതെയാണ് ഈ കാനൻ പാസാക്കിയിരിക്കുന്നതു്.

*73. വി. കുർബാന സംബന്ധിച്ചുള്ള ക്രമീകരണം:*

പള്ളികളിലോ, രക്തസാക്ഷി മണ്ഡപങ്ങളിലോ, ആശ്രമങ്ങളിലോ അനുസ്മരണാ ശുശ്രൂഷ ഉണ്ടായിരിക്കുകയും കൂദാശചെയ്ത വസ്തുക്കരം അവശേഷിക്കുകയും ചെയ്താൽ അടുത്തദിവസം അതു സ്വീകരിച്ചുകൊണ്ട് അതിനെ ബഹുമാനിക്കണം എന്നതാണ് പൊതുസിനഡിൻെറ ഹിതം.

www.malankaralibrary.com



വിവേകമുള്ള വൈദികസ്ഥാനികരം ഇതു സ്വീകരിക്കണം. അതായതു്, കുർബാന സ്വീകരിക്കാത്ത വൈദികരും സഹോദരന്മാരും ബാക്കിവന്ന കുർബാന അവക്കിടയിൽ പങ്കിടണം; ഓരോരുത്തനും അതിൽനിന്നു് ഓരോഭാഗം ക്രമമനുസരിച്ചു് സ്വീകരിക്കണം – വലിയ കഷണമോ ചെറിയ കഷണമോ വരുന്നതുപോലെ. ഒന്നിനുപിറകെ ഒന്നായി രണ്ടാമതൊരു തവണ കുർബാന സ്വീകരിക്കാൻ സിനഡു് അനുവദിക്കുന്നില്ല. എന്നാൽ ശ്രദ്ധക്കുറവുമൂലം എന്തെങ്കിലും തെറ്റുണ്ടാകുകയും ആർക്കെങ്കിലും മനസ്സാക്ഷിയിൽ വിഷമം ഉണ്ടാകുകയും ചെയ്താൽ, അവർ കുർബാന സ്വീകരിച്ചു് അതിനെ ബഹുമാനിക്കട്ടെ. സ്വീകരിക്കാനാളില്ലെങ്കിൽ കിളച്ചിളക്കാനിടയില്ലാത്ത പൂജ്യസ്ഥലത്തു് അതു് കുഴിച്ചിടണം. അതു തീയിൽ കത്തിച്ചുകളയാൻ സിനഡു് അനുവദിക്കുന്നില്ല; കാരണം അതു് ധിക്കാരവും വലിയ പാപവുമാണു്. വിശുദ്ധരുടെ ശരീരത്തെ തീയിൽ ദഹിപ്പിച്ചല്ല പിന്നെയോ ഭൂമിയിൽ സംസ്കരിച്ചാണു് നാം ബഹുമാനിക്കാറുള്ളതു്.

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ മാറുഥായുടെ കാനോനാകൾ

കോട്ടയം
1989